വാഴ്ത്തപ്പെട്ട മദർ മറിയംത്രേസ്യായുടെ വിശുദ്ധപ്രഖ്യാപനത്തോടനുബന്ധിച്ച് ഇരിഞ്ഞാലക്കുട ബിഷപ്പ് ഹൗസിൽ നടത്തപ്പെട്ട മീറ്റിങ്ങിൽ സി.പ്രൊവിൻഷ്യലും കൗൺസിലേഴ്സും പങ്കെടുത്തു. വാഴ്ത്തപ്പെട്ട മദർ മറിയം ത്രേസ്യായുടെ വിശുദ്ധ പ്രഖ്യാപനത്തോടനുബന്ധിച്ച് നവജ്യോതി പ്രോവിൻസിന്റെ കീഴിലുള്ള എല്ലാ കോൺവെന്റുകളിലും 13 മണിക്കൂർ ആരാധന നടത്തി. സെപ്റ്റംബർ 7,8,9 തിയ്യതികളിലായി നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ 50 മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തി. വിവിധ കോൺവെന്റുകളിൽ നിന്നും ധാരാളം സിസ്റ്റേഴ്സ് ആരാധനയിൽ സംബന്ധിച്ചു. നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. മേഴ്സി പോളിന്റെ നാമഹേതുക തിരുന്നാൾ സമുചിതമായി ആഘോഷിച്ചു. വിവിധ കോൺവെന്റുകളിലെ വൊക്കേഷൻ പ്രൊമോട്ടേഴ്സ് ഒന്നിച്ച് പ്രൊവിൻഷ്യൽ ഹൗസിൽ ജാഗരണ പ്രാർത്ഥന നടത്തി. ഇടവകതലത്തിൽ മറിയം ത്രേസ്യ ക്വിസ് മത്സരം നടത്തുന്നതിന്റെ ഭാഗമായി ഒളരി ഇടവകയിലെ ഓരോ യൂണിറ്റിൽ നിന്നും രണ്ടു പേർ വീതം നവജ്യോതി ബി.എഡ് കോളേജിൽ വച്ച് നടത്തപ്പെട്ട മറിയം ത്രേസ്യ ക്വിസ് മത്സരത്തിൽ പങ്കെടുത്തു.

## ആദരാഞ്ജലികൾ



04.09.2019

**എഫ്.സി.സി.** തൃശ്ശൂർ മേരി ഇമ്മാക്കുലേറ്റ് ഭവനാംഗമായ ബ. സി. ഗാസ്പർ നിര്യാതയായി. തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ തൃശ്ശൂർ മേരി ഇമ്മാക്കുലേറ്റ്  മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



29.09.2019

**എഫ്.സി. സി.** തൃശ്ശൂർ മേരി ഇമ്മാക്കുലേറ്റ് ഭവനാംഗമായ സി. വലേരിയ നിര്യാതയായി. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരിയുടെ പ്രധാന കാർമ്മികത്വത്തിൽ തൃശ്ശൂർ മേരി ഇമ്മാക്കുലേറ്റ്  മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



03.10.2019

**സി.എച്ച്.എഫ്** തലോർ നവജ്യോതി ഭവനാംഗമായ സി.മേരി ഇന്നസ്  നിര്യാതയായി. സംസ്ക്കാര കർമ്മം 04.10.2019 ന് അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാന്റെ മുഖ്യകാർമ്മികത്വത്തിൽ തലോർ നവജ്യോതി ഭവനത്തിൽ നടത്തി.

**സി. നമിത റോസ് സി.എം.സി.**
സി. ആർ.ഐ. സെക്രട്ടറി

# പാസ്റ്ററൽ കൗൺസിൽ

## 2019 സെപ്തംബർ 14നു കൂടിയ 17-ാം പാസ്റ്ററൽ കൗൺസിലിന്റെ എട്ടാമത് യോഗറിപ്പോർട്ട്

തൃശ്ശൂർ അതിരൂപത പതിനേഴാം പാസ്റ്ററൽ കൗൺസിലിന്റെ എട്ടാമത് യോഗം ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ 2019 സെപ്തംബർ 14ന് രാവിലെ 10 മുതൽ ഉച്ചക്ക് 1 വരെ കൂടി. ബഹു. സി. ചിന്നമ്മ കുന്നക്കാട്ട് SND നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന്, തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ സ്വാഗതമാശംസിച്ചു. ജോ. സെക്രട്ടറി ഡോ. ഡെയ്സൻ പാണേങ്ങാടൻ അവതരിപ്പിച്ച മുൻസമ്മേളന റിപ്പോർട്ട് യോഗം അംഗീകരിച്ച് അധ്യക്ഷൻ ഒപ്പുവച്ചു.

ജനറൽ സെക്രട്ടറി ഫാ. മാത്യു കുറ്റിക്കോട്ടയിൽ സമ്മേളന നടപടിക്രമങ്ങൾ വിശദീകരിച്ചു. തുടർന്ന് എറണാകുളം അതിരൂപത ഫാമിലി അപ്പസ്തോലേറ്റ് സെന്റർ ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ കല്ലേലി, "അത്മായരും അജപാലനപങ്കാളിത്തവും" എന്ന വിഷയത്തെ ആസ്പദമാക്കി വിഷയാവതരണം നടത്തി. മക്കളെ വിശ്വാസത്തിൽ വളർത്തുകയെന്നത് മാതാപിതാക്കളുടെ ഉത്തരവാദിത്വമാണെന്നും കുടുംബത്തിന്റെ നേതൃസ്ഥാനം വഹിക്കുന്നതിൽ മാതാപിതാക്കൾ വിമുഖത കാണിക്കരുതെന്നും അച്ചൻ ഉദ്ബോധിപ്പിച്ചു. എറണാകുളം അതിരൂപതയിൽ നടപ്പിലാക്കി വരുന്ന Trinity Couple Ministryയെപറ്റിയും ഗ്രേസ് ഫാമിലിയുടെ സവിശേഷതകൾ

സംബന്ധിച്ചും ബഹു. അച്ചൻ വിശദീകരിക്കുകയും അംഗങ്ങളുമായി സംവദിക്കുകയും ചെയ്തു.

പിന്നീട് തൃശ്ശൂർ അതിരൂപത ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടർ റവ. ഫാ. ഡെന്നി താണിക്കൽ മോഡറേറ്ററായി വിഷയാധിഷ്ഠിത ചർച്ച നടന്നു. അജപാലന മേഖല നേരിടുന്ന പ്രതിസന്ധികളെ സംബന്ധിച്ചും അത്മായരുടെ അജപാലന സാധ്യതകൾ സംബന്ധിച്ചും കാഴ്ചപ്പാടുകൾ പങ്കുവെച്ചു. ഫാമിലി അപ്പസ്തോലേറ്റ് നടപ്പിലാക്കുന്ന സീറോ ഡൈവോഴ്സ് പ്രോഗ്രാമിനെ കുറിച്ചും കപ്പിൾ മിനിസ്ട്രിയെ പറ്റിയും ഡെന്നിയച്ചൻ സൂചിപ്പിക്കുകയുണ്ടായി.

ഒക്ടോബർ 13ന് വിശുദ്ധയായി പ്രഖ്യാപിക്കപ്പെടാൻ പോകുന്ന മദർ മറിയം ത്രേസ്യയുടെ നാമകരണത്തോടനുബന്ധിച്ച് തൃശ്ശൂർ അതിരൂപതയിൽ സംഘടിപ്പിക്കുന്ന ആഘോഷത്തിലേക്ക് എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെയും ഹോളി ഫാമിലി സന്യാസിനീസമൂഹത്തിനു വേണ്ടി സുപ്പീരിയർ ജനറൽ റവ. സി. ഉദയ ക്ഷണിച്ചു. ഡിസംബർ 1ന് ലൂർദ്ദ് പള്ളിയിൽ സംഘടിപ്പിച്ചിരിക്കുന്ന പരിപാടികളിൽ ഏവരുടെയും സാന്നിധ്യമുണ്ടാകണമെന്നും മദർ ഓർമ്മിപ്പിച്ചു. തുടർന്ന് വികാരി ജനറൽ മോൺ. തോമസ് കാക്കശ്ശേരി അതിരൂപതയുമായി ബന്ധപ്പെട്ട അറിയിപ്പുകൾ നൽകി. ഓരോ ഇടവകകളിൽ നിന്നുള്ള പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ തെരഞ്ഞെടുപ്പ് നവംബർ 30നകം പൂർത്തിയാക്കണമെന്നും പാക്ടിന്റെ നേതൃത്വത്തിൽ നടക്കുന്ന അജപാലനപദ്ധതി തയ്യാറാക്കാനുള്ള പരിശീലനത്തിൽ ഏവരുടെയും നേതൃത്വമുണ്ടാകണമെന്നും ബഹു. അച്ചൻ പറഞ്ഞു. തുടർന്ന് പാസ്റ്ററൽ കൗൺസിലിന്റെ പഠനവിഷയം, ചർച്ച ചെയ്ത് റിപ്പോർട്ടു സമർപ്പിച്ച പുത്തൂർ ഫൊറോന, സി.സി.ഡബ്ല്യു.ഐ., പാസ്റ്ററൽ കൗൺസിൽ അത്മായ നേതൃത്വം സബ് കമ്മറ്റി എന്നിവരുടെ ക്രോഡീകരിച്ച റിപ്പോർട്ട്, ജോ. സെക്രട്ടറി അവതരിപ്പിച്ചു. റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിച്ച ഈ മൂന്നു സമിതികളെയും അഭിവന്ദ്യപിതാവ് അഭിനന്ദിക്കുകയുണ്ടായി.

പിന്നീടു നടന്ന ശൂന്യവേളയിൽ സഭാസിനഡിൽ പങ്കെടുത്ത് അതിരൂപതയുടെ റിപ്പോർട്ടവതരിപ്പിച്ച വിവരവും പാക്ട് ഉൾപ്പെടെയുള്ള സംവിധാനങ്ങൾക്ക് സിനഡിൽ ലഭിച്ച സ്വീകാര്യതയും സെക്രട്ടറി, ഡോ. മേരി റെജീന പങ്കുവച്ചു. കലാലയങ്ങളിൽ രാഷ്ട്രീയം കൊണ്ടുവരാനുള്ള ശ്രമം, അത്മായ സന്യസ്ത സംഗമത്തിന്റെ ആവശ്യകത, ന്യൂനപക്ഷങ്ങൾക്കായുള്ള പദ്ധതികളിൽ ക്രൈസ്തവർ നേരിടുന്ന വിവേചനം, സിനഡിന്റെ ലിറ്റർജി സംബന്ധിച്ച നിർദ്ദേശങ്ങൾ,

ദീപികയുടെ സർക്കുലേഷൻ, ഫൊറോന കൗൺസിലുകളുടെ പ്രവർത്തനം തുടങ്ങിയ വിവിധ വിഷയങ്ങളിൽ അംഗങ്ങളുടെ ആശങ്ക പ്രകടിപ്പിക്കുകയും വിവിധ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു. അഭിവന്ദ്യ താഴത്ത് പിതാവ് ശൂന്യവേളയ്ക്കുള്ള മറുപടി, അധ്യക്ഷപ്രസംഗത്തോടൊപ്പം നൽകി. തൃശ്ശൂർ യൂണിറ്റിലെ ദീപികയുടെ പ്രവർത്തനങ്ങൾ, തൃശ്ശൂർ അതിരൂപത ഏറ്റെടുക്കുന്ന വിവിരം അഭിവന്ദ്യപിതാവ് അറിയിക്കുകയും അംഗങ്ങളുടെ സഹകരണം തേടുകയും ചെയ്തു. അത്മായന്റെ വിളിയ്ക്കനുസരിച്ച് പ്രവർത്തിക്കാനും സുവിശേഷവത്കരണത്തിൽ ഭാഗഭാക്കാകാനും അഭിവന്ദ്യ പിതാവ് ആഹ്വാനം ചെയ്തു. സാമുദായിക സംഘടനയായ കത്തോലിക്കാ കോൺഗ്രസ്സ് ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങളിൽ പങ്കുകൊള്ളുവാനും ഇടവകകളിലെ അനുരഞ്ജനസമിതികൾ കാര്യക്ഷമമാക്കാനും അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു.

വിവിധ വിഷയങ്ങളെ സംബന്ധിക്കുന്ന പ്രമേയങ്ങൾ പാസ്റ്ററൽ കൗൺസിൽ ഐകൃകണ്ഠേന പാസ്സാക്കി. ന്യൂനപക്ഷക്ഷേമ പദ്ധതികളാലും സ്കോളർഷിപ്പുകളിലും ക്രൈസ്തവർ നേരിടുന്ന വിവേചനത്തിനെതിരെ ശ്രീ. എൻ. പി. ജാക്സൺ അനുവാദകനായ പ്രമേയം ശ്രീ. റോണി അഗസ്റ്റിനും കലാലയ രാഷ്ട്രീയം നിയമ വിധേയമാക്കാനുള്ള സർക്കാർ ശ്രമങ്ങൾക്കെതിരെ ശ്രീ. ജോഷി വടക്കൻ അനുവാദകനായ പ്രമേയം ഡോ. ജോബി തോമസ് കാക്കശ്ശേരിയും സന്യസ്തർക്കും കത്തോലിക്കാ സ്ഥാപനങ്ങൾക്കുമെതിരെ നടക്കുന്ന ആക്രമണങ്ങളിൽ പ്രതിഷേധമറിയിച്ചു കൊണ്ടുള്ള ഡോ. ഡെയ്സൻ പാണേങ്ങാടൻ അനുവാദകനായ പ്രമേയം ശ്രീ. പി. ഐ. ലാസർ മാസ്റ്ററും അവതരിപ്പിച്ചു. പ്രമേയങ്ങളുടെ ഔപചാരികമായ പാസ്സാക്കലിനു ശേഷം പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട കൗൺസിലംഗം ശ്രീ. സി. വി. കുരിയാക്കോസിനെയും കോർപ്പറേഷൻ വിദ്യാഭ്യാസ കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സനായി തെരഞ്ഞെടുക്കപ്പെട്ട കൗൺസിലംഗം ശ്രീമതി കരോളിൻ ജോഷ്വയെയും പാസ്റ്ററൽ കൗൺസിലിനുവേണ്ടി അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് പൂച്ചെണ്ടുകൾ നൽകി അനുമോദിച്ചു.

സെക്രട്ടറി ഡോ. മേരി റെജീന യോഗത്തിന് നന്ദി പറഞ്ഞ് അഭിവന്ദ്യപിതാവിന്റെ സമാപനാശീർവാദത്തോടെ യോഗം സമാപിച്ചു.

**ഫാ. മാത്യു കുറ്റിക്കോട്ടയിൽ**
ജനറൽ സെക്രട്ടറി

# അതിരൂപത അവാർഡ് ദിനവും പാസ്റ്ററൽ കൗൺസിൽ സമാപനയോഗവും

അതിരൂപത അവാർഡ് ദിനവും പാസ്റ്ററൽ കൗൺസിലിന്റെ സമാപനയോഗവും നവംബർ 9ന് ശനിയാഴ്ച, ഉച്ചകഴിഞ്ഞ് 2 മണിക്ക് തൃശ്ശൂർ ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് ക്രമീകരിച്ചിരിക്കുന്നു. വിവിധതലങ്ങളിൽ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള അതിരൂപതാംഗങ്ങളെ തദവസരത്തിൽ പുരസ്കാരങ്ങൾ നൽകി ആദരിക്കുന്നതാണ്. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും ഇതോടൊപ്പം നിർവഹിക്കുന്നതാണ്. എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും പങ്കെടുക്കേണ്ടതാണ്.

**തീയതി : 09.11.2019 ശനി**
**സമയം : ഉച്ചക്ക് 2 മണി**
**സ്ഥലം : ഫാമിലി അപ്പസ്തോലേറ്റ് സെന്റർ**

**"നിന്റെ എല്ലാ പ്രവർത്തികളും ദൈവവിചാരത്തോടെയാകട്ടെ; അവിടുന്ന് നിനക്ക് വഴി തെളിച്ചുതരും."**

*സുഭാ: 3 : 6*



# പാലയൂർ തീർഥകേന്ദ്രം

1. **ഒരു ദിവസം വിശ്വാസത്തിന്റെ തറവാട്ടിൽ വികാരിയോടൊത്ത്**

   എ.ഡി. 52 –ൽ മാർ തോമാ ശ്ലീഹാ ക്രൈസ്തവ വിശ്വാസത്തിന് തുടക്കം കുറിച്ച വിശ്വാസത്തിന്റെ തറവാട്ടിലേക്ക് തീർത്ഥാടകർക്ക് സ്വാഗതം. മാർ തോമാ ശ്ലീഹാ വിശ്വാസ ദീപം തെളിയിച്ച പാലയൂർ തീർത്ഥകേന്ദ്രത്തിൽ ഓരോ ഇടവകയിലേയും വികാരിമാരുടെ നേതൃത്വത്തിൽ പ്രാർത്ഥനാ പൂർവ്വം ചിലവഴിക്കാൻ പ്രത്യേകം ക്ഷണിക്കുന്നു. രാവിലെ 10ന് തുടങ്ങുന്ന പ്രാർത്ഥനായത്നത്തിൽ ജപമാല, കുരിശിന്റെ വഴി, സ്തുതിപ്പ്, ആരാധന, വചന പ്രഘോഷണം, കുമ്പസാരം, വി. ബലി എന്നിവ ഉണ്ടായിരിക്കും. (വരുന്ന തീർത്ഥാടകർക്ക് ഭക്ഷണ സൗകര്യം ഒരുക്കുന്നതായിരിക്കും.)

   **പ്രധാന സ്ഥലങ്ങൾ**

1. മാർതോമാ ശ്ലീഹ വന്നിറങ്ങിയ ബോട്ടുക്കുളം
2. മാർതോമാ ശ്ലീഹ അത്ഭുതം പ്രവർത്തിച്ച തളിയക്കുളം
3. അത്ഭുത കൽകുരിശ്
4. വിശ്വാസ കവാടം
5. മാർതോമാ പാത
6. ഭാരത ക്രൈസ്തവ ചരിത്ര മ്യൂസിയം
7. ജൂതസ്മാരക കപ്പേള
8. ലോകത്തിലെ ഏറ്റവും വലിയ മാർതോമാ ശിൽപം

**ഒരു ദിവസത്തെ തീർത്ഥാടന / ടൂർ പാക്കേജ്**

1. പാലയൂർ അതിരൂപത മാർ തോമാ ശ്ലീഹാ തീർത്ഥകേന്ദ്രം
2. നാലുമണിക്കാറ്റ് (വിനോദ കേന്ദ്രം)
3. ഗുരുവായൂർ ആനക്കോട്ട
4. ചേറ്റുവ അഴിമുഖം
5. ബ്ലാങ്ങാട് ലൈറ്റ് ഹൗസ്
6. അരിയന്നൂർ കുടകല്ലുകളും മുനിയറയും
7. ചാവക്കാട് ബീച്ച്
8. Y-Mall തൃപ്രയാർ (25 കി.മീ. പാലയൂരിൽ നിന്ന്)



**2. മാർതോമാശ്ലീഹായുടെ സപ്തദേവാലയങ്ങളിലേക്ക് തീർത്ഥാടനം**

മാർ തോമാശ്ലീഹായുടെ പാദസ്പർശമേറ്റ 7 പള്ളികളിലേക്ക് പ്രാർത്ഥനാപൂർവ്വം ഒരു തീർത്ഥയാത്ര എല്ലാമാസവും രണ്ടാമത്തെ വെള്ളിയാഴ്ച രാവിലെ 6.30ന് പാലയൂരിൽ നിന്ന് തുടങ്ങി ശനിയാഴ്ച രാത്രി 8.00ന് പാലയൂരിൽ തിരിച്ചെത്തുന്നരീതിയിൽ നടത്തുന്നു. വി. ബലി, വചനപ്രഘോഷണം, സ്തുതിപ്പ്, ജപമാല, മദ്ധ്യസ്ഥ പ്രാർത്ഥന, രോഗശാന്തി ശുശ്രൂഷ എന്നിവ ഈ യാത്രയിൽ ക്രമീകരിച്ചിരിക്കുന്നു. (2 ദിവസം : താമസസൗകര്യം ഉൾപ്പെടെ 1000 രൂപ.)

സീറ്റുകൾ മുൻകൂട്ടി ബുക്ക് ചെയ്യുക. ഫോൺ:04872556978, 9400227044, 9447269995, 9744669652

**3. മാർ തോമ ചൊവ്വാഴ്ച ആചരണം**

ഭാരത ക്രൈസ്തവരുടെ തറവാടായ പാലയൂർ തീർത്ഥകേന്ദ്രത്തിൽ എല്ലാ ചൊവ്വാഴ്ചയും 'മാർ തോമ ചൊവ്വാഴ്ച ആചരണം" നടത്തപ്പെടുന്നു. ബഹു. വർഗ്ഗീസ് കരിപ്പേരിയച്ചന്റെ ആത്മീയ നേതൃത്വത്തിൽ ബഹു. സിന്റോ പൊന്തേക്കനച്ചൻ ചൊവ്വാഴ്ചയിലെ ശുശ്രൂഷകൾ നയിക്കുന്നു. അനേകം ദൈവജനം രാവിലെ 9 മുതൽ ഉച്ചതിരിഞ്ഞ് 3 വരെയുള്ള ഈ ശുശ്രൂഷയിൽ പങ്കെടുക്കുന്നു. കുമ്പസാരത്തിനും കൗൺസിലിംങിനുമുള്ള സൗകര്യം അന്നേദിവസം ഉണ്ടായിരിക്കും. കൗൺസിലിംങ് ആവശ്യമുള്ളവർ മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്. മാർ തോമ ശ്ലീഹാ വഴിയായി നിരവധി അത്ഭുതങ്ങളും അടയാളങ്ങളും ചൊവ്വാഴ്ചയിലെ പ്രാർത്ഥനാശുശ്രൂഷകളിലൂടെ ഈശോ പ്രവർത്തിക്കുന്നു. ഏവർക്കും ഈ പ്രാർത്ഥനാ ശുശ്രൂഷകളിലേക്ക് ഹൃദ്യമായ സ്വാഗതം നേരുന്നു.

**സമയക്രമം**

9.00 ന് മദ്ധ്യസ്ഥ പ്രാർത്ഥന
9.30 ന് ജെറീക്കാ പ്രാർത്ഥന
10.00 ന് ജപമാല
10.30 ന് വചനപ്രഘോഷണം
12.00 ന് ആഘോഷമായ ദിവ്യബലി
01.00 ന് നേർച്ച കഞ്ഞി
01.30 ന് കരുണയുടെ ജപമാല
01.45 ന് സാക്ഷ്യങ്ങൾ
02.00 ന് ദിവ്യകാരുണ്യ ആരാധന
03.00 ന് നൊവേന, തിരുശേഷിപ്പ് വന്ദനം

**4. ഒക്ടോബർ മാസത്തിലെ സന്ദർശകർ**

ഒക്ടോബർ മാസത്തിലും പതിവുപോലെ പാലയൂർ തീർത്ഥകേന്ദ്രത്തിലേക്ക് തൃശ്ശൂർ അതിരൂപതയിലെ പല ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തീർത്ഥാടകർ എത്തിയിരുന്നു. കേരളത്തിലെ പല ഭാഗത്തുനിന്നുള്ളവരും ബാംഗ്ലൂർ, ഡൽഹി, ചെന്നൈ, ബോംബെ, ജാർഖണ്ഡ് എന്നിവിടങ്ങളിൽ നിന്നും ജർമനി, ഇംഗ്ലണ്ട്, ഇറ്റലി, ശ്രീലങ്ക എന്നീ രാജ്യങ്ങളിൽ നിന്നും സന്ദർശകരും തീർത്ഥാടകരുമായവർ എത്തിച്ചേർന്നു.

**ഫാ. വർഗ്ഗീസ് കരിപ്പേരി**
റെക്ടർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ സ്നേഹം നിറഞ്ഞ മക്കളേ,

എല്ലാവർക്കും സുഖം തന്നെയെന്ന് കരുതുന്നു. കഴിഞ്ഞ മാസം ജപമാല ചൊല്ലിയും ഫ്രാൻസീസ് മാർപ്പാപ്പ നമ്മോട് ആഹ്വാനം ചെയ്തതുപോലെ അസാധാരണ മിഷൻ മാസം നന്നായി ആചരിച്ചും ഈശോയോട് കൂടുതൽ അടുക്കുവാൻ നിങ്ങൾക്ക് കഴിഞ്ഞു എന്ന് ഞാൻ വിശ്വസിക്കുന്നു. മറിയം ത്രേസ്യായെ വിശുദ്ധയായി പ്രഖ്യാപിക്കുന്ന ചടങ്ങുകൾ നിങ്ങൾ കണ്ടിരുന്നോ? നമ്മുടെ നാട്ടിൽ ജീവിച്ച് മൺമറഞ്ഞു പോയ ഈ വിശുദ്ധ നമുക്കൊക്കെ ഒരു മാതൃകയാണ്. ഈ നവംബർ മാസം ആരംഭിക്കുന്നതു തന്നെ സകലവിശുദ്ധരുടേയും തിരുനാൾ ആഘോഷിച്ചു കൊണ്ടാണ്. നമുക്കും വിശുദ്ധിയിൽ വളരുവാൻ ആഗ്രഹിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്യാം.


തിരുസഭയുടെ ആരാധനാ ക്രമവത്സരത്തിലെ അവസാനത്തെ കാലഘട്ടമായ പള്ളികൂദാശ കാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. ഈശോയുടെ ജനന മരണ ഉത്ഥാന രഹസ്യങ്ങളുടേയും ശ്ലീഹൻമാരുടെ പ്രവർത്തനങ്ങളുടേയും അനുസ്മരണമായ ആരാധനാ ക്രമവത്സരം അവസാനിക്കുന്നത് രക്ഷകനായ പുത്രൻ സഭയെ വിശുദ്ധീകരിച്ച് (പള്ളിയെ കൂദാശചെയ്ത്) ദൈവപിതാവിന് സമർപ്പിക്കുന്നതിനെ അനുസ്മരിച്ച് കൊണ്ടാണ്. യോഹന്നാന്റെ സുവിശേഷം 14 അദ്ധ്യായം 1 മുതലുള്ള വാക്യങ്ങളിൽ ഈശോ പിതാവിന്റെ ഭവനത്തിലേക്ക് സ്ഥലമൊരുക്കാൻ പോവുകയാണെന്നും പിതാവിന്റെ ഭവനത്തിൽ യേശുവിനോട് കൂടെ ശിഷ്യരും എല്ലാമനുഷ്യരും ആയിരിക്കണമെന്നും പറയുന്നു. മനുഷ്യകുലത്തെ എല്ലാവിധ അടിമത്തത്തിൽ മോചിപ്പിക്കാനായി ഭൂമിയിൽ അവതീർണ്ണനായ രാജാവായ ക്രിസ്തുവിനെ പള്ളികൂദാശാകാലത്തിൽ പ്രത്യേകമായി അനുസ്മരിക്കുന്നു. യേശു

വിന്റെ രാജത്വത്തിരുനാൾ ആഘോഷിക്കുന്ന ഈ മാസത്തിൽ ക്രിസ്തുവിനെ നാഥനും രക്ഷകനും രാജാവുമായി ഏറ്റുപറയുവാനും അങ്ങനെ നമുക്ക് കൈമാറികിട്ടിയ വിശ്വാസം മറ്റുള്ളവർക്കു മുമ്പിൽ പ്രഘോഷിക്കുവാനും നമുക്കോരോരുത്തർക്കും സാധിക്കട്ടെ. അന്നേ ദിവസം "ജയ് ജയ് ക്രിസ്തു രാജൻ" എന്നാർപ്പുവിളികളോടെ ക്രിസ്തുരാജനിലുള്ള നിങ്ങളുടെ വിശ്വാസം റാലികളിലൂടേയും മറ്റും പ്രകടിപ്പിക്കുവാൻ പരിശ്രമിക്കുമല്ലോ?

മരിച്ചവരെ പ്രത്യേകമായി ഓർക്കുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന മാസമാണ് നവംബർ മാസം. നവംബർ 2–ാം തിയ്യതി സകലമരിച്ചവർക്കും വേണ്ടി സെമിത്തേരിയിൽ കുർബാന ചൊല്ലി നാം പ്രാർത്ഥിക്കാറില്ലേ? സഭയുടെ മൂന്ന് തലങ്ങളെ കുറിച്ച് മതബോധന ക്ലാസ്സുകളിൽ നിങ്ങൾ പഠിച്ചിട്ടുണ്ട്. സമരസഭ, സഹനസഭ, വിജയസഭ എന്നിവയാണ് അവ. ഇവ പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നു. വിജയസ എന്ന് പറയുന്നത് സ്വർക്ഷത്തിലുള്ളവരാണ്. അവർ മറ്റുള്ളവർക്കായി ദൈവ പിതാവിന്റെ മുമ്പിൽ മാദ്ധ്യസ്ഥ്യം വഹിക്കുന്നു. സമരസഭ എന്നത് ഭൂമിയിലുള്ള നമ്മളാണ്. എന്നാൽ മരിച്ചതിന് ശേഷം പരിശുദ്ധരായിട്ടുള്ളവർക്കല്ലാതെ ആർക്കും സ്വർക്ഷത്തിൽ പ്രവേശിക്കാൻ സാധ്യമല്ല. സ്വർഗ്ഗത്തിന് അർഹരെങ്കിലും മരിക്കുന്ന സമയത്ത് പൂർണ്ണമായ പരിശുദ്ധി ഇല്ലെങ്കിൽ ശുദ്ധീകരിക്കപ്പെടുന്ന അവസ്ഥയിലൂടെ നാം കടന്ന് പോകണം എന്ന് സഭ പഠിപ്പിക്കുന്നു. അതിനെ പറയുന്ന പേരാണ് ശുദ്ധീകരണ സ്ഥലം. അവിടെയുള്ളവരാണ് സഹനസഭയിലെ അംഗങ്ങൾ. ഒരു വ്യക്തി മരിച്ചതിന് ശേഷം സ്വയമേവ മാനസാന്തരപ്പെടാൻ സാധ്യമല്ല. അതിനാൽ ജീവിച്ചിരിക്കുന്നവരായ നമ്മുടെ പ്രാർത്ഥനകളും പരിഹാരപ്രവർത്തികളും അവരുടെ ശുദ്ധീകരണത്തിന് കാരണമാകും.

സഭയെ വിശുദ്ധീകരിക്കുന്ന പള്ളികൂദാശ കാലഘട്ടത്തിൽ മരിച്ച വിശ്വാസികളെ പ്രത്യേകമായി ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതോടൊപ്പം ഈ ലോകത്തിലായിരിക്കുന്ന നമുക്കും വിശുദ്ധിയിൽ വളരുവാനും സകലവിശുദ്ധരോടുമൊപ്പം സ്വർഗ്ഗഭാഗ്യം അനുഭവിക്കുവാനും അനുഗ്രഹം തരണമേയെന്ന് രാജാധിരാജനായ ഈശോയോട് പ്രാർത്ഥിക്കാം. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

നിങ്ങളുടെ വത്സല പിതാവ്,



**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

താഴെ പറയുന്ന ചോദ്യങ്ങൾ ക്ലാസിൽ ചർച്ച ചെയ്ത്, നിങ്ങളുടെ അഭിപ്രായങ്ങൾ എഴുതിയറിയിക്കുവാൻ താത്പര്യപ്പെടുന്നു.

1) പള്ളികൂദാശാക്കാലം എന്നാൽ എന്ത്?
2) ഈ കാലഘട്ടത്തിൽ ആഘോഷിക്കുന്ന പ്രധാന തിരുനാളുകൾ ഏവ? അവയുടെ പ്രത്യേകതകൾ എന്താണ്?
3) എന്താണ് ശുദ്ധീകരണസ്ഥലം? നാം മരിച്ചവർക്ക് വേണ്ടി പ്രാർത്ഥിക്കണം എന്ന് പറയുന്നത് എന്തുകൊണ്ട്?
4) ഈ വർഷത്തെ രാജത്വത്തിരുനാൾ എങ്ങനെ കൂടുതൽ അർത്ഥവത്തായി ആചരിക്കാം?

## വിശ്വാസപരിശീലന കേന്ദ്ര വാർത്തകൾ

അർദ്ധവാർഷിക പരീക്ഷകളും യൂണിറ്റ് വിസിറ്റുകളും നന്നായി പൂർത്തിയാക്കിയ വിശ്വാസപരിശീലകർക്കും വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങളും നന്ദിയും നേരുന്നു. ഏറെ ത്യാഗവും ഔദാര്യവും കാഴ്ചവയ്ക്കുന്ന വിശ്വാസപരിശീലകരെ ആദരവോടും നന്ദിയോടും കൂടെ പ്രത്യേകമായി ഓർക്കുന്നു. അവരുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയായുടെ തിരുനാളും വിശ്വാസപരിശീലകദിനാചരണവും (നവം 10) അവർക്ക് കൂടുതൽ അനുഗ്രഹം പകരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

തിന്മയുടെ സ്വാധീനങ്ങൾ ചുറ്റിലും പതിന്മടങ്ങ് ശക്തിപ്പെടുമ്പോൾ, ക്രിസ്തുരാജന്റെ കൊടിക്കീഴിൽ നന്മയുടെ സാക്ഷികളായി നമുക്ക് അണിനിരക്കാം. മരണത്തിനപ്പുറമുള്ള സ്വർഗ്ഗീയമഹത്വത്തെ ലക്ഷ്യമാക്കി നമുക്ക് മുന്നേറാം.

**1. വി. ചാൾസ് ബൊറോമിയായുടെ തിരുനാൾ മംഗളങ്ങൾ**

ഈ തിരുനാൾ നവംബർ 10-ാം തിയ്യതി സമുചിതമായി യൂണിറ്റുകളിൽ ആചരിക്കുമല്ലോ. മാതാപിതാക്കളിലും കുട്ടികളിലും വിശ്വാസപരിശീലനത്തിന്റെ മഹത്വവും മധ്യസ്ഥന്റെ മാതൃകയും മനസ്സിലാക്കുവാൻ ഈ അവസരം ഉപയോഗപ്പെടുത്താം.

**2. വിശ്വാസപരിശീലനഅർദ്ധവാർഷിക പുനഃപരീക്ഷ**

**Std. I to XI - നവംബർ 10 ഞായർ 2 PM - 4 PM** (വിശ്വാസപരിശീലന മാർഗ്ഗരേഖ പേജ് നമ്പർ 95, 108 ഖണ്ഡിക 84, 98.4)

**Std. XII & ACC - ഡിസംബർ 1 ഞായർ 2 PM - 4 PM** (വിശ്വാസപരിശീലന മാർഗ്ഗരേഖ പേജ് നമ്പർ 95, 108 ഖണ്ഡിക 84, 98.4)

A) ക്ലാസ്സ് 1 മുതൽ 11 ഉൾപ്പെടെയുള്ള ക്ലാസ്സുകളിൽ അർദ്ധവാർഷിക പരീക്ഷക്ക് പാസ്മാർക്ക് നേടാൻ കഴിയാത്തവർക്കും പരീക്ഷയ്ക്ക് മുടങ്ങിയവർക്കുംവേണ്ടി യൂണിറ്റ് ഡയറക്ടറുടെ ഉത്തരവാദിത്വത്തിൽ പ്രത്യേക പരീക്ഷ (Re-examination) നടത്തേണ്ടതാണ്. ഈ പരീക്ഷയുടെ ചോദ്യപേപ്പറുകൾ യൂണിറ്റു തന്നെയാണ് തയ്യാറാക്കേണ്ടത്. ഈ പരീക്ഷയുടെ മാർക്കുകൾ റാങ്കിനോ, സ്കോളർഷിപ്പിനോ മറ്റു സമ്മാനങ്ങൾക്കോ പരിഗണിക്കുന്നതല്ല.

പുനഃപരീക്ഷയ്ക്കുള്ള വിദ്യാർത്ഥികളുടെ പേര് സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസാന തിയ്യതി നവംബർ 6 ആണ്. പുനഃപരീക്ഷയുടെ മാർക്കുകൾ സോഫ്റ്റ് വെയറിലേക്ക് അപ്‌ലോഡ് ചെയ്യേണ്ട അവസാന തിയ്യതി നവംബർ 24 ആണ്.

B) ക്ലാസ്സ് XII & ACC - അർദ്ധവാർഷിക പരീക്ഷക്ക് പാസ്മാർക്ക് നേടാൻ കഴിയാത്തവർക്കും പരീക്ഷയ്ക്ക് മുടങ്ങിയവർക്കുംവേണ്ടി യൂണിറ്റ് ഡയറക്ടറുടെ ഉത്തരവാദിത്വത്തിൽ പ്രത്യേക പരീക്ഷ (Re-examination) നടത്തേണ്ടതാണ്. അർദ്ധവാർഷിക പുനഃപരീക്ഷ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നു ലഭിക്കുന്ന ചോദ്യപേപ്പർ ഉപയോഗിച്ച് യൂണിറ്റാണ് നടത്തേണ്ടത്.

പുനഃപരീക്ഷയ്ക്കുള്ള വിദ്യാർത്ഥികളുടെ പേര് സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസാന തിയ്യതി നവംബർ 24 ആണ്. പുനഃപരീക്ഷയുടെ മാർക്കുകൾ സോഫ്റ്റ് വെയറിലേക്ക് അപ്‌ലോഡ് ചെയ്യേണ്ട അവസാന തിയ്യതി ഡിസംബർ 8 ആണ്.

**3. സ്കോളർഷിപ്പ് പരീക്ഷയ്ക്ക് ഒരുക്കമായി അർദ്ധവാർഷിക പരീക്ഷയുടെ ഉത്തരക്കടലാസ്സ് പുനഃപരിശോധന** (വിശ്വാസപരിശീലന മാർഗ്ഗരേഖ പേജ് നമ്പർ 97, 98 ഖണ്ഡിക 87)

4 മുതൽ 11 ഉൾപ്പെടെയുള്ള ക്ലാസ്സുകളിൽ അർദ്ധവാർഷിക പരീക്ഷയിൽ 80 ശതമാനമോ (40 ൽ 32 മാർക്ക്) അതിൽക്കൂടുതലോ മാർക്കു വാങ്ങിയ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ്സുകൾ വിദ്യാർത്ഥികളുടെ ലിസ്റ്റ് സഹിതം കവറിലാക്കി, യൂണിറ്റിന്റെ പേരും സീലും വെച്ച്, യൂണിറ്റുകളിൽനിന്ന് വിശ്വാസപരിശീലനകേന്ദ്രത്തിലേക്ക് നവംബർ 6നു മുമ്പായി എത്തിക്കേണ്ടതാണ്. **ഉത്തരകടലാസ്സുകൾ ഏല്പിക്കുന്നതിന് മുമ്പായി അവയുടെ മാർക്കുകൾ സോഫ്റ്റ് വെയറിൽ അപ്‌ലോഡ് ചെയ്തിരിക്കണം. കൂടാതെ സ്കോളർഷിപ്പ് പരീക്ഷക്ക് നിർദ്ദേശിക്കുന്ന വിദ്യാർത്ഥികളുടെ പ്രിലിമിനറി രജിസ്ട്രേഷൻ സോഫ്റ്റ് വെയറിൽ നടത്തിയിരിക്കണം.** ഇത്തരത്തിൽ അപ്‌ലോഡ് ചെയ്യാത്തവരുടെയും, നിശ്ചിത തിയതിക്കുമുമ്പ് ലഭി

ക്കാത്തവരുടെയും ഉത്തരക്കടലാസ്സുകൾ പുനർമൂല്യനിർണ്ണയം ചെയ്യുന്നതിന് സാധിക്കാതെവരുമെന്നതിനാൽ, അവ പരിഗണിക്കപ്പെടുന്നതല്ല.

അർദ്ധവാർഷിക പരീക്ഷയുടെയും വാർഷിക പരീക്ഷയുടെയും ഉത്തരക്കടലാസ്സുകൾ വിശ്വാസപരിശീലനകേന്ദ്രത്തിൽ പുനഃപരിശോധനയ്ക്ക് വിധേയമാകാത്ത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുകയില്ല.

ഉത്തരക്കടലാസ്സുകൾ വിശ്വാസപരിശീലനകേന്ദ്രത്തിൽ പുനഃപരിശോധന ചെയ്ത ശേഷം, അർദ്ധവാർഷിക പരീക്ഷയിലും വാർഷിക പരീക്ഷയിലും കൂടി 90%മോ അതിൽകൂടുതലോ മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കാൻ അർഹതയുള്ളത്.

**4. അർദ്ധവാർഷിക പരീക്ഷയും പ്രോഗ്രസ് റിപ്പോർട്ടും**

ഈ അധ്യയനവർഷത്തെ അർദ്ധവാർഷിക പരീക്ഷ അവസാനിച്ചുവല്ലോ. മാതാപിതാക്കൾക്ക് പ്രോഗ്രസ്സ് റിപ്പോർട്ട് കൊടുക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമായെടുക്കണം. വാർഷിക പ്രോഗ്രാമിൽ പറഞ്ഞ കാര്യങ്ങൾ കൃത്യമായിതന്നെ ചെയ്യുവാൻ പ്രിൻസിപ്പൽ, സെക്രട്ടറി, ക്ലാസ്സ് ടീച്ചർ എന്നിവർ സഹകരിച്ച് പ്രവർത്തിക്കുക.

**5. Std. VII പ്രതിഭാ പരിശീലന ക്യാമ്പ്**

7–ാം ക്ലാസ്സിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പ്രതിഭാപരിശീലനക്യാമ്പ് നവംബർ 10–ന് കാലത്ത് 9.30 മുതൽ ഉച്ചതിരിഞ്ഞ് 4.30 വരെ വിശ്വാസപരിശീലനകേന്ദ്രത്തിൽ വെച്ച് നടത്തുന്നതാണ്. 9.15 ന് കുട്ടികൾ നിർബന്ധമായും എത്തിച്ചേരണം.

**6. മിശിഹായുടെ രാജത്വത്തിരുനാൾ – നവംബർ 24 ഞായർ**

പതാക ഉയർത്തി എല്ലാ യൂണിറ്റുകളിലും ആഘോഷമായ ദിവ്യബലിയോടും ക്രിസ്തുരാജ റാലിയോടും കൂടി ഈ തിരുനാൾ സമുചിതമായി ആഘോഷിക്കുന്നത് യേശു രാജാധിരാജനാണ് എന്നത് കുട്ടികളുടെ മനസ്സിൽ ആഴമായി പതിയുന്നതിന് സഹായകമായിരിക്കും.

**7. മുടങ്ങാതെ വന്ന വിശ്വാസപരിശീലകർക്ക് അവാർഡ്**

10 വർഷത്തിനുമീതെ തുടർച്ചയായി മുടങ്ങാതെ വന്ന വിശ്വാസപരിശീലകരുണ്ടെങ്കിൽ അവരെ 2020 ജനുവരി 26ന് പ്രത്യേകമായി ആദരിക്കുന്നതാണ്. 10, 15, 25 വർഷങ്ങൾ എന്നീ ക്രമത്തിലായിരിക്കും പരിഗണിക്കുന്നത്. തൊട്ടുമുമ്പുള്ള വർഷങ്ങളിൽ മുടങ്ങാതെ വന്നവരെ മാത്രമല്ല, ഇതുവരെയുള്ള വിശ്വാസപരിശീലന

ശുശ്രൂഷയിൽ ഏതെങ്കിലും 10വർഷത്തിനുമേൽ തുടർച്ചയായി ഹാജരുണ്ടായിരുന്ന എല്ലാ വിശ്വാസപരിശീലകരെയും ഉൾപ്പെടുത്തുന്നതാണ്. യോഗ്യരായവരുടെ പേരുകൾ ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തുന്ന കത്തോടുകൂടി വിശ്വാസപരിശീലനകേന്ദ്രത്തിൽ നവംബർ 30 നുള്ളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. മുൻകൂട്ടി രജിസ്റ്റർ ചെയ്യാത്തവരെ പൊതുചടങ്ങിൽ പരിഗണിക്കുന്നതല്ല.

**8. റോളിംഗ് ട്രോഫി**

കഴിഞ്ഞ വർഷം മോഡൽ യൂണിറ്റുകൾക്ക് ലഭിച്ച റോളിംഗ് ട്രോഫികൾ തിരിച്ചേൽപ്പിക്കേണ്ട അവസാന തിയ്യതി നവംബർ 30 ആണ്.

**9. സോഫ്റ്റ് വെയർ ഓപ്പറേറ്റർമാരുടെ മീറ്റിംഗ് – ഡിസംബർ 1 ഞായർ**

വിശ്വാസപരിശീലന സോഫ്റ്റ് വെയറിന്റെ പുതിയ ഓപ്പറേറ്റർമാർക്കും ഇതെക്കുറിച്ചുള്ള സംശയങ്ങൾ തീർക്കുവാനാഗ്രഹിക്കുന്ന ഓപ്പറേറ്റർമാർക്കും വേണ്ടി **ഡിസംബർ 1 ഞായറാഴ്ച** 2.30 PM – 4.30 PM വരെ ഡി. ബി. സി. എൽ. സി. യിൽ പ്രത്യേകമീറ്റിംഗ് ഉണ്ടായിരിക്കും. താല്പര്യമുള്ളവർ പങ്കെടുക്കുക.

പങ്കെടുക്കുന്നവിവരം വിശ്വാസപരിശീലനകേന്ദ്രത്തിൽ മുൻകൂട്ടി അറിയിക്കുക.

**10. ആപ്റ്റിറ്റ്യൂഡ് : പുനഃപരീക്ഷ**

യൂണിറ്റുതലത്തിൽ പരീക്ഷ എഴുതുവാൻ സാധിക്കാത്തവർക്കും വിജയിക്കാനുള്ള മാർക്ക് നേടാത്തവർക്കും 2019 ഡിസംബർ 8 ഞായറാഴ്ച അവരവരുടെ യൂണിറ്റുകളിൽ പുനഃപരീക്ഷ നടത്തുന്നതായിരിക്കും. ചോദ്യപേപ്പർ ഡിസംബർ 4–ാം തിയ്യതി ബുധനാഴ്ച്ച മുതൽ കേന്ദ്രത്തിൽനിന്നും കൊണ്ടുപോകവുന്നതാണ്. സമയം: 3 PM – 4.30 PM

**11. ആപ്റ്റിറ്റ്യൂഡ് അതിരൂപതാതല പരീക്ഷ**

തിയതിയും സമയവും:**2019 ഡിസംബർ 8 ഞായർ**, 2.30 PM - 4.30 PM സ്ഥലം : വിശ്വാസപരിശീലനകേന്ദ്രം, തൃശ്ശൂർ

**അതിരൂപതാതല പരീക്ഷയിൽ പങ്കെടുക്കാവുന്നവർ**

1) ഓരോ യൂണിറ്റിൽനിന്നും ഏറ്റവും കൂടുതൽ മാർക്കുവാങ്ങിയ വ്യക്തി (ഒരാൾമാത്രം)
2) യൂണിറ്റിൽ ഏറ്റവും കൂടുതൽ മാർക്കുവാങ്ങിയ വ്യക്തിക്കുപുറമേ, 88 ശതമാനമോ അതിനുമുകളിലോ മാർക്കുള്ളവരുണ്ടെങ്കിൽ അവർക്കും പങ്കെടുക്കാം.
3). യൂണിറ്റുതല പരീക്ഷയ്ക്കുശേഷം എല്ലാ അധ്യാപകരുടേയും മാർക്കുകൾ നവംബർ 24 നു മുമ്പായി സോഫ്റ്റ് വെയർ വഴി അപ്പ്ലോഡ് ചെയ്യുകയും അതിരൂപതാതല പരീക്ഷക്ക് യോഗ്യരായ

വരെ സോഫ്റ്റ്‌വെയറിൽ സെലക്ട് ചെയ്യേണ്ടതുമാണ്.

4). **അതിരൂപതാതല പരീക്ഷയ്ക്ക് രജിസ്റ്റർചെയ്ത അധ്യാപ കർക്കുള്ള ഹാൾടിക്കറ്റ് സോഫ്റ്റ് വെയർ വഴി പ്രിന്റ് എടുത്ത് അതുമായാണ് അതിരൂപതാതല പരീക്ഷക്ക് വരേണ്ടത്.**

**അതിരൂപതാതല പരീക്ഷയ്ക്കുള്ള അധികപാഠ്യഭാഗം** (Additional Portion):

**വി. യോഹന്നാന്റെ ഒന്നാം ലേഖനം.** അധികപാഠ്യഭാഗത്തെക്കുറിച്ച് അതിരൂപതാതല പരീക്ഷയ്ക്കുള്ള അധ്യാപകരെ നേരത്തെത്തന്നെ അറിയിക്കുമല്ലോ.

**12.യൂണിറ്റ് വിസിറ്റ്**

എല്ലാ യൂണിറ്റുകളിലും യൂണിറ്റ് വിസിറ്റ് പൂർത്തിയാക്കി. അതോടു സഹകരിച്ച എല്ലാവർക്കും നന്ദി. ക്ലേശകരമായ ഈ ദൗത്യം ത്യാഗ പൂർവ്വം നിർവ്വഹിച്ച വിസിറ്റ് അംഗങ്ങളോടും അവരെ ഈ ദൗത്യ ത്തിനായി വിട്ടുതന്ന യൂണിറ്റധികാരികളോടും വിസിറ്റിന് ആവശ്യ മായ ക്രമീകരണങ്ങൾ ചെയ്ത ബഹു. വികാരിമാരോടും പ്രിൻസി പ്പൽമാരോടും സെക്രട്ടറിമാരോടും പ്രത്യേകം നന്ദി അറിയിക്കുന്നു.

**13. അതിരൂപതാ വിശ്വാസപരിശീലന പി. ടി. എ. ഭാരവാഹികൾ**

അതിരൂപതാതല പി.ടി.എ. യുടെ 2018-2021 കാലഘട്ടത്തിലെ ഭാരവാഹികൾ താഴെപ്പറയുന്നവരാണ്.

| Designation | Name | Parish/ Unit | Forane |
|---|---|---|---|
| President | Ceejo Chirakekaran | Kuriachira | Basilica |
| Vice-President | Ouseph B. T. | Parappur | Parappur |
| Vice-President | Jelsa Babu | Varadiam | Kottekad |
| Secretary | Saviour V. P. | Palakkal | Ollur |
| Joint Secretary | Biju P. A. | Puthuruthy | Erumappetty |
| Joint Secretary | Elsy Skariya | Peechi | Pattikad |
| Treasurer | Rinto Manjila | Cathedral | Cathedral |

**14. സ്കൂൾ കാറ്റകിസം & സന്മാർഗ്ഗശാസ്ത്രം വാർഷിക പരീക്ഷാതിയ്യതിയിൽ മാറ്റം**

2-01-2020 ന് നിശ്ചയിച്ചിരുന്ന സ്കൂൾ കാറ്റകിസം & സന്മാർഗ്ഗ ശാസ്ത്രം വാർഷികപരീക്ഷകൾ **3-01-2020 വെള്ളിയാഴ്ചയിലേക്ക്** കെ. സി. ബി. സി. വിദ്യാഭ്യാസ കമ്മീഷൻ മാറ്റിയിരിക്കുന്നു. വിശദവിവരങ്ങൾ സ്കൂളുകളിലേക്ക് അയച്ചിട്ടുണ്ട്.

**15. താഴെപ്പറയുന്ന വിവരങ്ങൾ സോഫ്റ്റ് വെയറിൽ കൃത്യമാക്കി എന്ന് ഉറപ്പുവരുത്തുക**

1. Std. XII Students Registration
2. Staff List & Service Records
3. Half Yearly Examination Mark List of all classes
4. Schoalrship Management ➔ Registration ➔ Preliminary Registration
5. Attendance of all Students of all Classes
6. Aptitude Exam Management ➔ Unit Exam Mark Entry
7. Aptitude Exam Management ➔ Unit Exam Mark Entry ➔ Select Staff

സസ്നേഹം,

**Fr. Tens Kunnappilly**
**Fr. Rijo Vithayathil**
**Fr. Royson Kollannur**
**Fr. Justin Poozhikunnel**
Asst. Directors

**Fr. Raphael Akkamattathil**
Director

**"അവിടുത്തെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലതും നന്മയ്ക്കായി പരിണമിപ്പിക്കുന്നു"**

*റോമ : 8 : 28*

# Institute of THEOLOGY

1. **B.A. in Theology and Religious Studies:**
ഞായറാഴ്ചകളിൽ 2 PM മുതൽ 5 PMവരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 9 : 30AM മുതൽ 5 PMവരെയും ആയിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് Institute of Theology Office- മായി ബന്ധപ്പെടുക.
2. **Correspondence Theology Course:**
കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ നവംബർ 10, നവംബർ 24 എന്നീ ഞായറാഴ്ച്ചകളിൽ 2 PM മുതൽ 5PM വരെയായിരിക്കും.
3. **Basic Theology Course:**
സന്യാസാർത്ഥിനികൾക്കുള്ള മൂന്നുമാസത്തെ ബേസിക് തിയോളജി കോഴ്സ് 2020 ജനുവരി 7 ചൊവ്വാഴ്ച ആരംഭിക്കുന്നു. ഡിസംബർ 15നു മുമ്പായി Registration നടത്തുമല്ലോ. വിശദവിവരങ്ങൾക്ക് ഡി.ബി. സി.എൽ.സി. യിലെ തിയോളജി ഓഫീസുമായി ബന്ധപ്പെടുക.

ആശംസകളോടെ,

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
ഡയറക്ടർ




# മേരിമാത സെമിനാരി

**1. വൈദികരുടെ വാർഷികധ്യാനം**

തൃശ്ശൂർ അതിരൂപതയിലെ വൈദികരുടെ രണ്ടാം ബാച്ച് വാർഷികധ്യാനം 2019 സെപ്തംബർ 22 മുതൽ 27 ഉൾപ്പെടെയുള്ള ദിവസങ്ങളിലായി മേരിമാത മേജർ സെമിനാരിയിൽ വച്ച് നടന്നു. അദിലാബാദ് രൂപതയുടെ മെത്രാനായ മാർ പ്രിൻസ് പാണേങ്ങാടൻ പിതാവാണ് ധ്യാനം നയിച്ചത്.

**2. രണ്ടാം സെമസ്റ്റർ സമാരംഭം**

അവധി കഴിഞ്ഞ് വൈദികവിദ്യാർത്ഥികളെല്ലാവരും ഒക്ടോബർ 11 –ാം തിയ്യതി സെമിനാരിയിൽ തിരിച്ചെത്തി. ഒക്ടോബർ 14 –ാം തിയ്യതി മുതൽ ഔപചാരികമായി ക്ലാസ്സുകൾ ആരംഭിച്ചു.

**3. അഭിനന്ദനങ്ങൾ**

മേരിമാത സ്റ്റാഫിലെ അംഗമായ ബഹു. ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ കോയമ്പത്തൂർ ആസ്ഥാനമായുള്ള ഭാരതിയാർ സർവ്വകലാശാലയിൽ നിന്നും മനഃശാസ്ത്രത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. ***Depression, Stress and Family Environment among Cardiac Patients*** എന്നതാണ് അദ്ദേഹത്തിന്റെ പഠന പ്രബന്ധം. സിജോണച്ചന് മേരിമാത കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

**4. മാസധ്യാനം**

ഒക്ടോബർ 18,19 തിയ്യതികളിലായി നടന്ന മാസധ്യാനത്തിന് ബഹു. സാജൻ പിണ്ടിയാനച്ചൻ നേതൃത്വം നൽകി. പുതിയ സെമസ്റ്റർ ആത്മീയ ചൈതന്യത്തോടെ ആരംഭിക്കാൻ ധ്യാനം ഏറെ സഹായിച്ചു.

**5. ജപമാല മാസാചരണം**

ജപമാലഭക്തിയ്ക്കായി പ്രത്യേകം മാറ്റിവയ്ക്കപ്പെട്ടിരിക്കുന്ന ഒക്ടോബർ മാസത്തിൽ 16 മുതൽ 25 ഉൾപ്പെടെയുള്ള ദിവസ

ങ്ങളിൽ ദിവ്യകാരുണ്യസന്നിധിയിലായിരുന്നുകൊണ്ട് സെമിനാരി കുടുംബം വിവിധ നിയോഗങ്ങൾ സമർപ്പിച്ച് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ജപമാല മാസത്തിന്റെ സമാപനത്തിൽ ജപമാല പ്രദക്ഷിണവും ഉണ്ടായിരുന്നു.

6. **ബേഴ്സ് സ്ഥാപിച്ചവർ**

**Benefactor Membership**

1. ശ്രീമതി ആഗ്നസ് ടി. എൽ., പാല്യേക്കര ഹൗസ്, ചിയ്യാരം.
2. ശ്രീ. ബിജു കെ. എ., കരിമ്പനയ്ക്കൽ ഹൗസ്, തലവണിക്കര, കോനിക്കര.

**Wellwisher Membership**

1. ശ്രീ. സി. ടി. ജോജു, ചിറയത്ത് മഞ്ഞില ഹൗസ്, മുക്കാട്ടുകര.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ




## സെ. മേരീസ് മൈനർ സെമിനാരി

1. **മാസധ്യാനം**

മാസധ്യാനം ഒക്ടോബർ 4, 5 തിയതികളിൽ മൈനർസെമിനാരി വിദ്യാർത്ഥികൾക്കായി ഫാ. സിന്റോ പൊന്തേക്കനും ഡിഗ്രി – റീജൻസി ചെയ്യുന്നവർക്കുമായി ഫാ. റെനാൾഡ് പുലിക്കോടനും ധ്യാന ചിന്തകൾ നല്കി.

2. **അഭിവന്ദ്യ പിതാക്കന്മാരുടെ ദിവ്യബലിയർപ്പണങ്ങൾ**

ഒക്ടോബർ 19, 20 തിയതികളിൽ യഥാക്രമം അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവും അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവും സെമിനാരി കുടുംബത്തോടൊപ്പം ദിവ്യബലിയർപ്പിച്ചു.

3. **മിഷൻ ദിനാചരണം**

ആഗോള മിഷൻദിനാചരണത്തോടനുബന്ധിച്ച് ഒക്ടോബർ 20ന് മിഷൻ ദിനമായി ആചരിച്ചു. അന്നേദിവസം അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവ് ദിവ്യബലി അർപ്പിച്ച് മിഷനറിമാർക്കും മിഷൻപ്ര

വർത്തനങ്ങളുടെ വിജയത്തിനുമായി പ്രത്യേകം പ്രാർത്ഥിച്ചു. രാവിലെയുള്ള ദിവ്യബലിക്കുശേഷം മിഷൻഫെസ്റ്റ് നടത്തി. അന്ന് വൈകീട്ട് ബഹു. പോൾ പേരാമംഗലത്തച്ചൻ പ്രചോദനാത്മകമായ മിഷൻ സന്ദേശം നല്കി മിഷൻ ഫണ്ട് ശേഖരണത്തിനായി സംഘടിപ്പിച്ചിരുന്ന ലേലം ഉദ്ഘാടനം ചെയ്തു.

4. **ഏകദിന ജീവിത മാർഗ്ഗദർശന സെമിനാറുകൾ**

8,9,10 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്കുവേണ്ടി ഏകദിന ജീവിത മാർഗ്ഗദർശന സെമിനാറുകൾ തൃശ്ശൂർ സെ. മേരീസ് മൈനർ സെമിനാരിയിൽ സംഘടിപ്പിക്കുന്നു. 2019 നവംബർ 16, 23, 30 എന്നീ തിയതികളിൽ യഥാക്രമം 8,9,10 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്ക് രാവിലെ 9 മണി മുതൽ ഉച്ചകഴിഞ്ഞ് 4 മണി വരെ സെമിനാറുകൾ നടത്തപ്പെടുന്നു. താത്പര്യമുള്ള കുട്ടികളെ സെമിനാറിൽ പങ്കെടുപ്പിക്കുവാൻ ബഹു. അച്ചന്മാരും മതാധ്യാപകരും ശ്രദ്ധിക്കുമല്ലോ.

5. **ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീമതി റെജീന ജോസഫ്, ചാലിശ്ശേരി ഹൗസ്, മനക്കൊടി.
2. ശ്രീ. എൻ. പി. ജോണി, നീലംകാവിൽ ഹൗസ്, നെഹ്റുനഗർ
3. ശ്രീമതി സന്ധ്യ ജോൺ, നീലംകാവിൽ ഹൗസ്, നെഹ്റുനഗർ
4. ശ്രീ. ജോയ് തലക്കോട്ടൂർ, വൈലത്തൂർ.
5. The Catechism Students, Sacred Heart Church, Erumappetty.
6. ശ്രീമതി മേഗി ജോസ്, തേലപ്പിള്ളി ഹൗസ്, തൃശ്ശൂർ.

**ഫാ. ഡൊമിനിക് തലക്കോടൻ**
റെക്ടർ




# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റൂട്ട്

1. **ശാസ്ത്രീയ പഠനശിബിരം നടന്നു**

ഉയർന്നുവരുന്ന വൈറൽ രോഗങ്ങളെക്കുറിച്ചുള്ള തുടർവിദ്യഭ്യാസ പരിപാടി മൈക്രോബയോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ

ജൂബിലി മിഷൻ ആശുപത്രിയിൽ നടന്നു. ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം ചെയ്തു. പരിപാടിയിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, അസി. ഡയറക്ടർ ഫാ. ടിജോ ജോയ് മുള്ളക്കര എന്നിവർ സംസാരിക്കുകയും ആശങ്ക ഉയർത്തിക്കൊണ്ടിരിക്കുന്ന വൈറൽ രോഗങ്ങളെക്കുറിച്ച് സമൂഹത്തെ ബോധവത്കരിക്കേണ്ടതിന്റെ ഉത്തരവാദിത്വത്തെ ഉദ്ബോധിപ്പിക്കുകയും ചെയ്തു.

നിപ്പാ രോഗത്തിന്റെ വ്യാപനം തടയുന്നതിൽ വിദഗ്ദമായ നേതൃത്വം സർക്കാരിനും ആരോഗ്യമേഖലയ്ക്കും നൽകിയ ഡോ. അനൂപ് കുമാർ എ. എസ്. ഈ പരിപാടിയിൽ ക്ലാസ് എടുത്തു. തുടർന്ന് ഈ മേഖലയിലെ വിദഗ്ധർ ഡോ. ചാന്ദിനി ആർ. (അത്യാഹിതവിഭാഗം മേധാവി, ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട്), ഡോ. കെ.എൽ. ശാരദാദേവി (മൈക്രോബയോളജി വിഭാഗം മേധാവി, ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം), ഡോ. ഷീല മാത്യു (ഇൻഫെക്ഷസ് ഡിസീസ് വിഭാഗം മേധാവി, ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട്) എന്നിവർ ക്ലാസുകൾ എടുത്തു. എം.ഡി. മൈക്രോബയോളജി പരീക്ഷയിൽ (KUHS 2019) ഒന്നാം റാങ്ക് നേടിയ ഡോ. ഗംഗാ രാജു കൃഷ്ണയെ ഉപഹാരം നൽകി അനുമോദിച്ചു. പ്രബംന്ധാവതരണവും പോസ്റ്റർ മത്സരവും ഇതോടൊപ്പം സംഘടിപ്പിച്ചു.

2. **ഇന്റർവെൻഷനൽ റേഡിയോളജി പരിശീലന പരിപാടി**

ജൂബിലി മിഷൻ ആശുപത്രിയിൽ ഇന്റർവെൻഷണൽ റേഡിയോളജിയെക്കുറിച്ച് തുടർവിദ്യഭ്യാസ പരിപാടി നടന്നു. വൈദ്യശാസ്ത്രരംഗത്തെ നൂതന സംവിധാനങ്ങളായ സി.ടി, എം.ആർ.ഐ, അൾട്രാസൗണ്ട് സ്കാൻ, ഫ്ളൂറോസ്കോപ്പി എന്നിവ ഇന്ന് രോഗനിർണയത്തിലെ പ്രധാനഘടകങ്ങളാണ്. ഇവയുടെ പിൻതുടർച്ചയായി വികസിച്ച ശാസ്ത്രശാഖയാണ് ഇന്റർവെൻഷണൽ റേഡിയോളജി. വളരെ കുറഞ്ഞ കാലയളവുകൊണ്ടുതന്നെ വൈദ്യശാസ്ത്രരംഗത്ത് ശ്രദ്ധേയമായ നേട്ടമാണ് ഈ ശാഖ കൈവരിച്ചിരിക്കുത്. കംമ്പ്യൂട്ടർ സഹായത്തോടെ മനുഷ്യശരീരത്തിലെ രോഗഗ്രസ്ഥമായ ഭാഗങ്ങൾ/അവയവങ്ങളുടെ സൂക്ഷ്മമായ ഛായചിത്രങ്ങൾ അപഗ്രഥിച്ച് ശസ്ത്രക്രിയകൾ ഇല്ലാതെ ചികിത്സ നടത്തുവാൻ സാധിക്കും. രോഗിക്ക് വേദനയും ആശുപത്രിവാസവും അനുബന്ധ പ്രയാസങ്ങളും കുറയും എന്നതും ഈ ചികിത്സാരീതിയുടെ നേട്ടങ്ങളാണ്. ഹൃദയം, നെഞ്ച്, തലച്ചോറ്,

ഉദരാവയവങ്ങൾ എന്നിവയുടെ രോഗങ്ങളും ചില കാൻസർ രോഗങ്ങളും ആരംഭത്തിൽ തന്നെ കണ്ടെത്തി ഈ സമ്പ്രദായത്തിലൂടെ ചികിത്സിക്കാൻ സാധിക്കും. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ അത്യാധുനികമായ യന്ത്രസംവിധാനങ്ങളോടെ ഈ നൂതന ചികിൽസാരീതി ആരംഭിച്ചിരിക്കുന്നു. ഈ ശാസ്ത്രമേഖലയിൽ വൈദഗ്ധ്യം നേടിയ ഡോക്ടർമാരുടെ സേവനവും ആശുപത്രിയിൽ ലഭ്യമാണ്. ജില്ലാ മെഡിക്കൽ ഓഫീസിലെ എപ്പിഡമോളജി വിഭാഗം മേധാവി ഡോ. ഉമ മഹേശ്വരി ഉദ്ഘാടനം ചെയ്ത പരിപാടിയിൽ ഡോ. ബാലചന്ദ്രൻനായർ, ഡോ.പ്രസന്നകുമാർ, ഡോ.അനീഷ്, ഡോ.ഹരിസുതൻ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. അസോസിയേറ്റ് ഡയറക്ടർ ഫാ. പോൾ പേരാമംഗലത്ത് അധ്യക്ഷത വഹിച്ചു. സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, പ്രിൻസിപ്പാൾ ഡോ പ്രവീൺലാൽ കുറ്റിച്ചിറ, മെഡിക്കൽ സൂപ്രണ്ട് ഡോ. സി. വി. ആൻഡ്രൂസ്. ന്യൂറോളജി വിഭാഗം മേധാവി ഡോ. പി. സി. ഗിൽവാസ് എന്നിവർ ആശംസകൾ അർപ്പിച്ചു. ഡോ. നിമി മരിയ നന്ദി പറഞ്ഞു.

3. **ലോകഹൃദയാരോഗ്യദിനം ആചരിച്ചു**

ലോകഹൃദയദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ ആശുപത്രിയിൽ ഹൃദയാരോഗ്യം സംരക്ഷിക്കുന്നതിനായി വിവിധ പരിപാടികൾ നടത്തുകയുണ്ടായി. ഈ വർഷത്തെ ലോക ഹൃദയാരോഗ്യദിനത്തിന്റെ ആപ്തവാക്യം 'Be a Heart Hero' Make a promise for my heart, for your heart, for all our hearts. നിങ്ങൾ നിങ്ങളുടേയും, മറ്റുള്ളവരുടേയും ഹൃദയത്തിന്റെ ഹീറോ ആകുവാൻ ഹൃദയസംരക്ഷണം വളരെ അത്യാവശ്യമാണ് എന്നതായിരുന്നു.

പതിനായിരത്തിൽപരം ആളുകൾ പങ്കെടുത്ത നോ യുവർ ബ്ലഡ് പ്രഷർ - എന്ന സൗജന്യ ബി.പി. ചെക്ക്അപ്പ് തൃശ്ശൂർ കെ.എസ്.ആർ.ടി.സി. സ്റ്റാന്റിലും, കോർപ്പറേഷൻ ഓഫീസിലും ജൂബിലി മിഷൻ ആശുപത്രിയുടെ വിവിധ വിഭാഗങ്ങളിലും നടത്തി. തൃശ്ശൂർ ഫയർ ഫോഴ്സ് അക്കാദമിയിലെ 300–ൽ പരം ഫയർമെൻ ട്രെയ്നീസിനായി ജൂബിലി മിഷൻ ആശുപത്രിയിലെ കാർഡിയാക്ക് അനസ്തേഷ്യാ വിഭാഗത്തിലെ ഡോ. ബിനിൽ ഐസക്ക് മാത്യുവിന്റെ നേതൃത്വത്തിലുള്ള വിദഗ്ദ സംഘം ഹൃദയസ്തംഭനം ഉണ്ടായാൽ നടത്തേണ്ട അടിയന്തിര രക്ഷാപ്രവർത്തനത്തെക്കുറിച്ച് (Compression only life support) പരിശീലനം നൽകി. പോഷകാഹാര ത്തിന്റെ പ്രധാന്യം ഉൾകൊണ്ടുകൊണ്ട് ജൂബിലി മിഷൻ

ആശുപത്രിയിലെ വിവിധ വിഭാഗങ്ങളെ പങ്കെടുപ്പിച്ച് ഹെൽത്തി ഹാർ കുക്കിങ്ങ് മത്സരവും നടത്തി. 28–ാം തിയ്യതി നടന്ന സമ്മേളനം പ്രശസ്ത പിന്നണി ഗായകൻ അനൂപ് ശങ്കർ ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അദ്ധ്യക്ഷത വഹിച്ചു.

**4. ന്യൂറോ ഇന്റർവെൻഷനൽ ലാബിന്റെ ഔപചാരിക ഉദ്ഘാടനം നടന്നു**

ജൂബിലി മിഷൻ ആശുപത്രിയുടെ ഹൃദയാലയ വിഭാഗത്തിന്റെ പത്താം വാർഷികവും ഇന്റർവെൻഷനൽ ന്യൂറോളജിയുടേയും ഇന്റർവെൻഷനൽ റേഡിയോളജിയുടേയും ഔപചാരിക ഉദ്ഘാടനവും ബഹു. ആരോഗ്യവകുപ്പ് മന്ത്രി ശ്രീമതി ഷൈലജ ടീച്ചർ നിർവ്വഹിച്ചു. എപ്പിലെപ്സി ക്ലിനിക്കിന്റെ ഉദ്ഘാടനം ബഹു. ലോകസഭ എം.പി. ശ്രീ. ടി.എൻ.പ്രതാപൻ നിർവ്വഹിച്ചു.

1998–ൽ ജൂബിലി മിഷൻ ആശുപത്രിയിൽ ആരംഭിച്ച കാർഡിയോളജി വിഭാഗം 2010–ൽ ഹൃദയസംബന്ധമായ എല്ലാ രോഗങ്ങളും ചികിത്സിക്കുന്ന സൂപ്പർസ്പെഷാലിറ്റിയായി മാറി. ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി എന്നിവയ്ക്ക് പുറമെ പേസ്മേക്കർ, സി.ആർ.ടി., എ.ഐ.സി.ഡി., ഐ.എ.ഡി.പി. തുടങ്ങി എല്ലാ അത്യാധുനിക സേവനങ്ങളും ഇവിടെ ലഭ്യമാണ്. ജൂബിലി ഹൃദയാലയയുടെ പത്താം വാർഷികത്തോടനുബന്ധിച്ച് ക്യാമ്പുകളും പോലീസ് ഫയർഫോഴ്സ് വിഭാഗങ്ങൾക്ക് സൗജന്യ സി.പി.ആർ. പരിശീലനവും സംഘടിപ്പിച്ചു. പത്ത് വർഷത്തിനുള്ളിൽ നാലായിരത്തോളം ശസ്ത്രക്രിയകളും, ഇരുപത്തിനാലായിരത്തോളം കാത്ത്ലാബ് പ്രൊസീജറുകളും വിജയകരമായി പൂർത്തിയാക്കിയ ജൂബിലി ഇന്ന് കാർഡിയോളജിയിൽ ബിരുദാനന്തരബിരുദം നൽകുന്ന ഇന്ത്യയിലെ ചുരുക്കം സ്ഥാപനങ്ങളിൽ ഒന്നാണ്. ബഹു. ആരോഗ്യമന്ത്രി ശ്രീമതി ഷൈലജ ടീച്ചർ കാർഡിയോളജി വിഭാഗത്തിന്റെ പ്രവർത്തനമികവിനെ അഭിനന്ദിക്കുകയും പത്താം വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

തൃശ്ശൂർ ജില്ലയിൽ ആദ്യമായി ആരംഭിക്കുന്ന ന്യൂറോ ഇന്റർവെൻഷനൽ കാത്ത്ലാബിന്റെയും എപ്പിലപ്സി ക്ലിനിക്കിന്റെയും ഔപചാരിക ഉദ്ഘാടനം ജൂബിലി മിഷൻ ആശുപത്രിയിൽ വെച്ച് നിർവ്വഹിക്കപ്പെട്ടു. സ്ട്രോക്ക് മൂലം തലച്ചോറിൽ ഉണ്ടാകുന്ന തടസ്സങ്ങൾ ഓപ്പൺ ചെയ്യുവാനും നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഇന്റർവെൻഷനൽ ന്യൂറോളജിസ്റ്റിന്റെ സേവനം ജൂബിലി മിഷനിൽ ലഭ്യമാണ്.

ജൂബിലിയിലെ ഇന്റർവെൻഷനൽ റേഡിയോളജി ചികിത്സാ സമ്പ്രദായത്തിന്റെ ഉദ്ഘാടനം തൃശ്ശൂർ കോർപ്പറേഷൻ ഡിവിഷണൽ കൗൺസിലർ ജോർജ്ജ് ചാണ്ടി നിർവ്വഹിച്ചു. മോൺ തോമസ് കാക്കശ്ശേരി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജൂബിലി മിഷൻ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് സ്വാഗതം പറയുകയും ചടങ്ങുകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

**5. അഭിനന്ദനങ്ങൾ .. ആശംസകൾ ..**

- ട്രാൻസ്ഫ്യൂഷൻ മെഡിസിനിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. അബൂബക്കർ മുഹമ്മദ് റാഫി ബാംഗ്ലൂരിൽ നട ബ്ലഡ് ബാങ്ക് അക്രഡിറ്റേഷൻ പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കി ഒരു അസ്സസ്സറായി യോഗ്യത നേടി.
- ബാംഗ്ലൂർ നിംഹാൻസിൽ നടന്ന ദേശീയ ആനുവൽ പ്രാക്ടിക്കൽ ന്യൂറോളജി അപ്ഡേറ്റ് 2019 ക്വിസ് മത്സരത്തിൽ ഡോക്ടർമാരായ അലക്സ് ബേബിയും, സാബു ജോർജ്ജ് കെ. യും മൂന്നാം സ്ഥാനം കരസ്ഥമാക്കി.
- എമർജൻസി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. സിജു വി. അബ്രഹാം 2018 വർഷത്തെ Dr. Kelly P O Keefe Academician and Researcher അവാർഡ് നേടി.

**6. ഡയാലിസിസിന് സംഭാവന നൽകിയവർ**

ശ്രീ. ജോയ് ചാണ്ടി, അഞ്ചേരി, തൃശ്ശൂർ (14 ഡയാലിസിസ്)
സെന്റ് മേരീസ് ചർച്ച്, പെരിങ്ങോട്ടുകര, തൃശ്ശൂർ (71 ഡയാലിസിസ്)
സെന്റ് ജോസ്ഫ് കോൺവെന്റ്, ചേറൂർ, തൃശ്ശൂർ (71 ഡയാലിസിസ്)
സെന്റ് മേരീസ് ചർച്ച്, സെന്റ് ജോസഫ്സ് യൂണിറ്റ്, നന്തിപുലം, തൃശ്ശൂർ (28 ഡയാലിസിസ്)
ശ്രീ. ചാക്കോ വെള്ളാനിക്കാരൻ, ജോസ് ആലുക്കാസ് ഗ്ലോറി, മരിയാപുരം, തൃശ്ശൂർ (28 ഡയാലിസിസ്)

**6. അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

ശ്രീ. ജോസഫ്, മണിക്കുറ്റിയിൽ ഹൗസ്, മൈലിപ്പാടം, തൃശ്ശൂർ
ഡോ. രാംകുമാർ, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
ശ്രീ. ദീപക് ആന്റണി, ആളൂക്കാരൻ ഹൗസ്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ

**ഫാ. ഫ്രാൻസീസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ




## ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

1. **പുതിയ ഡയറക്ടർ – അക്കാദമിക് ചാർജ്ജെടുത്തു** : ജീവൻ ടിവിയുടെ ആരംഭകാല മാനേജിംഗ് ഡയറക്ടറും, പാലക്കാട് എൻ. എസ്.എസ്. എഞ്ചിനീയറിംഗ് കോളേജ് മെക്കാനിക്കൽ വിഭാഗം HOD യും, അമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് മുൻ പ്രിൻസിപ്പലുമായിരുന്ന ഫാ. ജോസ് കണ്ണംമ്പുഴ ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ ഡയറക്ടർ – അക്കാദമിക് ആയി ചാർജ്ജെടുത്തു. അവിഭക്ത തൃശൂർ അതിരൂപത അംഗമായിരുന്നു ജോസച്ചൻ.
2. **സ്ററുഡന്റ്സ് അസ്സോസിയേഷൻ** : ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് സ്ററുഡന്റ്സ് അസ്സോസിയേഷന്റെ ഉദ്ഘാടനം NIELIT കോഴിക്കോട് സയന്റിസ്ററ് ഷൗക്കത്ത് സി. നിർവ്വഹിച്ചു. വകുപ്പുമേധാവി ഡോ. ജോസ് പി തേറാട്ടിൽ അദ്ധ്യക്ഷനായിരുന്നു.
3. **ഹരിതജ്യോതി ഉദ്ഘാടനം**: കോളേജിന്റെ നാച്വറ ക്ലബ്ബിന്റെ നേതൃത്വത്തിൽ ഹരിത ജ്യോതിയുടെ ഉദ്ഘാടനം ഹരിതകേരളം മിഷ്യൻ ജില്ലാ കോർഡിനേററർ വി.എസ്. ജയകുമാർ നിർവ്വഹിച്ചു. കവി ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ മുഖ്യ അതിഥിയായിരുന്നു. ഫാ. റോയ് ജോസഫ് വടക്കൻ, ഫാ. ജെയ്സൺ പോൾ മുളേരിക്കൽ, ടി. സുഗന്ധി, നിഥിൻ ജോൺസൺ എന്നിവർ സംസാരിച്ചു.
4. **പ്രീ – മാരിററൽ കൗൺസിലിങ്ങ്** : എം.ടെക് വിദ്യാർത്ഥിനികൾക്ക് പ്രീ – മാരിററൽ കൗൺസിലിങ്ങ് സെമിനാർ നടത്തി. അസിസ്ററന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ ക്ലാസ്സെടുത്തു. നിവ്യ വിത്സൻ നേതൃത്വം നല്കി. വുമൺസ് ഡെവലപ്മെന്റ് സെല്ലാണ് സംഘാടകർ.
5. **എഞ്ചിനീയേഴ്സ് ഡേ ആഘോഷം**: 52– ാമത് എഞ്ചിനീയേഴ്സ് ഡേ ആഘോഷം IE(I) തൃശൂർ ലോക്കൽ സെന്റർ ചെയർമാൻ വി. ജി. ശങ്കരനാരായണൻ ഉദ്ഘാടനം ചെയ്തു. ഡോ. ജോസ് പി. തേറാട്ടിൽ, പൊന്മണി രാജ എന്നിവർ സംസാരിച്ചു.

6. **ഇലക്ട്രിക്കൽ എഞ്ചിനീയിറിംഗ് അസ്സോസിയേഷൻ** : കോളേജിലെ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് അസ്സോസിയേഷൻ ഉദ്ഘാടനം കേരള IEE വൈസ് ചെയർമാൻ നിധിൻ ആർ.എസ്. നിർവ്വഹിച്ചു. ഡോ. ജാറിൻ, ജിതിൻ കെ. ജോസ് എന്നിവർ നേതൃത്വം നല്കി.
7. **കമ്പനി രജിസ്ട്രേഷൻ സെമിനാർ**: പുതിയ സംരംഭകർക്കുള്ള കമ്പനി രജിസ്ട്രേഷനെക്കുറിച്ച് അനിൽ ആന്റണി ക്ലാസ്സെടുത്തു.
8. **കോളേജ് എൻ.എസ്.എസ്**: ജ്യോതി എഞ്ചിനീയറിംഗ് കോളേജ് എൻ.എസ്.എസ്. വളണ്ടിയേഴ്സിന്റെ ഓറിയന്റേഷൻ പ്രോഗ്രാം ന്യൂറോ ലിങ്ങ്വിസ്റ്റിക്ക് ട്രെയിനറും മോട്ടിവേഷണൽ പ്രാസംഗികനുമായ ജയൻ ലോകത്ത് ഉദ്ഘാടനം ചെയ്തു.

**ഫാ. റോയ് വടക്കൻ**
സെക്രട്ടറി & അസി. മാനേജർ

**മോൺ. തോമസ് കാക്കശ്ശേരി**
മാനേജർ



## മഹാജൂബിലി ട്രെയിനിംഗ് കോളേജ്

1. **മഹാജൂബിലി കുടുംബം ചൊവ്വയിലേക്ക്**

നാസയുടെ 'മാർസ് റോവറിന്റെ' പ്രവേശനപാസ് എടുത്ത് മഹാജൂബിലി കുടുംബാംഗങ്ങൾ ഇനി ചൊവ്വയിലേക്ക്. 2020ൽ വിക്ഷേപിക്കുന്ന നാസയുടെ മാർസ് റോവറിൽ യാത്ര ചെയ്യാനാകില്ലെങ്കിലും പ്രവേശന പാസുമായി ചൊവ്വയിലേക്ക് പോകുവാൻ എല്ലാ മഹാജൂബിലി അംഗങ്ങളും സെപ്റ്റംബർ 30 ഓടെ പാസ് ഓൺ ലൈൻ ബുക്ക് ചെയ്തു.

2. **മൂല്യാധിഷ്ഠിത വിദ്യാഭ്യാസ ബോധവൽക്കര ക്ലാസ് സംഘടിപ്പിച്ചു**

നല്ല സമൂഹത്തെ വാർത്തെടുക്കാൻ ഉത്തരവാദിത്വമുള്ള അദ്ധ്യാപകർ മൂല്യങ്ങളെക്കുറിച്ച് ബോധവാന്മാരായിരിക്കണം എന്ന ആശയത്തെ മുൻനിർത്തി കൊണ്ട് ബി.എഡ് വിദ്യാർത്ഥികൾക്കായി ബോധവൽക്കരണക്ലാസ് സംഘടിപ്പിച്ചു. ഒക്ടോബർ 1–ാം തിയ്യതി

ശ്രീ.പത്മനാഭസ്വാമി അവറുകളുടെ നേതൃത്വത്തിലാണ് 'മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തെക്കുറിച്ച്' പ്രസ്തുത ക്ലാസ് നടന്നത്.

**3. GTA ജനറൽ ബോഡി യോഗം സംഘടിപ്പിച്ചു**

മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിൽ 2019–2021 ബി.എഡ് ബാച്ചിന്റെ ജനറൽ ബോഡി യോഗം ഒക്ടോബർ 4–ാം തിയ്യതി സംഘടിപ്പിച്ചു. പ്രസ്തുത യോഗം കോളേജ് മാനേജർ മോൺ. തോമസ് കാക്കശ്ശേരി ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പാൾ ഫാ.ചാക്കോ ചിറമ്മലിന്റെയും അദ്ധ്യാപകരുടേയും നേതൃത്വത്തിൽ യോഗം നടന്നു.

**ഫാ. ബാബു അപ്പാടൻ**
അസി. മാനേജർ

**ഫാ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ



## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്),തൃശൂർ

**1. ഇന്ത്യയിലെ കായിക കലാലയങ്ങളിൽ 1–ാം സ്ഥാനം**

ഒട്ടേറെ കായികതാരങ്ങളെ രാജ്യത്തിന് സംഭാവന ചെയ്ത തൃശൂർ സെന്റ് തോമാസ് കോളേജിനെ ഫിസിക്കൽ എജ്യൂക്കേഷൻ ഓഫ് ഇന്ത്യയുടെ (PEFI) ഈ വർഷത്തെ ഏറ്റവും മികച്ച കായിക കോളേജായി തിരഞ്ഞെടുത്തു. ഇന്ത്യയിലെ 500–ൽ പരം കോളേജുകളെ പിന്തള്ളിയാണ് സെന്റ് തോമാസ് ഈ ചരിത്രനേട്ടം കൈവരിച്ചത്. ഡൽഹിയിൽ വച്ച് നടന്ന അവാർഡ് പുരസ്ക്കാര സദസ്സിൽ 10 മിനിറ്റിൽ കൂടുതൽ ഈ കോളേജിന്റെ പ്രവർത്തനങ്ങളെ സംഘാടകർ അവതരിപ്പിച്ചു. കോളേജ് പ്രിൻസിപ്പാൾ ഡോ. കെ. എൽ ജോയിയും, വകുപ്പ് മേധാവി ഡോ. ടോയ് തോമസും ചേർന്ന് കേന്ദ്രമന്ത്രി ശ്രീമതി സുനിത ഡുകാലിൽ നിന്ന് കോളേജിന്റെ അവാർഡ് ഏറ്റുവാങ്ങി.

**2. സെന്റ് തോമാസ് കോളേജിന്റെ പേരിൽ പുതിയ സസ്യം**

കേരളത്തിലെ പ്രഥമ പ്രൈവറ്റ് കോളേജായ സെന്റ് തോമാസ് കോളേജിന്റെ ബഹുമാനാർത്ഥം ഒരു പുതിയ സസ്യത്തിന് Henckelia

Collegii- Sancti-thomasii എന്ന പേര് ബോട്ടണി ഡിപ്പാർട്ട്മെന്റിലെ ഡോ. സന്ധ്യ വിൻസന്റും, പൂർവ്വവിദ്യാർത്ഥിയായ ഡോ. ആൽഫ്രഡ് ജോയും ചേർന്ന് ഫൈറ്റോടാക്സ് എന്ന അന്താരാഷ്ട്ര ജേർണലിൽ പ്രസിദ്ധീകരിച്ചു. ഈ സ്ഥാപനത്തിന്റെ ബഹുമാനാർത്ഥം ചെടിക്ക് പേരു നൽകുന്നത് ആദ്യമായാണ്. Gesneriaceae എന്ന കുടുംബത്തിൽപ്പെട്ട ഈ ചെടി ഇന്ത്യയുടെ അരുണാചൽപ്രദേശിൽ നിന്നാണ് കണ്ടെത്തിയത്.

3. **സെന്റ് തോമാസിനെ മെന്റർ കോളേജായി UGC തെരഞ്ഞെടുത്തു**

UGC യുടെ ഈ വർഷത്തെ പരാമർശ് സ്ക്കീം പ്രകാരം സെന്റ് തോമാസ് കോളേജിനെ മെന്റർ കോളേജായി തെരഞ്ഞെടുത്തു. NAAC Accreditation ന് പങ്കെടുത്ത 5 കോളേജുകളെ 2.5 എന്ന NAAC Score ലേക്ക് ഉയർത്താൻ വേണ്ട സാഹചര്യം ഒരുക്കുവാൻ കോളേജ് മുൻകൈ എടുക്കുന്നതിന് വ്യക്തി സഹായവും സാമ്പത്തിക സഹായവും നൽകുന്നതാണ് ഈ പദവി.

4. **ഗ്രീൻ ഡെ ആചരിച്ചു**

പരിസ്ഥിതി സൗഹൃദ കോളേജ് എന്ന ആശയാചരണത്തിന്റെ ഭാഗമായി അദ്ധ്യാപകരും വിദ്യാർത്ഥികളും സ്വന്തം വാഹനം ഒരു ദിവസത്തേക്ക് ഉപേക്ഷിച്ച് പൊതുവാഹനങ്ങളിൽ യാത്ര നടത്തി കോളേജിലെത്തി പരിസ്ഥിതി മലിനീകരണം കുറച്ചു. കേരളത്തിൽ പ്രത്യേകിച്ച് തൃശൂർ ജില്ലയിൽ മാത്രം സംരക്ഷിക്കപ്പെടുന്ന വംശനാശഭീഷണിയുള്ള കുളവെട്ടി മരങ്ങൾ തൃശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്ത്, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്, ചേറ്റുപുഴ ഇടവക എന്നിവിടങ്ങളിൽ വച്ചു പിടിപ്പിക്കുന്നതിനുള്ള മഹത്തായ പരിശ്രമം ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ തൃശൂർ സൈബർ സെൽ Circle Inspector ശ്രീ കെ. കെ. സജീവ് ഉദ്ഘാടനം ചെയ്തു. ആമസോൺ കാടുകളുടെ ഡോക്യുമെന്ററിയും, ഹരിതഗൃഹം പദ്ധതിയും അന്നേ ദിവസം ഉദ്ഘാടനം ചെയ്തു.

5. **ഓസോൺ ദിനാചരണം**

ഓസോൺ ദിനാചരണത്തിന്റെ ഭാഗമായി ബോട്ടണി ഡിപ്പാർട്ട്മെന്റിന്റേയും KSCSTE ന്റെയും നേതൃത്വത്തിൽ സെമിനാർ, ഫ്ളാഷ്മോബ്, Power point Inter Collegiate Competition എന്നിവ നടത്തി. UNDP യുടെ പ്രോജക്ട് ഓഫീസർ Dr. രമേശൻ M ഉദ്ഘാടനം ചെയ്തു.

6. **ഗ്രാമീണ സഹവാസ ക്യാമ്പ്**

സെന്റ് തോമാസ് കോളേജ് MSW വിഭാഗവും തൃശൂർ ജില്ല കുടുംബശ്രീ മിഷനും സംയുക്തമായി 5 ദിവസത്തെ സഹവാസ് ക്യാമ്പ് കൊടുങ്ങല്ലൂർ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിൽ നടത്തി.

കുടുംബശ്രീ അംഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക വളർച്ച യെക്കുറിച്ച് സർവ്വേയും, ലഹരിവിരുദ്ധ ബോധവൽക്കരണ ക്യാമ്പും സംഘടിപ്പിച്ചു. സഹവാസക്യാമ്പ് കയ്പമംഗലം MLA ശ്രീ ഇ. പി. ടൈസൺ ഉദ്ഘാടനം ചെയ്തു.

**7. സ്റ്റുഡന്റ്സ് സോളാർ വർക്ക്ഷോപ്പ്**

ഗാന്ധിജിയുടെ 150–ാം ജന്മദിനാഘോഷത്തിന്റെ ഭാഗമായി കോളേജിലെ ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ IIT മുംബൈയുമായി സഹകരിച്ച് സ്റ്റുഡന്റ് സോളാർ വർക്ക്ഷോപ്പ് നടത്തി. വിവിധ വിദ്യാലയങ്ങളിൽ നിന്നായി 100 വിദ്യാർത്ഥികൾ പങ്കെടുത്തു. സോളാർ ലൈറ്റ്, സോളാർ പാനൽ എന്നിവയുടെ പ്രവർത്തനം മനസ്സിലാക്കാൻ നടത്തിയ ഈ പ്രവർത്തനം ഫാ. വർഗ്ഗീസ് കുത്തൂർ ഉദ്ഘാടനവും തൃശൂർ ആകാശവാണി നിലയം ഡയറക്ടർ ശ്രീ. ടി. ടി. പ്രഭാകരൻ മുഖ്യ അതിഥിയുമായിരുന്നു. പ്രിൻസിപ്പാൾ ഡോ. കെ. എൽ ജോയ്, പ്രൊഫ. പി. എം ജോയ്, കെ. ജി. ജയരാജൻ, ഡോ. റ്റി. വി. വിമൽകുമാർ എന്നിവർ സംസാരിച്ചു.

**8. നിർബന്ധിത സാമൂഹ്യ സേവനയജ്ഞം**

കോളേജിലെ ഒന്നാംവർഷ ഡിഗ്രി വിദ്യാർത്ഥികളുടെ കോളേജ് പാഠ്യ പദ്ധതി പ്രകാരം നിർബന്ധിത സാമൂഹ്യ സേവനം കുട്ടികളുടെ ഉത്തരവാദിത്വമാണ്. ഗാന്ധിജിയുടെ 150–ാം ജന്മദിനത്തോടനുബന്ധിച്ച് ഒക്ടോബർ 2–ാം തീയ്യതി പ്രഥമ സാമൂഹ്യ സേവന ദിനമായി കോളേജ് ആചരിച്ചു. കോളേജും പരിസരവും വൃത്തിയാക്കിയും, റോഡരികുകൾ വൃത്തിയാക്കിയും കുട്ടികൾ സാമൂഹ്യ പ്രതിബദ്ധത തെളിയിച്ചു.

**NSS:** കോളേജിലെ NSS യൂണിറ്റിന്റെ നേതൃത്വത്തിൽ ഗാന്ധിജിയുടെ 150–ാം ജന്മദിന ആഘോഷങ്ങളുടെ ഭാഗമായി തൃശൂർ റെയിൽവേ സ്റ്റേഷനിലെ ഫ്ളാറ്റ് ഫോം ശുചീകരണം NSS Coordinator ഡോ. ഡെയ്സ്‌ലാൻഡ് തട്ടിലിന്റെ നേതൃത്വത്തിൽ നടന്നു. 40 NSS വോളണ്ടിയർമാർ പരിപാടിയിൽ പങ്കെടുത്തു.

**NCC:** *സ്വച്ച് ത പക്ട* എന്ന ആശയത്തിന്റെ ഭാഗമായി കോളേജിലെ NCC വിഭാഗം, 23, 24, 7 എന്നീ ബെറ്റാലിയനുകൾ ചേർന്ന് സംഘടിപ്പിച്ച സ്വച്ച്ത പക്ട റാലി തൃശൂർ സ്വരാജ് റൗണ്ടിൽ സംഘടിപ്പിച്ചു. തുടർന്ന് നടന്ന ശുചീകരണ പ്രവർത്തനങ്ങൾ തൃശൂർ M.P ശ്രീ. T.N പ്രതാപൻ ഉദ്ഘാടനം ചെയ്തു. 77 NCC കേഡറ്റുകൾ തൃശൂർ കിഴക്കേക്കോട്ട പരിസരത്തുള്ള റോഡ്സൈഡുകൾ, NCC കെയർടെയ്ക്കറായ Prof. രഞ്ജിത്ത് വർഗ്ഗീസിന്റെ നേതൃത്വത്തിൽ ശുചീകരിച്ചു.

**9. ഡിബേറ്റ് മത്സരത്തിൽ ഒന്നാം സ്ഥാനം**

XIME സംഘടിപ്പിച്ച ആൾ കേരള ഡിബേറ്റ് മത്സരത്തിൽ കോളേജിലെ സ്റ്റെഫിൻ ബേബി (III[rd] Sem) ഹരിത പി. യു. (V[th] Sem ഡബിൾ മെയിൻ) എന്നിവർ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**10. ഇന്നവേഷൻ ഫെസ്റ്റ് – ഉദ്ഭവ് 2019**

കോളേജിൽ സ്റ്റാർട്ടപ്പ് ആന്റ് ഇന്നവേഷൻ സെല്ലിന്റെ (II C) ആഭിമുഖ്യത്തിൽ ആറ് വ്യത്യസ്ത വിഭാഗങ്ങളിൽ മത്സരങ്ങൾ നടത്തി. കൂടുതൽ പോയിന്റ് നേടിയ വിദ്യാർത്ഥികളേയും ഡിപ്പാർട്ട്മെന്റിനേയും ആദരിച്ചു. ഈ വർഷം II C യ്ക്ക് ഡബിൾ ഗോൾഡൻ സ്റ്റാർ പദവി ലഭിച്ചു.

**11. ടൂറോഫെസ്റ്റ്**

സെന്റ് തോമാസ് കോളേജ് കോമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ടൂറോ ഫെസ്റ്റ് നടത്തി. വിനോദ സഞ്ചാരത്തിന്റെ പ്രാധാന്യം വിദ്യാർത്ഥികൾക്കു പകർന്നു നൽകുന്നതിനായി അതിരപ്പിള്ളി വെള്ളച്ചാട്ടം സന്ദർശിച്ച് ലഘുലേഖകൾ വിതരണം ചെയ്യുകയും, ഫ്ളാഷ്മോബ്, നാടൻ പാട്ടുകൾ എന്നിവ വിനോദസഞ്ചാര മേഖലയിൽ അവതരിപ്പിക്കുകയും ചെയ്തു. ടൂറോഫെസ്റ്റ് സാഹിത്യ അക്കാദമി അവാർഡ് ജേതാവ് രാമചന്ദ്രൻ ഉദ്ഘാടനവും, ഫോറസ്റ്റ് റേഞ്ച് ഓഫീസർ ശ്രീ അജിത്ത് കുമാർ ഫ്ളാഗ് ഓഫും ചെയ്തു.

**12. അദ്ധ്യാപക നേട്ടങ്ങൾ**

(1) കാലിക്കറ്റ് യൂണിവേഴ്സിറ്റി രജിസ്ട്രാർ പദവിയിലേക്ക് സെന്റ് തോമാസ് കോളേജിലെ രസതന്ത്ര വിഭാഗം അദ്ധ്യാപകൻ ഡോ. ജോഷി സി. എൽ. നിയമിതനായി. പുതിയ സ്ഥാനലബ്ധിയിൽ കോളേജിന്റെ എല്ലാ ആശംസകളും നേരുന്നു.

(2) ഫിസിക്സ് ഡിപ്പാർട്ട്മെന്റിലെ അദ്ധ്യാപകരായ പ്രൊഫ. ജോ കിഴക്കൂടൻ, പ്രൊഫ. നീസ് പോൾ എന്നിവർ തങ്ങളുടെ ഗവേഷണവുമായി ബന്ധപ്പെട്ട പ്രബന്ധം അവതരിപ്പിക്കാൻ റോമിലേക്ക് വിദേശയാത്ര നടത്തി. പല രാജ്യങ്ങളുടേയും സംയുക്തസംരഭമായ മെറ്റാമെറ്റീരിയൽസ് എന്ന ശാസ്ത്ര ശാഖയുമായി ബന്ധപ്പെട്ട ശാസ്ത്രജ്ഞന്മാരുടെ അന്താരാഷ്ട്ര സംഘടന സംഘടിപ്പിച്ച 13–ാം ഇന്റർ നാഷണൽ കോൺഗ്രസിലാണ് പ്രബന്ധങ്ങൾ അവതരിപ്പിച്ചത്.

(3) ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ ഡോ. ബിജു സി. എസ്. ഇന്തോനേഷ്യയിലെ ജോഗിയ കർത്ത എന്ന സ്ഥലത്തേക്ക്, ജാപ്പാനീസ് ഫിലിം ഡയറക്ടറുടെ സംഭാവനകളെപറ്റി ഗവേഷണം നടത്താനായി വിദേശയാത്ര നടത്തി.

**13. സ്നേഹപ്രളയത്തിന്റെ കൈക്കരുത്തുമായ് കൂടെ**

കഴിഞ്ഞ വർഷത്തെ പ്രളയ ദുരിതാശ്വാസത്തിന് കൈത്താങ്ങ് നൽകി ജില്ലാ ഭരണകൂടത്തിന്റെ പ്രത്യേക അഭിനന്ദനങ്ങളും പുരസ്ക്കാരവും നേടിയ കൂടെ എന്ന സെന്റ് തോമാസിന്റെ സാമൂഹ്യപ്രതിബദ്ധത ഈ വർഷവും മികച്ച പ്രവർത്തനം കാഴ്ചവച്ചു. 19 ദുരിതാശ്വാസ കേന്ദ്രങ്ങളിലേക്ക് വേണ്ടത്ര അവശ്യ സാധനങ്ങൾ എത്തിച്ചു കൊടുത്തും, രണ്ടു ലോറി അവശ്യ സാധനങ്ങൾ നിലമ്പൂർ പ്രളയ ദുരിതാശ്വാസ മേഖലയിൽ വിതരണം ചെയ്തും കോളേജ് വിദ്യാർത്ഥികളും അദ്ധ്യാപകരും, അനദ്ധ്യാപകരും അവസരത്തിനൊത്ത് ഉയർന്നു.

**ഡോ. പി. വി. ആന്റോ**
പി.ആർ.ഒ.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
എക്സി. മാനേജർ

# കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ ............ (2019 നവംബർ)**

| | |
|---|---|
| 1 (വെള്ളി) | – സകല വിശുദ്ധരുടെയും തിരുനാൾ<br>കേരളപ്പിറവി ദിനം<br>ആദ്യവെള്ളി |
| 2 (ശനി) | – സകല മരിച്ചവരുടെയും ഓർമ്മ |
| 7 (വ്യാഴം) | – സി. വി. രാമൻദിനം<br>ദേശീയ ശാസ്ത്രദിനം |
| 14 (വ്യാഴം) | – ശിശുദിനം, നെഹ്റു ജന്മദിനം |
| 19 (ചൊവ്വ) | – പൗരദിനം |
| 24 (ഞായർ) | – എൻ. സി. സി. ദിനം<br>ഈശോയുടെ രാജത്വതിരുനാൾ |
| 30 (ശനി) | – വി. അന്ത്രയോസ് തിരുനാൾ |

**2. ശിശുദിനം**

നവംബർ 14 വ്യാഴാഴ്ച ശിശുദിനമാണ്. എല്ലാ വിദ്യാലയങ്ങളിലും ഈ ദിനം സമുചിതമായി ആഘോഷിക്കുമല്ലോ. എല്ലാ കുഞ്ഞുമക്കൾക്കും ശിശുദിനാശംസകൾ!

**3. നാമഹേതുതിരുനാൾ**

നവംബർ 30 ശനിയാഴ്ച അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ നാമഹേതുതിരുനാൾ ദിനമാണ്. അദ്ധ്യാപകരും അനദ്ധ്യാപകരും വിദ്യാർത്ഥികളും അന്നേദിവസം പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**4. സ്കോളർഷിപ്പ് പരീക്ഷകൾ**

4, 7 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പരീക്ഷകൾ കൃത്യമായും കാര്യക്ഷമമായും നടത്തേണ്ടതാണ്. ഇതിൽ വീഴ്ചകൾ പററാതിരിക്കാൻ ഹെഡ്മാസ്റ്റർമാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
കോർപ്പറേറ്റ് മാനേജർ




**1. Excel Science Genius Exam 6th std to 9th std**

എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ, ജില്ലാ അടിസ്ഥാന ത്തിൽ, എല്ലാവർഷവും നടത്തിവരാറുള്ള Excel Science Genius Exam, ജില്ലയിലെ എല്ലാ സ്ക്കൂളുകളിലും 2019 നവംബർ 7–ാം തിയതി നടത്തും. ആറാം ക്ലാസ് മുതൽ ഒമ്പതാം ക്ലാസ് വരെ യുള്ളവർക്ക് ഈ മത്സരപരീക്ഷയിൽ പങ്കെടുക്കാം. 50 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. ഉന്നതവിജയം കരസ്ഥമാക്കുന്നവർക്ക് കാഷ് അവാർഡുകളും സ്കോളർഷിപ്പുകളും നൽകുന്നു. രജി സ്ട്രേഷൻ അവസാന തിയതി 2019 ഒക്ടോബർ 31–ാം തിയതി. കൂടുതൽ വിവരങ്ങൾക്ക് PH:- 9847276657, 9744941585

**2. Excel Scholarship Exam 10th std**

എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ, ജില്ലാ അടിസ്ഥാന ത്തിൽ, പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി എല്ലാവർഷവും നടത്തിവരാറുള്ള Excel Scholarship Exam, ജില്ലയിലെ എല്ലാ സ്ക്കൂളുകളിലും 2019 നവംബർ 7–ാം തിയതി നടത്തും. പത്താം ക്ലാസിൽ പഠിച്ചുകൊണ്ടിരിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും

ഈ മത്സരപരീക്ഷയിൽ പങ്കെടുക്കാം. 50 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. ഉന്നതവിജയം കരസ്ഥമാക്കുന്നവർക്ക് കാഷ് അവാർഡുകളും, 100% വരെ, ഫീസിൽ സ്കോളർഷിപ്പുകളും നൽകുന്നു. രജിസ്ട്രേഷൻ അവസാന തിയതി 2019 ഒക്ടോബർ 31–ാം തിയതി. കൂടുതൽ വിവരങ്ങൾക്ക് PH:- 9847276657, 9744941585

**3. Excel Junior IAS Exam 6th std to Plus II**

എക്സൽ IAS അക്കാദമിയുടെ നേതൃത്വത്തിൽ അഖിലേന്ത്യാ തലത്തിൽ വർഷംതോറും നടത്തിവരാറുള്ള Excel Junior IAS Exam, 2019 നവംബർ 21ന്, അതാത് സ്കൂളുകളിൽ വെച്ച് നടത്തും. ആറാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ളവർക്ക് ഈ മത്സരപരീക്ഷയിൽ പങ്കെടുക്കാം. 100 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. പരീക്ഷയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷ പഠന സഹായിയായി ഒരു ബുക്ക്ലെറ്റും നൽകുന്നു. രജിസ്ട്രേഷൻ അവസാന തിയതി 2019 നവംബർ 5. കൂടുതൽ വിവരങ്ങൾക്ക് PH:- 9185592400, 9847276657

**4. Excel Scholarship Exam - XIth & XIIth std**

എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ ജില്ലാ അടിസ്ഥാനത്തിൽ, പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്കായി, എക്സൽ സ്കോളർഷിപ്പ് എക്സാം, 2019 ഡിസംബർ 1–ാം തിയതി, തൃശൂർ ബിഷപ്പ് ഹൗസിലെ DBCLC Hall-ൽ വെച്ച് നടത്തും. സമയം 2 മണി മുതൽ 4 മണി വരെ. ഉന്നതവിജയം കരസ്ഥമാക്കുന്നവർക്ക് കാഷ് അവാർഡുകളും, 100% വരെ ഫീസിൽ സ്കോളർഷിപ്പുകളും നൽകുന്നു. 50 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. രജിസ്ട്രേഷൻ അവസാന തിയതി 2019 നവംബർ 20. കൂടുതൽ വിവരങ്ങൾക്ക് PH:- 9847276657, 9744941585

**5. Excel K - TET Class**

എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ K - TET ഏഴാമത്തെ ബാച്ചിന്റെ ക്ലാസുകൾ ബിഷപ്പ് ഹൗസിലെ DBCLC, എക്സൽ അക്കാദമി കാമ്പസിൽ, ഒക്ടോബർ അവസാനം ആരംഭിച്ചു. അഡ്മിഷൻ തുടരുന്നു.

കൂടുതൽ വിവരങ്ങൾക്ക് PH:- 9847276657, 9744941585

**6. എക്സൽ സ്പോൺസർഷിപ്പ് പ്രോഗ്രാം**

സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് പഠിപ്പ് തുടർന്നു കൊണ്ടുപോകാൻ വിഷമിക്കുന്ന, മിടുക്കരായ വിദ്യാർത്ഥികളുടെ പഠനസഹായത്തിനാ

യി, തൃശൂർ അതിരൂപതയുടെ നേതൃത്വത്തിൽ എക്സൽ അക്കാദമി, ഈ വർഷം, ആരംഭിച്ചിട്ടുള്ള എക്സൽ സ്പോൺസർഷിപ്പ് പ്രോഗ്രാം, അതിരൂപതയിലെ ഇടവകവികാരിമാർ, ഇടവക സ്ഥാപനങ്ങൾ, മറ്റു മഹദ് വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവരുടെ ആത്മാർത്ഥമായ സഹകരണംകൊണ്ട് വിജയിച്ചുകൊണ്ടിരിക്കുന്നു. 50,000/–, 25000/– എന്നീ സംഖ്യകൾ സംഭാവനയായി നൽകുന്ന സ്പോൺസർമാർക്ക്, ഒരു വർഷം മൂന്ന് കുട്ടികളെവരെ, എക്സൽ അക്കാദമിയുടെ മെഡിക്കൽ, എഞ്ചിനീയറിങ്ങ് എൻട്രൻസ് കോച്ചിങ്ങ്, സിവിൽ സർവീസ് കോച്ചിങ്ങ്, ഓറിയെന്റേഷൻ, ഫൗണ്ടേഷൻ കോഴ്സുകൾ എന്നിവയിൽ സൗജന്യമായി പഠിപ്പിക്കുന്നതിന് അവസരം ലഭിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്: 9846905210, 9744941585, 9847276657

**ഫാ. ഡേവീസ് തെക്കേക്കര**
ഡയറക്ടർ

# സാന്ത്വനം

**1. ജെസ്പ് II-ആനിമേറ്റേഴ്സ് യോഗം സംഘടിപ്പിച്ചു**

മാർ ജേക്കബ് തൂങ്കുഴി വിദ്യാഭ്യാസ സഹായപദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് യൂണിറ്റ് തലത്തിൽ നേതൃത്വം നല്കുന്ന ആനിമേറ്റേഴ്സിന്റെ ഈ അദ്ധ്യയന വർഷത്തിലെ ആദ്യത്തെ യോഗം സാന്ത്വനം ഓഫീസിൽ വെച്ച് കൂടുകയുണ്ടായി. യോഗത്തിൽ സാന്ത്വനം ഡയറക്ടർ, അസി.ഡയറക്ടർ, പ്രോജക്റ്റ് കോ–ഓർഡിനേറ്റർ, വിവിധ സെന്ററുകളിൽ നിന്നുള്ള ആനിമേറ്റേഴ്സ് തുടങ്ങിയവർ പങ്കെടുത്തു. പ്രോജക്റ്റ് കോ–ഓർഡിനേറ്റർ ശ്രീമതി.രമ്യ റോബിൻ സ്വാഗതം പറയുകയും യോഗത്തിന്റെ ഉദ്ഘാടനകർമ്മം അസി.ഡയറക്ടർ റവ. ഫാ.സിന്റോ തൊറയൻ നിർവഹിക്കുകയും അദ്ധ്യക്ഷ പ്രസംഗം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി നടത്തുകയും ചെയ്തു. ആനിമേറ്റേഴ്സ് യൂണിറ്റ് തല പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് അവതരിപ്പിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. പിന്നീട് കുട്ടികൾക്ക് വിതരണം ചെയ്യേണ്ടതായ ജൂൺ, ജൂലായ്,ആഗസ്റ്റ്

മാസങ്ങളിലെ ട്യൂഷൻ ഫീസ് ഓരോ സെന്ററിന്റെയും ചുമതലയുള്ള ആനിമേറ്റർമാരെ ഏൽപിക്കുകയും ചെയ്തു.

2. **അവലോകനയോഗവും കപ്പാസിറ്റി ബിൽഡിങ്ങും നടത്തി**
സാന്ത്വനം സോഷ്യൽ അപ്പോസ്തോലേറ്റ് സെന്ററിന്റെ പ്രതിമാസ അവലോകനയോഗം സാന്ത്വനം ഹാളിൽവെച്ച് നടത്തപ്പെട്ടു. തുടർന്ന് കപ്പാസിറ്റി ബിൽഡിങ്ങ് പരിശീലനത്തിൻെറ ഭാഗമായി റോഡ് സുരക്ഷ, ട്രാഫിക്ക് നിയമങ്ങൾ എന്നീ വിഷയത്തെകുറിച്ച് ശ്രീ. റൊമാൾഡ് ആന്റണി ക്ലാസ്സ് എടുത്തു. നാം പാലിക്കേണ്ട, പ്രധാനപ്പെട്ട റോഡ് നിയമങ്ങളെകുറിച്ചും,നമ്മുടെ സുരക്ഷക്കായി ചെയേണ്ട മുൻകരുതലകളെകുറിച്ചും ശ്രീ.റൊമാൾഡ് ആന്റണി വിശദീകരിച്ചു. അതിനോടാനബന്ധിച്ച് സ്റ്റാഫ് അംഗങ്ങളുമായി തുറന്ന ചർച്ചയുണ്ടായി. കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട അനുഭവങ്ങൾ സ്റ്റാഫ് അംഗങ്ങൾ പങ്കുവച്ചു. തുടർന്ന് അടുത്ത മാസം നടത്തേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

3. **നവജീവൻ- പൈലറ്റ് സ്റ്റഡി നടത്തി**
ചാഴൂർ പഞ്ചായത്തിലെ 4-ാം വാർഡിൽ, കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ സാന്ത്വനം നടപ്പിലാക്കുന്ന പ്രകൃതി ദുരന്ത നിവാരണ പദ്ധതിയായ നവജീവൻ പദ്ധതിയുടെ ഭാഗമായി പൈലറ്റ് സ്റ്റഡി നടത്തി. 4-ാം വാർഡിലെ അംഗങ്ങളെ ഒരുമിച്ചുകൂട്ടി നവജീവൻ പ്രോജക്ടിന്റെ ആവശ്യകത വിശദീകരിച്ചു. സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, ഫാ.ജോസ് വട്ടക്കുഴി എന്നിവർ സംസാരിച്ചു. പ്രോജക്ട് കോർഡിനേറ്റർ പ്രോജക്ടിന്റെ ഭാഗമായി ചെയ്യണ്ട പ്രവർത്തനങ്ങൾ അവതരിപ്പിച്ചു. തുടർന്ന് 4-ാം വാർഡിന്റെ രൂപരേഖ തയ്യാറാക്കുകയും സോഷ്യൽ മാപ്പിംഗ്, റിസോഴ്സ് മാപ്പിംഗ്, ടൈം ലൈൻ തുടങ്ങിയ രീതികളിലൂടെ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

4. **സേവ് എ ഫാമിലി പ്ലാൻ**
സേവ് എ ഫാമിലി പ്ലാനിന്റെ ഭാഗമായി സെപ്തംബർ മാസം ഉപകാരികൾക്കുളള 200 കത്തുകൾ പൂർത്തിയാക്കുകയും DDMS SAFP Site ൽ സ്കാൻ ചെയ്ത് അപ്ലോഡ് ചെയ്യുകയും ചെയ്തു. കത്തുകളിൽ ഗുണഭോക്തൃ കുടുംബത്തിന്റെ പൊതുവിശേഷങ്ങൾ, മക്കളുടെ പഠനപുരോഗമനം, കലാ കായിക കഴിവുകൾ, സ്വയംതൊഴിലിലൂടെ ലഭിച്ച ലാഭവും, വീട്നിർമ്മാണം, മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് റിവ്യു റിപ്പോർട്ട് അയക്കുകയും ചെയ്തു.

**സേവ് എ ഫാമിലി മുഖേന സഹായം ലഭിച്ച ഇടവകയും സംഖ്യയും താഴെ ചേർക്കുന്നു.**

അടാട്ട് -Rs. -10,000/-, വില്ലടം -Rs.23,000/-,മനക്കൊടി -Rs.10,000/-, മുല്ലശ്ശേരി -Rs.21,000/-, മുണ്ടൂർ-Rs.17,500/-, പട്ടിക്കാട് -Rs.14,000/-, അവണ്ണൂർ -Rs.9,000/-, ചിറ്റിശ്ശേരി -Rs.20,000/-,പള്ളിക്കുന്ന്-Rs.7,000-, ചൊവന്നൂർ-Rs.10,000/-, കണ്ണാറ -Rs.15,000/-,പാലയൂർ-Rs.10,000/-, മുളയം -Rs.9,000/-, ചൂണ്ടൽ -Rs.6,000/-, മണ്ണംപ്പേട്ട-Rs.12,000/-, വലക്കാവ് - Rs.6,000/-.

**5. പുതിയ കുടുംബങ്ങൾക്ക് അക്കൗണ്ട് ഓപ്പൺ ചെയ്തു**

SAFP- FDPഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 4 പുതിയ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നല്കുന്നതിനുവേണ്ടി അക്കൗണ്ട് ഓപ്പൺ ചെയ്തു. മാനദണ്ഡമനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന കുടുംബങ്ങളെ 6 വർഷത്തേയ്ക്ക് എല്ലാ മാസവും സഹായം നല്കുകയും സ്വയം തൊഴിൽ പരിശീലനം നല്കിക്കൊണ്ട് സ്വന്തം കാലിൽ നില്ക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നതാണ് ഈ പദ്ധതി.

**6. സ്നേഹനിധി വാർഷിക പൊതുയോഗം നടന്നു**

കല്ലൂർ ഈസ്റ്റ്, സ്നേഹനിധി വാർഷിക പൊതുയോഗം പാരിഷ്ഹാളിൽ വച്ച് നടന്നു.വികാരി ഫാ.ജോസഫ് അന്തിക്കാട്ട്,അദ്ധ്യക്ഷത വഹിക്കുകയും സാന്ത്വനം ഡയറകടർ ഫാ.തോമസ് പൂപ്പാടി യോഗം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ കണക്കുകളും റിപ്പോർട്ടുകളും വായിച്ചു പാസാക്കുകയും നിർദേശങ്ങൾ നൽകുകയും ചെയ്തു. SSLC പരീക്ഷകൾക്ക് ഉന്നത വിജയംനേടിയ സ്നേഹനിധി അംഗങ്ങളുടെ മക്കൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകുകയും ചെയ്തു.

**7. സ്നേഹനിധി കരുതൽ ക്ഷേമപദ്ധതി**

സ്നേഹനിധി അംഗങ്ങൾക്കുവേണ്ടിയുള്ള കരുതൽ ക്ഷേമ പദ്ധതിയിൽ ഇതുവരെ 348 അംഗങ്ങൾക്കായി 18,46875/- രൂപ കരുതൽ സഹായധനമായി നൽകി. 219 പേർക്ക് വിവാഹസഹായവും 106 പേർക്ക് ചികിത്സസഹായവും 23 മരണാനന്തര സഹായവും നൽകി.

**8. പുതിയ SHG രൂപീകരിച്ചു**

സാന്ത്വനത്തിന്റെ കീഴിൽ പുതിയ ഒരു സ്വയംസഹായ സംഘം രൂപീകരിച്ചു. മുക്കാട്ടുകര കേന്ദ്രീകരിച്ച് പ്രവർത്തനമാരംഭിച്ച സംഘത്തിന് സോണൽ കോർഡിനേറ്ററുടെയും ആനിമേറ്ററുടെയും നേതൃത്വത്തിൽ SHG യുടെ പ്രവർത്തനങ്ങളെകുറിച്ചും SHG യിലൂടെ ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന ഗുണങ്ങളെക്കുറിച്ചും ക്ലാസ്സ് നൽകുകയും ഓരോ SHG യ്ക്കും ഉണ്ടായിരിക്കേണ്ട രേഖകൾ ഏതൊക്കെയാണെന്ന് പരിചയപ്പെടുത്തുകയും ചെയ്തു.

**9. ഗോഡ്സ് ഓൺ ഫാമിലി ഹൗസ് വിസിറ്റ് നടത്തി**

ഗോഡ്സ് ഓൺ ഫാമിലിയുടെ ഗുണഭോക്തൃ കുടുംബങ്ങളിൽ 5 വർഷത്തെ കാലാവധി പൂർത്തിയായ കുടുംബങ്ങളിൽ സന്ദർശനം നടത്തുകയും 5 വർഷം കൊണ്ട് അവർക്കുണ്ടായ പുരോഗതി വില യിരുത്തുകയും ചെയ്തു. ഗോഡ്സ് ഓൺ ഫാമിലിയുടെ കോർഡി നേറ്റർ ശ്രീമതി. രമ്യ റോബിനും ആനിമേറ്റഴേസും കൂടിയാണ് പൊന്നുക്കര, മുല്ലശ്ശേരി, അരിമ്പൂർ, പൊങ്ങണംക്കാട്, വില്ലടം, കണ്ട ശ്ശാംക്കടവ് എന്നീ ഇടവകളിലെ വീടുകളിൽ സന്ദർശനം നടത്തിയ ത്. കൂടാതെ ഇവരുടെ ബേസ് ലൈൻ ഡാറ്റ ശേഖരിക്കുകയും ക്ഷേമാന്വേഷണങ്ങൾ നടത്തുകയും ചെയ്തു.

**ഗോഡ്സ് ഓൺ ഫാമിലി മുഖേന സഹായം ലഭിച്ച ഇടവകയും സംഖ്യയും താഴെ ചേർക്കുന്നു.**

ചിറ്റിശ്ശേരി-Rs.5,000/-,പുലാക്കോട്-Rs.8,000/,പടവരാട്-Rs.5,000/-, അടാട്ട്- Rs.3,612/-.

**10. സ്നേഹനിധി ഭാരവാഹികളുടെ അതിരൂപതാതല യോഗം**

സാന്ത്വനം സോഷ്യൽ അപ്പോസ്തലേറ്റിന്റെ കീഴിൽ പ്രവർത്തി ക്കുന്ന വനിതാ പ്രസ്ഥാനമായ സ്നേഹനിധി ഭാരവാഹികളുടെ യോഗം അതിരൂപതാതലത്തിൽ സംഘടിപ്പിച്ചു. ഓരോ യൂണിറ്റിൽ നിന്നുള്ള ഭാരവാഹികൾ ഫാമിലി അപ്പോസ്തോലേറ്റ് സെന്ററിൽ ഒരുമിച്ചുക്കൂടി. രാജ്യത്തെ നൈയാമികവ്യവസ്ഥിതിയിൽ വന്ന മാറ്റ ങ്ങളുടെ അടിസ്ഥാനത്തിൽ, സ്നേഹനിധിയുടെ സാമ്പത്തിക ഇട പാടുകൾ നിർത്തിവെയ്ക്കണമെന്നും നല്കിയ ലോണുകൾ എത്രയും പെട്ടെന്ന് തിരിച്ചടയ്ക്കാൻ അംഗങ്ങളെ പ്രോത്സാഹിപ്പി ക്കണമെന്നും പുതിയ ലോണുകൾ നൽകുവാൻ പാടില്ലാത്തതാ ണെന്നും പ്രതിവാര നിക്ഷേപങ്ങൾ സ്വീകരിയ്ക്കരുതെന്നും ഡയ റക്ടർ ഭാരവാഹികളെ ഒരിയ്ക്കൽകൂടി ഓർമ്മിപ്പിച്ചു. സാമ്പത്തിക ഇടപാടുകൾ ഒഴികെയുള്ള മറ്റു പ്രവർത്തനങ്ങളുമായി സ്നേഹ നിധി പ്രസ്ഥാനത്തിന് മുന്നോട്ട് പോകാവുന്നതാണെന്നും യോഗത്തെ അച്ചൻ അറിയിച്ചു.

**11. പുതിയ ഭരണ സമിതികൾ നിലവിൽ വന്നു.**

സാന്ത്വനം സോഷ്യൽ അപ്പോസ്റ്റലേറ്റിന്റെ നിയന്ത്രണത്തിലുള്ള സോഷ്യൽ സെന്റർ ഹൗസിംഗ്, സേവ് എ ഫാമിലി ട്രസ്റ്റ്, സോഷ്യൽ വെൽഫെയർ ഐഡിയൽ ഫോറം, സ്വിഫ്റ്റ് മൈക്രോ ക്രെഡിറ്റ് എന്നിവയുടെ 2019–2022 വർഷങ്ങളിലേക്കുള്ള പുതിയ ജനറൽബോഡി –ഭരണസമിതി നോമിനേഷനുകൾ പൂർത്തിയാ ക്കുകയും പ്രഥമയോഗങ്ങൾ സാന്ത്വനം പ്രസിഡണ്ട് മോൺ. തോ മസ് കാക്കശ്ശേരിയുടെ അധ്യക്ഷതയിൽ ചേർന്നു.

**സോഷ്യൽ സെന്റർ ഹൗസിംഗ്**

1 റവ.മോൺ.തോമസ് കാക്കശ്ശേരി
2 റവ.ഫാ.തോമസ് പൂപ്പാടി – എക്സികൂട്ടീവ് ഡയറക്ടർ
3. റവ. ഫാ. സിന്റോ തൊറയൻ – ജോയ്ന്റ് എക്സികൂട്ടീവ് ഡയറക്ടർ
4. ശ്രീ. C. K.പോൾ
5. ശ്രീ. സെബാസ്റ്റ്യൻ മഞ്ഞിയിൽ
6. ശ്രീ. മാന്റോ ആന്റണി
7. അഡ്വ.ജോസ് പുലിക്കോട്ടിൽ

**സേവ് എ ഫാമിലി ട്രസ്റ്റ്**

1. റവ.മോൺ.തോമസ് കാക്കശ്ശേരി – ചെയർമാൻ
2. റവ.ഫാ.തോമസ് പൂപ്പാടി – ഡയറക്ടർ
3. ശ്രീ. C. K.പോൾ – വൈസ് ചെയർമാൻ
4. റവ.ഫാ.ജോയ് മൂക്കൻ
5. റവ. ഫാ.സിന്റൊ തൊറയൻ
6. ശ്രീ. P. J. ജോണി
7. ശ്രീ. സെബാസ്റ്റ്യൻ മഞ്ഞിയിൽ
8. ശ്രീ. മാന്റോ ആന്റണി
9. ശ്രീ. ജോജു മഞ്ഞില
10. ശ്രീ. ജോമി ജോൺസൻ
11. ശ്രീ. അനൂപ് മാത്യു

**സോഷ്യൽ വെൽഫെയർ ഐഡിയൽ ഫോറം**

1. റവ.മോൺ.തോമസ് കാക്കശ്ശേരി – ചെയർമാൻ
2. റവ.ഫാ.തോമസ് പൂപ്പാടി – വൈസ് ചെയർമാൻ
3. ശ്രീ. C. K.പോൾ – വൈസ് ചെയർമാൻ
4. ശ്രീ. പി.ജെ.ജോണി – മാനേജിംഗ് ഡയറക്ടർ
5. റവ.ഫാ.ജോയ് മൂക്കൻ
6. റവ. ഫാ.സിന്റൊ തൊറയൻ
7. റവ.ഫാ.ജോസ് വട്ടക്കുഴി
8 ശ്രീ. സെബാസ്റ്റ്യൻ മഞ്ഞിയിൽ.
9 അഡ്വ.ജോസ് പുലിക്കോട്ടിൽ
10 ശ്രീ.എ.എ.ആന്റണി
11. ശ്രീ.സിജോ ചിറക്കേക്കാരൻ
12. അഡ്വ.ബിജു. എ. ജോസഫ്

**സ്വിഫ്റ്റ് മൈക്രോക്രെഡിറ്റ്സ്**

1. റവ.മോൺ.തോമസ് കാക്കശ്ശേരി – ചെയർമാൻ
2. റവ.ഫാ.തോമസ് പൂപ്പാടി – എക്സികൂട്ടിവ് ട്രസ്റ്റി

3. ശ്രീ. സെബാസ്റ്റ്യൻ മഞ്ഞിയിൽ. – വൈസ് ചെയർമാൻ
4. റവ.ഫാ.ജോയ് മൂക്കൻ
5. റവ. ഫാ.സിന്റോ തൊറയൻ
6. റവ.ഫാ.ജോസ് വട്ടക്കുഴി
7. ശ്രീ. C. K.പോൾ
8. ശ്രീ.സി.ഡി.സൈമൺ
9. അഡ്വ.ജോസ് പുലിക്കോട്ടിൽ
10 ശ്രീ.പി.ജെ.ജോണി
11 ശ്രീ.അനൂപ് മാത്യു

**ഫാ. സിന്റോ തൊറയൻ**
അസി. ഡയറക്ടർ

**ഫാ. തോമസ് പൂപ്പാടി**
ഡയറക്ടർ




## സ്ലം സർവ്വീസ് സെന്റർ, കുരിയച്ചിറ

♦ സ്ലം സർവ്വീസ് സെന്ററിന്റെ 38–ാമത് ജനറൽബോഡി യോഗം 06.09.2019 3 മണിക്ക് കൂടി. ഡയറക്ടർ ഫാ. സിന്റോ തൊറയൻ സ്വാഗതം പറഞ്ഞു. പുതിയ ഭരണസമിതി അംഗങ്ങളെ തിരഞ്ഞെടുത്തു. പ്രസിഡന്റ് ശ്രീ. ബേബി മൂക്കൻ, വൈസ് പ്രസിഡന്റ് ശ്രീ. സി.കെ പോൾ, സെക്രട്ടറി ശ്രീ. ജോയ് പോൾ, ട്രഷറർ ശ്രീ. ജോസഫ് പനക്കൽ, കമ്മറ്റി അംഗങ്ങളായി ശ്രീ. ജോബ് ചിറമ്മൽ, ശ്രീ. റപ്പായി പാലമറ്റം, മിസ്സിസ്. ജെസ്സി രാജു, ശ്രീ. വി.എസ്. ജോൺസൻ എന്നിവരെ തിരഞ്ഞെടുത്തു.

♦ 07–09–2019ൽ ചിയ്യാരം ഷാരോൺ അയൽക്കൂട്ടത്തിലെ അംഗം തങ്കമണിയുടെ ഭർത്താവ് മരിച്ചപ്പോൾ സഹായധനമായി ആശ്രിതർക്ക് 1,000 രൂപ നൽകി. എല്ലാ മേഖലകളിലും ADS യോഗങ്ങൾ കൃത്യമായി നടന്നു.

♦ 16–09–2019 ൽ പനമുക്ക് തിരുവോണം അയൽക്കൂട്ടത്തിലെ അംഗം

ഓമന ആന്റണി മരിച്ചപ്പോൾ സഹായധനമായി 5,000 രൂപ ആശ്രിതർക്ക് നൽകി.

- 30–09–2019 ൽ സ്ലം സർവ്വീസ് സെന്ററിന്റെ എക്സിക്യൂട്ടീവ് കമ്മറ്റി യോഗം കൂടി. ഡയറക്ടർ ഫാ. സിന്റോ തൊറയൻ പുതിയ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾക്ക് സ്വാഗതം നൽകി. ഭാവി പ്രവർത്തനങ്ങൾക്ക് രൂപം നൽകി.
- 30–09–2019 ൽ സി. ഡി. എസ്. യോഗം നടന്നു. സി. ഡി. എസ്. റിപ്പോർട്ടുകളും, ഏ. ഡി. എസ്. റിപ്പോർട്ടുകളും അവതരിപ്പിച്ചു.

**ഫാ. തോമസ് പൂപ്പാടി**
അസോ. ഡയറക്ടർ

**ഫാ. സിന്റോ തൊറയൻ**
ഡയറക്ടർ



# ഫാമിലി അപ്പോസ്റ്റലേറ്റ്

1. **കുടുംബ പ്രേഷിത അൾത്താരയിൽ**
   വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ വിശുദ്ധയായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച അതേ സമയത്തു തന്നെ തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ പള്ളിയിൽ വച്ച് ആഘോഷിക്കുകയുണ്ടായി. ആഘോഷങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ നേതൃത്വം കൊടുത്തു. അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വള്ളൂരാൻ കൃതജ്ഞതാഗീതം ആലപിച്ചു. തുടർന്നുള്ള അനുമോദന സമ്മേളനത്തിൽ കത്തീഡ്രൽ വികാരി റവ. ഫാ. ജോസ് ചാലക്കൽ അനുഗ്രഹ പ്രഭാഷണം നടത്തി.
2. **വിഭാര്യകൂട്ടായ്മ – നവംബർ 9 ശനി**
   വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുകയും ഭാര്യയുടെ മരണം മൂലം ഏകാന്തതയും ദുഃഖവും അനുഭവിക്കുകയും ചെയ്യുന്നവരുടെ അർദ്ധദിന കൂട്ടായ്മ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നവംബർ 9–ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 9.30 മുതൽ 1 മണി വരെ കൂടുന്ന

താണ്. ഈ വിഭാര്യ കൂട്ടായ്മയിലേക്ക് ഭാര്യ മരിച്ചുപോയ എല്ലാ ഭർത്താക്കന്മാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

3. **2018 ൽ വിവാഹിതരായവരുടെ കൂട്ടായ്മ**

തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ 2018 ൽ വിവാഹിതരായവരുടെ കൂട്ടായ്മനവംബർ 10–ാം തിയ്യതി ഞായറാഴ്ച്ച ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. 2018 ൽ വിവാഹിതരായ എല്ലാ ദമ്പതികളും ഈ കൂട്ടായ്മയിൽ സംബന്ധിക്കേണ്ടതാണ്. ജീവിതപങ്കാളി ഒരാൾ മാത്രമേ നാട്ടിൽ ഉള്ളൂ എങ്കിലും സംബന്ധിക്കാവുന്നതാണ്. അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന ഈ സംഗമത്തിലേക്ക് സ്നേഹത്തോടെ ക്ഷണിക്കുന്നു. സമയം രാവിലെ 9.00 മണിക്ക് റജിസ്ട്രേഷൻ 9.30 മുതൽ 1.00 മണി വരെയായിരിക്കും ഈ സംഗമം. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്. 2018 ൽ വിവാഹിതരായവരെ പറഞ്ഞുവിടുമല്ലോ.

4. **നവദമ്പതിസംഗമം – നവംബർ 24 ഞായർ**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ നവദമ്പതികളുടെ പതിമൂന്നാമത്തെ കൂട്ടായ്മയാണ് നവംബർ 24–ാം തിയ്യതി ഞായറാഴ്ച്ച ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നത്. 2019 മെയ്, ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ വിവാഹിതരായവരാണ് ഈ കൂട്ടായ്മയിൽ പങ്കെടുക്കേണ്ടത്. അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന നവദമ്പതി സംഗമത്തിലേക്ക് സ്നേഹത്തോടെ ക്ഷണിക്കുന്നു. സമയം രാവിലെ 9.30 മുതൽ 1.00 മണി വരെയായിരിക്കും. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

5. **സീറോ ഡിവോഴ്സ്**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ 2008 മുതൽ വിവാഹിതരായ ദമ്പതികൾക്കുവേണ്ടി, അവരുടെ ദാമ്പത്യ പ്രണയം ശക്തിപ്പെടുത്താൻ ഇടവക അടിസ്ഥാനത്തിൽ **സീറോ ഡിവേഴ്സ്** പ്രോഗ്രാം നടത്തിവരുന്നു. കഴിഞ്ഞ മാസങ്ങളിൽ മായന്നൂർ, മുളയം, നന്തിപുലം, നന്തിപുലം നോർത്ത്, ഒരുമനയൂർ, പാലക്കൽ എന്നീ ഇടവകകളിൽ നടത്തുകയുണ്ടായി. സഹകരിച്ചവർക്കും പങ്കെടുത്തവർക്കും ഒത്തിരി നന്ദി. സീറോ ഡിവോഴ്സ് പ്രോഗ്രാം ഇടവക അടിസ്ഥാനത്തിൽ നടത്താൻ ആഗ്രഹിക്കുന്നവർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടറെ സമീപിക്കേണ്ടതാണ്.

6. **വിവാഹരജത ജൂബിലി**

1994 ൽ വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ ദൈവാനുഗ്രഹപ്രദമായ 25 വർഷങ്ങൾ പൂർത്തിയാക്കി വിവാഹ രജതജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ അഭിനന്ദിക്കാനും ആശംസകളർപ്പിക്കാനും

ഏറെ സ്നേഹത്തോടെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 7–ാം തിയ്യതി രാവിലെ 9 മണിക്ക് റജിസ്ട്രേഷൻ ആരംഭിക്കുകയും തുടർന്ന് അനുഗ്രഹപ്രഭാഷണം റവ. ഡോ. വിൻസെന്റ് കുണ്ടുകുളം നടത്തുകയും 11.00 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്. 1994 ൽ വിവാഹിതരായി രജതജൂബിലി ആഘോഷിക്കുന്ന എല്ലാ ദമ്പതികളും പങ്കെടുക്കാനായി ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. മറക്കരുതേ.

**7. വിവാഹസുവർണ്ണ ജൂബിലി**

1969 ൽ വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ ദൈവാനുഗ്രഹപ്രദമായ 50 വർഷങ്ങൾ പൂർത്തിയാക്കി വിവാഹ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ അഭിനന്ദിക്കാനും ആശംസകളർപ്പിക്കാനും ഏറെ സ്നേഹത്തോടെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 14–ാം തിയ്യതി ശനിയാഴ്ച രാവിലെ 9 മണിക്ക് റജിസ്ട്രേഷൻ ആരംഭിക്കുകയും തുടർന്ന് അനുഗ്രഹപ്രഭാഷണം ഫാ. വർഗ്ഗീസ് കൂത്തൂർ നടത്തുകയും 11.00 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്. 1969 ൽ വിവാഹിതരായി സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന എല്ലാ ദമ്പതികളും പങ്കെടുക്കാനായി ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. മറക്കരുതേ.

**ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ



# കുടുംബകൂട്ടായ്മ

**1. ചർച്ചാപഠനപരിശീലന ക്യാമ്പ്**

ഡിസംബർ മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷ

യത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് നവംബർ 30–ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് താൽപര്യമുള്ളവരെ പറഞ്ഞയക്കുമല്ലോ.

**2. കുടുംബകൂട്ടായ്മ ഫൊറോന ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്**

അതിരൂപത കുടുംബകൂട്ടായ്മ ഭാരവാഹികളുടെ ഫൊറോന തല തിരഞ്ഞെടുപ്പ് സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലായി നടന്നുകൊണ്ടിരിക്കുകയാണല്ലോ. ഫൊറോന ഇലക്ഷൻ പൂർത്തിയാക്കിയ ഫൊറോനകൾ ഭാരവാഹികളുടെ ലിസ്റ്റും അതുപോലെ തന്നെ ഇടവകയിലെ എല്ലാ യൂണിറ്റിലെയും എല്ലാ ഭാരവാഹികളുടെയും ലിസ്റ്റും അതിരൂപത കുടുംബകൂട്ടായ്മ ഓഫീസിൽ നിങ്ങൾക്ക് ലഭിച്ചിട്ടുള്ള നിയതമായ ഫോമിലോ അല്ലെങ്കിൽ പള്ളി ലെറ്റർ പാഡിലൊ കൊണ്ടുവരേണ്ടതാണ്.

| എ.എ. ആന്റണി | ഫാ. സീജൻ ചക്കാലക്കൽ | ഫാ. ഡെന്നി താണിക്കൽ |
|---|---|---|
| ജനറൽ കൺവീനർ | അസി. ഡയറക്ടർ | ഡയറക്ടർ |



## മാതൃവേദി

**1. കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും നവംബർ മാസത്തിൽ നടത്തേണ്ടത് എരുമപ്പെട്ടി, ഒല്ലൂർ എന്നീ ഫൊറോനകളിലെ ഇടവകകളാണ്. ഈ ഫൊറോനകളിലെ എല്ലാ മാതൃവേദി യൂണിറ്റുകാരെയും സ്നേഹത്തോടെ കഷണിക്കുന്നു. കൂടാതെ മറ്റ് ഫൊറോനകളിലെ മാതൃവേദി അംഗങ്ങൾക്കും കരകൗശല, ഫുഡ് പ്രദർശനത്തിനും, വിൽപ്പനയ്ക്കും കൊണ്ടുവരാവുന്നതാണ്.

**2. ജീവന്റെ മൂല്യം – സെമിനാർ**

ജീവനെ സ്നേഹിക്കുക ജീവനെ പ്രോത്സാഹിപ്പിക്കുക ജീവനെ

സംരക്ഷിക്കുക എന്ന വിഷയത്തെ ആസ്പദമാക്കി മാതൃവേദി അംഗങ്ങൾക്കായുള്ള സെമിനാർ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് 2019 നവംബർ 14–ാം തിയ്യതി, വ്യാഴാഴ്ച്ച രാവിലെ 9.30 മുതൽ 11 മണി വരെ ഉണ്ടായിരിക്കുന്നതാണ്. എല്ലാ അമ്മമാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**3. ആദരിക്കൽ**

2000 മുതൽ വിവാഹം കഴിഞ്ഞ് നാലും അതിൽ കൂടുതലും മക്കളുള്ള മാതൃവേദിയിലെ അമ്മമാരെ നവംബർ 14–ാം തിയ്യതി, വ്യാഴാഴ്ച്ച ആദരിക്കുന്നതാണ്. നാലും അതിൽ കൂടുതലും മക്കളുള്ള മാതൃവേദി അംഗങ്ങൾ നവംബർ 10 ന് മുൻപായി അതിരൂപത ഭാരവാഹികളെ അറിയിക്കേണ്ടതാണ്.

**4. നവ മാധ്യമങ്ങളും അമ്മമാരും – സെമിനാർ**

നവ മാധ്യമങ്ങളും അമ്മമാരും എന്ന വിഷയത്തെ ആസ്പദമാക്കി മാതൃവേദി അംഗങ്ങൾക്കായുള്ള സെമിനാർ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് 2019 നവംബർ 14–ാം തിയ്യതി, വ്യാഴാഴ്ച്ച രാവിലെ 11.30 മുതൽ 12.30 വരെ ഉണ്ടായിരിക്കുന്നതാണ്. എല്ലാ അമ്മമാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

| **മേരി വിൻസെന്റ്** | **ഫാ. അനീഷ് കൂത്തൂർ** | **ഫാ. ഡെന്നി താണിക്കൽ** |
|---|---|---|
| പ്രസിഡണ്ട് | അസി. ഡയറക്ടർ | ഡയറക്ടർ |




## ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**1. ജീവ ബോധനം**

ജോൺ പോൾ പ്രോലൈഫ് മൂവ്മെന്റിന്റെ നേതൃത്വത്തിൽ ജീവനെ സ്നേഹിക്കുക, ജീവനെ പ്രോത്സാഹിപ്പിക്കുക, ജീവനെ ആദരിക്കുക, ജീവനെ സംരക്ഷിക്കുക എന്നീ ലക്ഷ്യത്തോടുകൂടെ ജീവ ബോധനം എന്ന പേരിൽ ഇടവകയിലെ കാറ്റിക്കിസം കുട്ടികൾക്കായി പ്രത്യേകിച്ച് പ്ലസ് വൺ, പ്ലസ് ടു, എ.സി.സി ക്ലാസ്സുകളിലെ കുട്ടികൾക്കായി ബോധവൽക്കരണ ക്ലാസ്സ് ഇടവകയിൽ വന്ന് നടത്തി കൊടുക്കുന്നു. പ്ലസ് വൺ, പ്ലസ് ടു, എ.സി.സി ക്ലാസ്സുകൾ ഒരുമിച്ചോ അല്ലെങ്കിൽ പ്ലസ് വൺ, പ്ലസ് ടു, എ.സി.സി ക്ലാസ്സുകൾ വേർതിരിഞ്ഞോ ഇടവകയിൽ കാറ്റിക്കിസം സമയത്ത് ക്ലാസ്സ് എടുത്ത് കൊടു

ക്കുന്നതായിരിക്കും. അതുവഴി മക്കളിൽ ജീവനെ സ്നേഹിക്കുന്ന ജീവനെ പ്രോത്സാഹിപ്പിക്കുന്ന ജീവനെ ആദരിക്കുന്ന ജീവനെ സംരക്ഷിക്കുന്ന ഒരു സംസ്ക്കാരം വളർത്തിയെടുക്കാൻ സാധിക്കും. ആവശ്യപ്പെടുന്ന ഇടവകകളിൽ അവിടത്തെ സൗകര്യം അനുസരിച്ച് ഈ സെമിനാർ നടത്തി തരുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി താഴെയുള്ള ഫോൺ നമ്പറിൽ വിളിച്ച് ചോദിക്കുക 9605043327.

2. **തിരുമണിക്കൂർ ആരാധന**

   തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

3. **ഗർഭഛിദ്രം നടത്തിയവർക്കുവേണ്ടിയുള്ള പരിഹാരബലി**

   ഗർഭഛിദ്രം നടത്തിയവർക്കും അതിന് കൂട്ടുനിന്നവർക്കും ഈശോയുടെ മുമ്പിൽ കരുണയാചിച്ചുകൊണ്ടുള്ള പരിഹാരബലി നവംബർ 9–ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 9.30 മണിക്ക് തൃശ്ശൂർ വ്യാകുലമാതാവിൻ ബസിലിക്ക പള്ളിയിൽ പാപപരിഹാരബലിയർപ്പിക്കുന്നതാണ്. തൃശ്ശൂർ അതിരൂപത ജോൺപോൾ പ്രോലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പരിഹാരബലിയിൽ സംബന്ധിക്കാൻ എല്ലാവരേയും പ്രത്യേകിച്ച് ഈ തിന്മയ്ക്ക് കൂട്ടുനിന്നവരെയും ഈ തിന്മ പ്രവർത്തിച്ചവരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ



# പിതൃവേദി

**1. പിതൃവേദി അതിരൂപത ഭാരവാഹികൾ**

അതിരൂപത തലത്തിൽ പിതൃവേദി നിലവിൽ വന്നു. പ്രസിഡണ്ട് ജോജു നീലങ്കാവിൽ ഒല്ലൂർ ഇടവക അഞ്ചേരി മേഖല, വൈസ് പ്രസി

ഡണ്ട് ദേവസ്സി ചിരിയങ്കണ്ടത്ത് തിരുത്തിപറമ്പ് ഇടവക, സെക്രട്ടറി ജോമോൻ വാഴപ്പിള്ളി പുല്ലഴി ഇടവക, ജോയിന്റ് സെക്രട്ടറി സണ്ണി പയ്യപ്പിള്ളി മുല്ലക്കര ഇടവക, ട്രഷറർ സന്തോഷ് ചാക്കോ പെരിങ്ങോട്ടുക്കര ഇടവക. പുതിയ ഭാരവാഹികൾക്ക് എല്ലാ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

**ജോജു നീലങ്കാവിൽ**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# വനിതാ കമ്മീഷൻ

**1. സെമിനാർ നടത്തി**

പെൺകുട്ടികളെ പ്രലോഭിപ്പിച്ചും ഭീഷണിപ്പെടുത്തിയും മതം മാറ്റുന്ന പ്രവർത്തനങ്ങൾ ഒരിടവേളക്കു ശേഷം വീണ്ടും സജീവമായതായി തൃശ്ശൂർ അതിരൂപത വനിതാ കമ്മീഷൻ ആരോപിച്ചു. ഇത്തരക്കാർക്ക് എതിരെ സർക്കാർ ശക്തമായ നടപടി സ്വീകരിക്കണമെന്ന് കമ്മിഷൻ ജനറൽബോഡി ആവശ്യപ്പെട്ടു. നേരത്തെ ലൗജിഹാദ് എന്ന പേരിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കോച്ചിങ്ങിന് എത്തുന്നവരേയും ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികളെ കേന്ദ്രീകരിച്ചും നടത്തിയിരുന്ന നിർബന്ധ മതപരിവർത്തനം കേന്ദ്ര അന്വേഷണ ഏജൻസികൾ സജീവമായി മുന്നോട്ടു വന്നപ്പോൾ അൽപം പിന്നോക്കം പോയിരുന്നു. എന്നാൽ അധികാരികളുടെ ജാഗ്രത കുറഞ്ഞതോടെ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നവർ വീണ്ടും സജീവമായതായി അടുത്ത കാലത്ത് വരുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഇതിനാവശ്യമായ പണവും സൗകര്യങ്ങളും എവിടെ നിന്ന് ലഭ്യമാകുന്നുവെന്ന് അധികാരികൾ ഗൗരവപൂർവ്വം അന്വേഷിക്കേണ്ടതാണ്. ഇവർക്ക് തീവ്രവാദ പ്രസ്ഥാനങ്ങളുമായുള്ള ബന്ധവും അന്വേഷണ വിധേയമാക്കണമെന്ന് വനിതാ കമ്മിഷൻ ആവശ്യപ്പെട്ടു. യോഗത്തിൽ പ്രഫ. എലിസബത്ത് മാത്യു അദ്ധ്യക്ഷത വഹിച്ചു.

ഡോ. മേരി റെജീന സെമിനാറിന് നേതൃത്വം കൊടുത്തു. ഡയറക്ടർ റവ.ഡോ. ഡെന്നി താണിക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു.

**പ്രൊഫ. എലിസബത്ത് മാത്യു**
പ്രസിഡണ്ട്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ



## സെന്റ് മേരീസ് ധ്യാനകേന്ദ്രം, പഴുവിൽ

തൃശ്ശൂർ ആബാ ധ്യാനകേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന പഴുവിൽ സെന്റ് മേരീസ് ധ്യാനകേന്ദ്രത്തിൽ 2019 നവംബർ 10 ഞായർ വൈകിട്ട് 5ന് ആരംഭിച്ച് 13 ബുധൻ ഒരു മണി വരെ താമസിച്ചു പങ്കെടുക്കുന്ന 'ദൈവരാജ്യാനുഭവ ധ്യാനം' ഉണ്ടായിരിക്കും. ധ്യാനത്തിനു ഫീസില്ല. പരമാവധി 60 പേർക്കു മാത്രം പങ്കെടുക്കാവുന്ന ധ്യാനത്തിനായി മുൻകൂട്ടി ബുക്ക് ചെയ്യാൻ ശ്രദ്ധിക്കുക. എസ്. എം. ആർ. സി. ടീം ധ്യാനം നയിക്കുന്നു. ബുക്കിംഗിനായി വിളിക്കേണ്ട നമ്പർ 0487 2272580; 8289808506

## ബൈബിൾ പ്രേഷിതത്വം

1. **ലോഗോസ് ക്വിസ്– സംസ്ഥാന പ്രാഥമികതലം:**
   **2019 നവംബർ 10, ഞായർ –** ഇടവകതല മത്സരത്തിലെ ഓരോ ഗ്രൂപ്പിലെയും അതിരൂപതതലത്തിൽ ആദ്യത്തെ 3 റാങ്ക് നേടിയവരായിരിക്കും അതിരൂപതയെ പ്രതിനിധീകരിച്ച് സംസ്ഥാനതല മത്സരത്തിന് പങ്കെടുക്കുന്നത്. സംസ്ഥാനതല പരീക്ഷ എറണാകുളം POC യിൽ വച്ചായിരിക്കും.

2. **സംസ്ഥാനതല ഫൈനൽ മത്സരങ്ങൾ: 2019 നവംബർ 23, ശനി**
സംസ്ഥാനതല പ്രാഥമിക മത്സരത്തിൽ ഓരോ ഗ്രൂപ്പിലും ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന 10 പേരായിരിക്കും ഫൈനൽ മത്സരത്തിലേക്ക് യോഗ്യത നേടുന്നത്. സംസ്ഥാനതല ഫൈനൽ മത്സരങ്ങൾ എറണാകുളം **POC** യിൽ വച്ചായിരിക്കും നടക്കുക.
3. **ലോഗോസ് ഗ്രാന്റ് ഫിനാലെ: 2019 നവംബർ 24, ഞായർ**
ലോഗോസ് ക്വിസ് സംസ്ഥാനതല ഫൈനൽ മത്സരത്തിലെ ഓരോ ഗ്രൂപ്പിലെയും ഒന്നാം റാങ്കുകാർക്കായി വിവിധ റൗണ്ടുകളിലായി മത്സരം നടക്കുന്നു. വിജയിക്കുന്നയാളായിരിക്കും **സംസ്ഥാനതല ലോഗോസ് പ്രതിഭ 2019.** ഗ്രാന്റ് ഫിനാലെയിലെ വിജയിക്ക് **വിശുദ്ധനാട് തീർത്ഥാടനം**
4. **വെരിത്താസ് ക്വിസ് – അതിരൂപതതല ഫൈനൽ: 2019 നവംബർ 03, ഞായർ 2.00pm**
ഇടവകതല ലോഗോസ് ക്വിസ് മത്സരത്തിൽ A ഗ്രൂപ്പിൽ 60നും, B-F ഗ്രൂപ്പുകളിൽ 70നും, കൂടുതൽ മാർക്ക് നേടിയവർ മാത്രമാണ് അതിരൂപതതല ഫൈനൽ മത്സരത്തിൽ പങ്കെടുക്കുന്നത്. തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ വച്ചായിരിക്കും മത്സര പരീക്ഷ നടക്കുക.
ഫൈനൽ മത്സരത്തിൽ നിന്നായിരിക്കും അതിരൂപത റാങ്ക് ജേതാക്കളെ തിരഞ്ഞെടുക്കുന്നത്. ആദ്യത്തെ 3 റാങ്കുകാർ കഴിഞ്ഞ് വരുന്ന 7 പേരായിരിക്കും 4–ാം സ്ഥാനത്തിന് അർഹരാകുക. ബാക്കിയുള്ളയവരിൽ A ഗ്രൂപ്പിൽ 40നും, B-F ഗ്രൂപ്പുകളിൽ 75നും കൂടുതൽ മാർക്കു നേടുന്നവരായിരിക്കും അതിരൂപതതല 5–ാം റാങ്കുകാർ. അതിരൂപതതല മത്സരത്തിൽ 40മാർക്ക് വാങ്ങുന്ന എല്ലാവർക്കും പ്രോത്സാഹനസമ്മാനങ്ങൾ.
5. **വെരിത്താസ് ഗ്രാന്റ് ഫിനാലെ: 2019 നവംബർ 17, ഞായർ 3.00pm**
വെരിത്താസ് ക്വിസ് അതിരൂപതതല ഫൈനൽ മത്സരത്തിലെ B-F ഗ്രൂപ്പുകളിലെ ഒന്നാം റാങ്കുകാർക്കായി വിവിധ റൗണ്ടുകളിലായി മത്സരം നടക്കുന്നു. വിജയിക്കുന്നയാളായിരിക്കും വെരിത്താസ് പ്രതിഭ. ഗ്രാന്റ് ഫിനാലെയിലെ വിജയിക്ക് വിശുദ്ധനാട് തീർത്ഥാടനം
6. **ജൂനിയർ വെരിത്താസ് പ്രതിഭ: 2019 നവംബർ 17, ഞായർ 2.00pm**
വെരിത്താസ് ക്വിസ് അതിരൂപതതല ഫൈനൽ മത്സരത്തിലെ A ഗ്രൂപ്പിൽ കൂടുതൽ മാർക്ക് വാങ്ങുന്നവർക്ക് വിവിധ റൗണ്ടുകളിലായി മത്സരം നടക്കുന്നു. വിജയിക്കുന്നയാളായിരിക്കും വെരിത്താസ് ജൂനിയർ പ്രതിഭ. വിജയിക്ക് 10,000 രൂപ ക്യാഷ് അവാർഡ്.
7. **ബൈബിൾ ആനിമേറ്റേഴ്സ് മീറ്റിംഗ് : 2019 നവംബർ 17, ഞായർ 1.30pm**

ഇടവകതല ബൈബിൾ ആനിമേറ്റേഴ്സിന്റെയും ഫൊറോന ബൈബിൾ കോഡിനേറ്റേഴ്സിന്റെയും സംയുക്ത മീറ്റിംഗ് നവംബർ 17 ഞായർ 1.30ന് സെ. തോമസ് കോളേജ് മെഡ്ലികോട്ട് ഹാളിൽ വെച്ച് നടക്കുന്നു. ഇടവകയിലെ ആനിമേറ്റർമാരെ പ്രസ്തുത മീറ്റിം ഗിലേക്ക് പറഞ്ഞുവിടുവാൻ വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ.

**8. ബൈബിൾ പാരായണമാസാചരണം**

ബൈബിൾ പാരായണമാസമായി കെ. സി. ബി. സി. നിർദ്ദേശി ച്ചിട്ടുള്ളത് ഡിസംബർ മാസമാണെന്ന് ഏവർക്കും അറിയാമല്ലോ. കെ. സി. ബി. സി. യുടെ താഴെ പറയുന്ന നിർദ്ദേശങ്ങൾ നിങ്ങളുടെ ശ്രദ്ധ യിലേക്ക് കൊണ്ട് വരുന്നു:

- ഒരു ദിവസം 3.5 മണിക്കൂർ വീതം ബൈബിൾ വായിച്ചാൽ ഒരു മാസം കൊണ്ട് സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തുവാൻ സാധിക്കും
- പൊതുജനത്തിനു ശല്യമാകാത്ത രീതിയിൽ പരസ്യമായ ബൈബി ൾ പാരായണം പ്രോത്സാഹിപ്പിക്കുക.
- അഖണ്ഡ ബൈബിൾ പാരായണയജ്ഞങ്ങൾ സംഘടിപ്പിക്കുന്നത് നന്നായിരിക്കും.
- ഈ വർഷത്തെ ബൈബിൾ ഞായർ ഡിസംബർ 29ന് ആയിരിക്കും. അന്നേ ദിവസം ദേവാലയത്തിൽ വ്യത്യസ്ത ബൈബിൾ പരിപാടി കൾ സംഘടിപ്പിക്കേണ്ടതാണ്.
- ഈ വർഷത്തെ അതിരൂപതാതല ബൈബിൾ പാരായണമാസ ആച രണം ഫൊറോനതലത്തിൽ നടത്തുന്നു. എല്ലാവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. കൂടുതൽ വിവരങ്ങൾ ഡിസംബർ മാസത്തിലെ കത്തോലിക്കാസഭ പത്രത്തിൽ ഉണ്ടായിരിക്കും.

ഓരോ വിശ്വാസിയിലും ഓരോ കുടുംബത്തിലും ബൈബിളിനോടുള്ള അഭിവാഞ്ച വർദ്ധിപ്പിക്കുന്നതിനും ബൈബിൾ പാരായണത്തിനുള്ള തീക്ഷണത വളർത്തുന്നതിനും ഈ ബൈബിൾ പാരായണമാസം നമ്മെ സഹായിക്കട്ടെ.

**9. ബൈബിൾ എഴുതിയവരെ ആദരിക്കുന്നു**

പി.ഒ.സി സമ്പൂർണ്ണ ബൈബിൾ മുഴുവനായും പകർത്തിയെഴുതിയ വരെ അതിരൂപത ബൈബിൾ അവാർഡ് ദിനത്തിൽ ആദരിക്കുന്നു. ഇടവകയിൽ ബൈബിൾ പകർത്തിയെഴുത്തിവർ ഉണ്ടെങ്കിൽ പകർത്തിയെഴുതിയ കോപ്പിയും ഒരു ഫോട്ടോയുമടക്കം നവംബർ 30ന് മുമ്പായി ബൈബിൾ പ്രേഷിതത്വം ഓഫീസിൽ പേരു നൽകേ ണ്ടതാണ്. മുൻവർഷങ്ങളിൽ ആദരിച്ചവരുണ്ടെങ്കിൽ അവർ പേരു നൽകേണ്ടതില്ല.

**10. തീർത്ഥാടനങ്ങൾ**

യൂറോപ്പ് തീർത്ഥാടനം 2020 മെയ് 05നും, ഒക്ടോബർ 01നും വിശുദ്ധനാട് തീർത്ഥാടനം 2020 ഏപ്രിൽ 20, മെയ് 05, 14, 20 എന്നീ തിയ്യതികളിൽ പുറപ്പെടുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ.

ഇടവകകളിൽ നിന്നോ, മറ്റു സംഘടനകളുടെ നേതൃത്വത്തിലോ ഗ്രൂപ്പുകൾ സംഘടിപ്പിക്കുന്നവർക്ക് പ്രത്യേക ആനുകൂല്യങ്ങൾ....

ഫോൺ: 0487–2320780, 7558937090, 9447721976

**ഫാ. ജിന്റോ ചൂണ്ടൽ**
അസി. ഡയറക്ടർ

**ഫാ. ലിജോ ചിറിയങ്കണ്ടത്ത്**
ഡയറക്ടർ

## നെസ്റ്റ് ദ വില്ലേജ് ഓഫ് കംഫർട്ട്



മദ്യം, ലഹരി എന്നിവയുടെ ആസക്തി രോഗത്തിന്റെ ചികിത്സക്കും അവയിൽ നിന്നുള്ള വിമുക്തി നേടുവാൻ ആവശ്യമായ പരിശീലനത്തിനുമായി തൃശ്ശൂർ അതിരൂപത നടത്തുന്ന സ്ഥാപനമായ നെസ്റ്റ് ദ വില്ലേജ് ഓഫ് കംഫർട്ട് എന്ന ലഹരി വിമുക്ത ചികിത്സാ കേന്ദ്രം ചേറൂർ കുറ്റുമുക്ക് ദേശത്ത് പ്രവർത്തനം തുടങ്ങിയിട്ട് 12 വർഷമായി. ഇതിനകം ഏകദേശം പതിനയ്യായിരത്തോളം വ്യക്തികൾ ഇവിടെ വന്ന് ചികിത്സയും പരിശീലനവും സ്വീകരിച്ച് മടങ്ങി പോയിട്ടുണ്ട്. അവരിൽ ധാരാളം പേർ മദ്യം, മയക്കുമരുന്ന് ലഹരിവസ്തുക്കൾ എന്നിവയുടെ ഉപയോഗം പൂർണ്ണമായി ഉപേക്ഷിച്ച് സാധാരണ ജീവിതത്തിലേക്ക് മടങ്ങി വന്നിട്ടുണ്ട് എന്നത് ഏറെ സന്തോഷകരമായ കാര്യം തന്നെയാണ്. ഈ പ്രക്രിയ വിജയിപ്പിക്കുന്നതിന് ഓരോരുത്തരും നല്കിവന്നിരുന്ന സഹായത്തിന് നന്ദി. ഇവിടത്തെ ചികിത്സയും പരീശീലനവും കൂടുതൽ ഫലപ്രദമാക്കുവാൻ തുടർന്നും എല്ലാവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

തൃശ്ശൂർ അതിരൂപതയുടെയും കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെയും നേതൃത്വത്തിൽ 2004 ൽ ആരംഭിച്ച നെസ്റ്റ് 2018 ഏപ്രിൽ 1 മുതൽ ഡിസംബർ 31 വരെ ചില അറ്റകുറ്റപണികൾക്കായി നിർത്തിവച്ചിരുന്നു. പണികൾക്കുശേഷം 2019 ജനുവരി ഒന്നു മുതൽ വീണ്ടും

പ്രവർത്തനം പുനരാരംഭിച്ച് തുടർന്നുവരുന്നു. നിലവിൽ ഉണ്ടായിരുന്ന ചില വെല്ലുവിളികളെ അഭിമുഖീകരിക്കുവാൻ എന്തു നടപടികളാണ് സ്വീകരിക്കേണ്ടത് എന്ന് പഠിച്ച് നിർദേശങ്ങൾ സമർപ്പിക്കുവാൻ തൃശൂർ അതിരൂപത അദ്ധ്യക്ഷൻ രൂപീകരിച്ച കമ്മീഷന്റെ അഭിപ്രായപ്രകാരം ജൂബിലി മിഷൻ ആശുപത്രിയുമായി സഹകരിച്ച് കൂടുതൽ കാര്യക്ഷമമായ രീതിയിൽ നെസ്റ്റിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ശ്രമങ്ങൾ ഇപ്പോൾ നടന്നുവരുന്നു. അവിടെയുള്ള ഡോക്ടർമാരുടെ സേവനം ഇവിടെ ലഭ്യമാക്കുകയാണ് അതിലെ ഒരു പരിപാടി. രാത്രിയിൽ ഇവിടെ അഡ്മിഷൻ എടുക്കുമ്പോൾ ഉള്ള വെല്ലുവിളികൾ മറികടക്കുന്നതിന് ജൂബിലി ആശുപത്രിയുടെ കാഷ്വൽറ്റിയിൽ കാണിച്ച് അഡ്മിഷൻ എടുക്കുകയാണ് മറ്റൊരു പരിപാടി. പകൽ ഇവിടെ നേരിട്ട് അഡ്മിഷൻ എടുക്കുന്നു. എന്നാൽ ഈ പ്രക്രിയ നടത്തുന്നതിനു കാലതാമസം എടുക്കുന്ന ഇപ്പോൾ ഉള്ള സാഹചര്യത്തിൽ താഴെ സൂചിപ്പിക്കുന്ന ഏതാനും കാര്യങ്ങൾ എല്ലാവരുടേയും ശ്രദ്ധയിൽ എത്തിക്കുവാൻ താല്പര്യപ്പെടുന്നു.

1. മദ്യം, മയക്കുമരുന്ന്, ലഹരിവസ്തുക്കൾ എന്നിവയുടെ ഉപയോഗം മൂലവും കുട്ടികൾക്കിടയിൽ കണ്ടുവരുന്ന മൊബീൽ, ഇന്റർനെറ്റ്, സാമൂഹ്യ മാധ്യമങ്ങൾ എന്നിവയുടെ അമിത ഉപയോഗം മൂലവും **ആസക്തി** എന്ന രോഗത്തിന് അടിമകളായവരെ ചികിത്സിക്കുന്നതിന് ഇപ്പോൾ നെസ്റ്റിലേക്ക് നേരിട്ട് പറഞ്ഞു വിടാവുന്നതാണ്. രാവിലെ 08 മുതൽ രാത്രി 08 വരെയും ഇവിടെ രോഗികളെ അഡ്മിറ്റ് ചെയ്യുന്നതാണ്. മുൻകൂട്ടി വിളിച്ചു പറയുകയാണെങ്കിൽ രാത്രി 09.30 വരെയും അഡ്മിഷൻ എടുക്കുന്നതാണ്. അതിനുശേഷം വരുന്നവർ ആശുപത്രികളിൽ പ്രാഥമിക പരിശോധനകൾ നടത്തി മറ്റു ശാരീരിക പ്രശ്നങ്ങൾ ഇല്ല എന്ന് ഉറപ്പു വരുത്തിയ ശേഷം ഡോക്ടറുടെ എഴുത്തുമായി നെസ്റ്റിലേക്ക് കൊണ്ടു വരികയാണെങ്കിൽ അഡ്മിറ്റ് ചെയ്യുന്നതാണ്.
2. നെസ്റ്റിൽ അഡ്മിറ്റ് ചെയ്യുന്ന സമയത്ത് മദ്യമോ മറ്റു വസ്തുക്കളോ ഉപയോഗിച്ചിട്ടുണ്ട് എങ്കിൽ നിർബന്ധമായും ഡോക്ടർ പറയുന്ന സമയം വരെ ഒരാൾ രോഗിയുടെ കൂടെ ഉണ്ടായിരിക്കേണ്ടതാണ്. അല്ലാത്ത അവസരങ്ങളിൽ നിർദേശിക്കും പ്രകാരം ഒരാളുടെ സഹവാസം കൂടുതൽ ഉപകാരപ്രദമായിരിക്കും.
2. ചുരുങ്ങിയത് 25 ദിവസങ്ങളിൽ കുറയാത്ത കാലയളവാണ് ഒരു രോഗി ഇവിടെ ഉണ്ടായിരിക്കേണ്ടത്. ഇതു നിശ്ചയിക്കുന്നത് രോഗിയുടെ ഹാങ്ങ് ഓവർ അല്ലെങ്കിൽ പിൻവാങ്ങൽ (withdrawal) മാറിയതിനു ശേഷമായിരിക്കും.

3. രോഗിയുടെ താമസം, ചികിത്സ, ഭക്ഷണം എന്നിങ്ങനെ വരുന്ന ചിലവുകളിലേക്ക് 15000 രൂപയാണ് ഇപ്പോൾ വാങ്ങുന്നത്. ഇത് അഡ്മിഷൻ സമയത്തുതന്നെ ഓഫീസിൽ അടക്കണം. കൂട്ടിരുപ്പിന് ഉണ്ടാകുന്ന ഒരാൾക്ക് ഒരു ദിവസത്തേക്ക് 100 രൂപയും 30 ദിവസത്തിനുള്ളിൽ ചികിത്സ പൂർണമാകാത്ത സാഹചര്യത്തിൽ രോഗിക്ക് ഒരു ദിവസത്തേക്ക് 500 രൂപയും ഓഫീസിൽ അടക്കണം. രോഗിക്ക് ആവശ്യമായ മരുന്ന് രോഗിയോ, ഉത്തരവാദപ്പെട്ടവരോ വാങ്ങി നഴ്സുമാരുടെ കൈവശം ഏല്പിക്കേണ്ടതാണ്.
4. 18 വയസ്സിനു താഴെയുള്ള കുട്ടികളെ അഡ്മിറ്റുചെയ്യണമെങ്കിൽ ജില്ല ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ അനുമതി ലഭിച്ചിരിക്കണം. കൂടാതെ, 18 വയസ്സിനു മുകളിലുള്ള ഒരു പുരുഷൻ ചികിത്സ നടക്കുന്ന കാലയളവു മുഴുവൻ കൂടെ ഉണ്ടായിരിക്കണം.
5. മറ്റു വിശദാംശങ്ങൾക്ക് ബന്ധപ്പെടുവാൻ ഓഫീസ് നമ്പർ താഴെ ചേർക്കുന്നു. മറ്റൊരു പ്രധാന കാര്യവും ഏവരുടേയും പരിഗണനക്കായി സമർപ്പിക്കുന്നു:

   മദ്യം, മയക്കുമരുന്ന്, ലഹരിവസ്തുക്കൾ എന്നിവ ഉപയോഗിക്കുവാൻ ഉള്ള പ്രേരണകളിൽ നിന്ന് പിന്മാറുവാൻ കുട്ടികളെ ബോധവൽക്കരിക്കുവാനും അത്തരത്തിൽ ആസക്തി എന്ന രോഗത്തിലേക്ക് സാധ്യതയുള്ള കുട്ടികളെയും ചികിത്സ ആവശ്യമുള്ള ആസക്തി എന്ന രോഗം ബാധിച്ചവരേയും കണ്ടെത്തി ആവശ്യമായ ചികിത്സ തേടുവാനും സഹായിക്കുന്ന സെമിനാറുകൾ ഇടവകയിൽ സംഘടിപ്പിക്കുകയാണെങ്കിൽ ക്ളാസ്സുകൾ എടുക്കുവാൻ ഇവിടെ നിന്നും ആളുകളെ ലഭ്യമാക്കുന്നതായിരിക്കും.

   ശ്രീ ജോയ് കാഞ്ഞിരത്തിങ്കൽ (നെസ്റ്റ് കോഡിനേറ്റർ) : 9446278094
   നെസ്റ്റ് ഓഫീസ് : 9446996148, 0487 2323190, 2321854

**ഫാ. ജോർജ് നിരപ്പുകാലയിൽ**
ഡയറക്ടർ




**1. വാഹനപ്രചരണ യാത്ര നടത്തി**

സുകൃതജീവിതംകൊണ്ട് ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതി നേടിയവരെയാണ് ക്രൈസ്തവ സഭ വിശുദ്ധരായി പ്രഖ്യാപിക്കുന്നത്. ഈ പുണ്യദിവസത്തിൽ കെ.സി.വൈ.എം. തൃശൂർ അതിരൂപതയിലെ യുവജനങ്ങൾ വി. മറിയം ത്രേസ്യായുടെ കുഴിക്കാട്ടുശ്ശേരി മഠത്തിലേക്ക് ബിഷപ്സ് ഹൗസിൽനിന്നും തുടങ്ങിയ വാഹനപ്രചരണ യാത്ര വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ ഫ്ളാഗ് ഓഫ് ചെയ്തു. വിശുദ്ധ യുടെ കബറിടത്തിങ്കൽ തെളിയ്ക്കുന്നതിനുള്ള തിരി അതിരൂപത പ്രസിഡന്റ് സാജൻ ജോസ് അസി. ഡയറക്ടർ ഫാ. ഫെബിൻ കൂത്തൂ രിൽനിന്നും ഏറ്റുവാങ്ങി. അമ്മയുടെ ജീവിതം യുവജനങ്ങളുടെയും മറ്റു ള്ളവരുടെയും ജീവിതത്തിൽ മാതൃകയും പ്രചോദനവുമാകട്ടെയെന്ന് ഫാ. സ്റ്റാർസൺ കള്ളിക്കാടൻ ആശംസിച്ചു. സാജൻ മുണ്ടൂർ, ജിഷാദ് ജോസ്, ജിയോ മാഞ്ഞൂരാൻ, ജിതിൻ പുതുക്കാട് എന്നിവർ സംസാരിച്ചു. മറ്റു ഫൊറോന യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു.

**2. മെഡിക്കൽ കോളേജ് ആശുപത്രി പരിസരം ശുചീകരിച്ചു**

“എന്റെ ജീവിതമാണ് എന്റെ സന്ദേശം” എന്ന് ലോകത്തോടു പറഞ്ഞ മാഹാത്മാഗാന്ധിയുടെ 150–ാം ജന്മദിനാഘോഷത്തോടനുബന്ധിച്ച് ഗാന്ധിജിയുടെ സന്ദേശങ്ങൾ യുവജനങ്ങളുടെ ജീവിതത്തിൽ പകർത്താൻ ഗാന്ധിജിയുടെ സ്മരണ പ്രചോദനമാക്കി അമ്പതോളം വരുന്ന യുവജനസുഹൃത്തുക്കൾ ചേർന്നാണ് രോഗികളുടെ കഴുകിയ വസ്ത്രങ്ങൾ ഉണക്കാൻ ഇടുന്ന കാടുപിടിച്ചുകിടന്ന സ്ഥലം വൃത്തി യാക്കി രോഗികളുടെ കൂട്ടിരുപ്പുക്കാർക്ക് സ്വപ്ന സാഫല്യത്തിന് വഴി തുറന്നത്. ശുചീകരണയജ്ഞം കഴിഞ്ഞ് വൃക്ഷതൈ നട്ടുകൊണ്ടാണ് കെ.സി.വൈ.എം. തൃശൂർ അതിരൂപത ഡയറക്ടർ റവ. ഫാ. ഡിറ്റോ കൂള ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത്. അതിരൂപത പ്രസിഡന്റ് സാജൻ ജോസ്, ജനറൽ സെക്രട്ടറി സാജൻ ജോയ്, ട്രഷറർ അഖിൽ ജോസ്, വെളപ്പായ പള്ളി വികാരി ഫാ. ജോസഫ് വൈക്കാടൻ എന്നിവർ ആശം

സകൾ നേർന്നു സംസാരിച്ചു. ജിഷാദ് ജോസ്, ജിയോ മാഞ്ഞൂരാൻ, എം.പി. സിജോ, റോണി അഗസ്റ്റിൻ, ജോത്സന, ജിമ മരിയ, വിവിധ ഫൊറോന യൂണിറ്റ് ഭാരവാഹികളും നേതൃത്വം നൽകി.

| | | |
|---|---|---|
| **സാജൻ ജോസ്** | **സാജൻ സി.ജെ.** | **ഫാ. ഡിറ്റോ കൂള** |
| പ്രസിഡണ്ട് | ജനറൽ സെക്രട്ടറി | ഡയറക്ടർ |



# സി.എൽ.സി.

1. **ഫാ . സിജോ ചീരൻ മെമ്മോറിയൽ സി.എൽ.സി സോക്കർ കപ്പ്**
തൃശ്ശൂർ അതിരൂപത സി.എൽ.സി. തൃശ്ശൂർ അതിരൂപതയിലെ യുവജനങ്ങളുടെ കായിക വാസനകളെ പരിപോഷിപ്പിക്കുന്നതിനായി തോപ്പ് സ്റ്റേഡിയത്തിൽ വെച്ച് സംഘടിപ്പിച്ച അഞ്ചാമത് ഫാ. സിജോ ചീരൻ മെമ്മോറിയൽ ഫുട്ബോൾ ടൂർണമെന്റിൽ വേലൂർ സി.എൽ.സി .ചാമ്പ്യൻമാരായി. കഴിഞ്ഞ വർഷത്തെ ചാമ്പ്യൻമാരായ ചിറ്റിശ്ശേരി സി.എൽ. സി.യെ എതിരില്ലാത്ത രണ്ടു ഗോളിന് തകർത്താണ് വേലൂർ സി.എൽ.സി. വിജയിച്ചത്. നേരത്തെ നടന്ന ലൂസേർസ് ഫൈനലിൽ തലോരിനെ തോൽപിച്ചു കൊണ്ടു ഒല്ലൂർ സി.എൽ.സി. നൈബി മേനാച്ചേരി മെമ്മോറിയൽ ലൂസേഴ്സ് ട്രോഫി കരസ്ഥമാക്കിയിരുന്നു. ടൂർണമെന്റിൽ ഉടനീളം മികച്ച കളിയും പെരുമാറ്റവും പുറത്തെടുത്ത തലോർ ടീമിനാണ് ഈ വർഷത്തെ ഫെയർ പ്ലേ അവാർഡ്. വിജയികൾക്ക് തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. തോമസ് കാക്കശേരി സമ്മാനങ്ങൾ വിതരണം ചെയ്തു.

2. **വിശുദ്ധ മറിയം ത്രേസ്യയുടെ തിരുശേഷിപ്പ് പ്രയാണം**
തൃശ്ശൂർ അതിരൂപത സി.എൽ.സി.യുടെയും ഹോളിഫാമിലി സന്ന്യാസ സമൂഹത്തിന്റെയും നേതൃത്വത്തിൽ നവംബർ 30, ഡിസംബർ 1 തീയതികളിലായി അതിരൂപതയിലെ 50ഇൽ പരം ഇടവകകളിലൂടെ വിശുദ്ധ മറിയം ത്രേസ്യയുടെ തിരുശേഷിപ്പ് പ്രയാണം നടത്തുന്നു.

3. **മരിയോത്സവം 2019**
തൃശൂർ അതിരൂപതയിലെ യുവജങ്ങളുടെ കാലവസനകളെ പ്രോത്സാ

ഹിപ്പിക്കുന്നതിന് അതിരൂപത സി.എൽ.സി. ഒക്ടോബർ 2 നു ദേവമാത സി.എം.ഐ. സ്കൂളിൽ വച്ചു മരിയോത്സവം 2019 സംഘടിപ്പിച്ചു, അതിരൂപതയിലെ 15 ഫൊറോനകളിൽ നിന്നായി 700 ഓളം കാലപ്രതിഭകൾ 10 ഇനങ്ങളിൽ ആയി മത്സരിച്ചു. ഇട്ടിമാണി സിനിമാ ഡയറക്ടർ ശ്രീ. ജോജു റാഫേൽ മരിയോത്സവം 2019 ഉദ്ഘാടനം ചെയ്തു . ഈ വർഷത്തെ മരിയോത്സവം 2019 ഓവറോൾ കിരീടം ലൂർദ് ഫൊറോന കരസ്ഥമാക്കി. രണ്ടാം സ്ഥാനം ബസിലിക്ക ഫൊറോനയും, മൂന്നാം സ്ഥാനം ഒല്ലൂർ ഫൊറോനയും കരസ്ഥമാക്കി. യൂണിറ്റ് തലത്തിൽ മുക്കാട്ടുകര ഇടവക ഏറ്റവും കൂടുതൽ പോയിന്റിനുള്ള ട്രോഫി കരസ്ഥമാക്കി. രണ്ടാം സ്ഥാനം എൽത്തുരുത്ത് ഇടവകയും, മൂന്നാം സ്ഥാനം ഒളരിക്കര ഇടവകയും സ്വന്തമാക്കി.

4. **മാർ ജോസഫ് കുണ്ടുകുളം പ്രസംഗ മത്സരം**

തൃശൂർ സെന്റ് തോമസ് കോളേജിൽ വച്ച് നടത്തിയ മാർ ജോസഫ് കുണ്ടുകുളം പ്രസംഗ മത്സരത്തിൽ അരിമ്പൂർ ഇടവകയിലെ ലിലിയ റോസ് ആലപ്പാട്ട് ഒന്നാം സ്ഥാനവും, മരത്താകര ഇടവകയിലെ സാന്ദ്ര മരിയ രണ്ടാം സ്ഥാനവും, മുക്കാട്ടുകര ഇടവകയിലെ എഡ്വിൻ ജോൺ, തൊറവ് ഇടവകയിലെ ആൻസി എന്നിവർ മൂന്നാം സ്ഥാനത്തിനും അർഹരായി.

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രമോട്ടർ

**ജോമി ജോൺസൻ**
പ്രസിഡണ്ട്

**ഫാ. ഫ്രജോ വാഴപ്പിള്ളി**
അസി. ഡയറക്ടർ




# ചിൽഡ്രൻസ് മിനിസ്ട്രി

1. **അർദ്ധദിന സെമിനാർ**

തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളിലെ ആനിമേറ്റേഴ്സിനും ലീഡേഴ്സിനും അർദ്ധദിന സെമിനാർ ഒക്ടോബർ 12 ന് ഡി.ബി.സി.എൽ.സി. യിൽ വച്ച് നടത്തി. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ

ഏവരേയും സെമിനാറിലേക്ക് സ്വാഗതം ചെയ്തു. റവ. ഫാ. ജിമ്മി എടക്കളത്തൂർ ആനിമേറ്റേഴ്സിന് ക്ലാസ്സെടുത്തു. 125 ആനിമേറ്റേഴ്സ് സെമിനാറിൽ പങ്കെടുത്തു.

2. **തിരുബാലസംഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി.**
തിരുബാലസംഖ്യ വാർഷിക റിപ്പോർട്ടിന്റെ ഫോമും, മിഷൻ കളക്ഷൻ കവറുകളും, ജൂനിയർ സി.എൽ.സി. വാർഷിക റിപ്പോർട്ടിന്റെ ഫോം, അൾത്താരസംഘ വാർഷിക റിപ്പോർട്ടിന്റെ ഫോം, Prayer Friend Collection cover എന്നിവ ഇതുവരെയും കൊണ്ടുപോകാത്തവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്ന് എത്രയും വേഗം കൈപറ്റേണ്ടതാണ്. ഓഫീസ് സമയം രാവിലെ 9.30 മുതൽ 4.30 വരെ.

3. **ഉണ്ണീശോയ്ക്കൊരുമ്മ**
ഡിസംബർ 1 മുതൽ 25-ാം തീയ്യതി വരെ ക്രിസ്മസിന് ആത്മീയമായി ഒരുങ്ങുന്നതിനുള്ള ഉണ്ണീശോയ്ക്കൊരുമ്മ എന്ന നോട്ടീസ് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നവംബർ മാസം മുതൽ ലഭ്യമായിരിക്കും.

4. **സാഹിത്യ മത്സരങ്ങൾ 2019**
ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ തിരുബാലസംഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി. എന്നീ സംഘടനകളിലെ കുട്ടികൾക്കായി അതിരൂപതാ തലത്തിൽ സാഹിത്യമത്സരങ്ങൾ നവംബർ 17 ന് സെന്റ്. ക്ലയേഴ്സ് ഗേൾസ് ഹൈസ്ക്കൂളിൽ വച്ച് ഉച്ചക്ക് 1 30 മണി മുതൽ വൈകിട്ട് 4 മണി വരെ നടത്തുന്നതാണ്. മത്സരത്തിനു വരുമ്പോൾ **അതാതു സംഘടനയുടെ യുണിറ്റ് രജിസ്ട്രേഷൻ ഫോം, ബാഡ്ജ്, അംഗത്വസർട്ടിഫിക്കറ്റ് എന്നിവ നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.**

5. **സെയിന്റ്സ് ക്വിസ് ഫൊറോനതലം 2019**
തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ മതബോധന വിദ്യാർത്ഥികൾക്കക്കുവേണ്ടി ഫൊറോന തല സെയിന്റ്സ് ക്വിസ്സ് 2019 നവംബർ 24 ന് ഞായറാഴ്ച ഉച്ചതിരിഞ്ഞ് 3 മണി മുതൽ 4 മണി വരെ ഫൊറോന കേന്ദ്രത്തിൽ വച്ച് ചിൽഡ്രൻസ് മിനിസ്ട്രി പ്രൊമോട്ടറച്ചന്റെ നേതൃത്വത്തിൽ നടത്തേണ്ടതാണ്. ഇടവകതലത്തിൽ ഫസ്റ്റ് കിട്ടിയ മൂന്നുപേർ അടങ്ങുന്ന ഒരു ടീമാണ് ഫൊറോന തല മൽസരത്തിൽ പങ്കെടുക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടുക.

6. **പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** "മാതാവിന്റെ മടിയിൽ ശാന്തനായി കിടക്കുന്ന ശിശുവിനെയെന്നപോലെ ഞാൻ എന്നെത്തന്നെ ശാന്തനാക്കി; ശാന്തമായി ഉറങ്ങുന്ന ശിശുവിനെപ്പോലെയാണ് എന്റെ ആത്മാവ്". (സങ്കീ. 131. 2)

**സുകൃതജപം:** ഈശോയുടെ തിരുരക്തമേ എന്നെ കഴുകണമേ.

**പ്രാർത്ഥനാ നിയോഗം:** ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുക

**പരിചയപ്പെടുന്ന വിശുദ്ധ:** വി. മദർ മറിയം ത്രേസ്യ.

**പ്രവർത്തനം:** സിമിത്തേരി സന്ദർശിക്കുക

**സി. റെജി എസ്.എസ്.പി.സി**
കോഡിനേറ്റർ

**ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ**
ഡയറക്ടർ




1. **സന്യസ്ത അത്മായ സംഗമം**

സന്യസ്തർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് സന്യസ്ത അത്മായ സംഗമവും തുടർന്ന് തൃശൂർ കിഴക്കെകോട്ടയിലേയ്ക്ക് പ്രതിഷേധ റാലിയും സംഘടിപ്പിച്ചു. ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, സി. ആർ. ഐ. പ്രസിഡന്റ് സി. റോസ് അനിത, ഡോ. മേരി റെജീന എന്നിവർ മുഖ്യാതിഥികളായിരുന്നു.

2. **പ്രഥമ ഗ്ലോബൽ മീറ്റ്**

ദുബായിൽവെച്ച് നടന്ന കത്തോലിക്ക കോൺഗ്രസ്സ് പ്രഥമ ഗ്ലോബൽ മീറ്റിൽ തൃശൂർ അതിരൂപതയെ പ്രതിനിധികരിച്ച് അസി. ഡയറക്ടർ ഫാ. ജെയ്സൺ വടക്കേത്തല, സി.എൽ. ഇഗ്നേഷ്യസ്, കെ. സി. ഡേവീസ് എന്നിവർ പങ്കെടുത്തു. പുതിയ ഉണർവ്വിനും പ്രവർത്തങ്ങൾക്കും ഗ്ലോബൽ മീറ്റ് സഹായകമായി.

3. **വേദികൾ രൂപീകരിക്കുന്നു**

കത്തോലിക്ക കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ അതിരൂപത തലത്തിൽ വിവിധ മേഖലകളിലെ വേദികൾ/ഫോറങ്ങൾ രൂപീകരിക്കുന്നു. ന്യൂനപക്ഷാവകാശ വേദിക്ക് ശേഷം റിട്ടയർ ചെയ്തവരുടെ

കൂട്ടായ്മകൾ സംഘടിപ്പിക്കുന്നതിനും തുടർന്ന് മറ്റ് സാമൂഹ്യ സാംസ്ക്കരിക –രാഷ്ട്രീയ മേഖലകളിലെ വേദി രൂപീകരണങ്ങൾക്കും ഒരുങ്ങുന്നു.

**4. യൂണിറ്റ് രൂപീകരണം**

വിവിധ ഫൊറോനകളെ കേന്ദ്രീകരിച്ചുള്ള യൂണിറ്റ് രൂപീകരണം തുടരുന്നു. ഒല്ലൂർ ഫൊറോനയിലെ കോടന്നൂരിൽ പുതിയ യൂണിറ്റ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

**എൻ. പി. ജാക്സൺ**
ജനറൽ സെക്രട്ടറി

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ



# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

### സെൻട്രൽ കൗൺസിൽ വാർത്തകൾ

റവ. ഫാ. സെബാസ്റ്റ്യൻ അറയ്ക്കൽ, സേവനാലയം കോൺഫ്രൻസ് അംഗം ബ്ര. എം.ആർ. ലോനപ്പൻ എന്നിവരുടെ നിര്യാണത്തിൽ ആദരാഞ്ജലികൾ അർപ്പിച്ചു. പാലയൂർ എ.സി.യിലെ പേരകം ദൈവാലയത്തിൽ വനിത കോൺഫ്രൻസ് ആരംഭിക്കുന്നതിന് അനുമതി നൽകി. 03–11–2019 ഞായറാഴ്ച 2.00 p.m. ന് തൃശ്ശൂർ വ്യാകുല മാത ബസിലിക്കയിൽ വെച്ച് പരേതർക്കായി ദിവ്യബലിയും, ഒപ്പീസും നടത്തുന്നതാണ്. സിസ്റ്റർ റോസിലി റെന്റുവിന്റെ തിരുനാളും, വനിത ദിനാഘോഷവും 09–11–2019 ശനിയാഴ്ച കൊഴുക്കുള്ളി 'ജീവധാൻ' ഭവനിൽ വെച്ച് നടത്തുന്നതായിരിക്കും. 30–11–2019, 01–12–2019 എന്നീ തീയതികളിൽ വിൻസെൻഷ്യൻ അഭയകേന്ദ്രത്തിൽ വെച്ച് സി.സി. വനിതാ ക്യാമ്പ് നടത്തുന്നതാണ്.


സി.സി.യുടെ 71–ാം വാർഷികവും, വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുനാളും വെണ്ടോർ സെന്റ് മേരീസ് ദൈവാലയത്തിൽ വെച്ച് ആഘോഷിച്ചു. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി ഉദ്ഘാടനവും, അംഗത്വ ജൂബിലേറിയന്മാരെ ആദരിക്കുകയും ചെയ്തു. സി. സി. ആദ്ധ്യാത്മികോപദേഷ്ടാവ് റവ. ഫാ. റോയ് മൂക്കൻ

അദ്ധ്യക്ഷത വഹിച്ചു. കുണ്ടന്നൂർ മൗണ്ട് കാർമ്മൽ ചർച്ച് വികാരി ഫാ. ജോജു പനയ്ക്കൽ സെമിനാർ നയിച്ചു. ഫാ. ജോസ് തെക്കേക്കര അനുഗ്രഹപ്രഭാഷണവും, സമ്മാന വിതരണവും നിർവ്വഹിച്ചു. സി. ടോം തെരേസ് എഫ്.സി.സി., ശ്രീ. ജിനോ ജോസ്, ശ്രീ. എം.എൽ. ചാക്കുണ്ണി എന്നിവർ ആശംസകൾ നേർന്നു. അതിരൂപതാ പ്രസിഡണ്ട് ശ്രീ. കെ. എ. ഷിബു സ്വാഗതവും, സെക്രട്ടറി ശ്രീ. കെ.കെ. പോൾസൺ വാർഷിക റിപ്പോർട്ടും, വൈ. പ്രസിഡണ്ട് ശ്രീ. സി.എ. റപ്പായി നന്ദിയും പറഞ്ഞു.

**ഫാ. റോയ് മൂക്കൻ**
ആദ്ധ്യാത്മികോപദേഷ്ടാവ്

**കെ. എ. ഷിബു**
പ്രസിഡണ്ട്

**കെ. കെ. പോൾസൺ**
സെക്രട്ടറി




1. **സാഹിത്യോത്സവങ്ങളും കലോത്സവങ്ങളും സമാപിച്ചു**
   അതിരൂപതാ **KCSL** സാഹിത്യ കലോത്സവങ്ങൾ സമാപിച്ചു. ആയിരത്തിയഞ്ഞൂറിൽ പരം മത്സരാർത്ഥികൾ വിവിധയിനങ്ങളിൽ മത്സരിച്ചു. മത്സരങ്ങളിൽ പങ്കെടുത്തവർക്കും അവരെ ഒരുക്കി കൊണ്ടുവന്ന ആനിമേറ്റർമാർക്കും അഭിനന്ദനങ്ങൾ. മത്സരത്തിന്റെ ഫലങ്ങൾ ബ്ലോഗിൽ കൊടുത്തിട്ടുണ്ട്.
2. **ക്രിസ്തുരാജത്വ തിരുനാൾ നവംബർ 22 ന്**
   ക്രിസ്തുരാജത്വതിരുനാൾ **KCSL** യൂണിറ്റുകളുടെ നേതൃത്വത്തിൽ സ്കൂളുകളിൽ സംഘടിപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.
3. **ആനിമേറ്റേഴ്സ് ഡയറി – യൂണിറ്റ് റിപ്പോർട്ടുകൾ**
   പൂർത്തീകരിച്ച ആനിമേറ്റേഴ്സ് ഡയറികളും ബെസ്റ്റ് യൂണിറ്റുകളെ തിരഞ്ഞെടുക്കുന്നതിന് യൂണിറ്റ് പ്രവർത്തന റിപ്പോർട്ടുകളും ഡിസംബർ 6 ന് മുമ്പ് ഓർഗനൈസറെ ഏൽപ്പിക്കണം.
4. **മെമ്പർഷിപ്പ് ഫീ**
   മെമ്പർഷിപ്പ് ഫീ അടച്ചുതീർക്കാത്ത അപൂർവ്വം ചില യൂണിറ്റുകളുണ്ട്.

അവർ വേഗം തന്നെ ട്രഷററെ കണ്ട് തുക കൊടുത്തുതീർക്കണ മെന്ന് അഭ്യർത്ഥിക്കുന്നു.

5. **പൂർവ്വവിദ്യാർത്ഥി സംഗമം**

ഡിസംബർ മാസത്തിൽ ശതാബ്ദിയോടനുബന്ധിച്ചുള്ള പൂർവ്വവിദ്യാർത്ഥി സംഗമം നടത്തുന്നു. ഇതിനായി പൂർവ്വവിദ്യാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കി വരുന്നു. പ്രസ്തുത വ്യക്തികൾ ഓർഗനൈസറുമായി ബന്ധപ്പെടണമെന്ന് അഭ്യർത്ഥിക്കുന്നു. ധാരാളം അദ്ധ്യാപകർ **KCSL** ലിന്റെ പൂർവ്വ വിദ്യാർത്ഥികളായുണ്ട്. അതുകൊണ്ട് ആനിമേറ്റർമാർ പ്രത്യേകം ശ്രദ്ധിക്കണം.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ

## മദ്യ വിരുദ്ധ സമിതി KCBC

1. **മേഖല സമ്മേളനങ്ങൾ**

ഒക്ടോബർ രണ്ടിന് സംഘടിപ്പിക്കുന്ന 22-ാം വാർഷികാഘോഷത്തിന് മുന്നോടിയായി നാലു മേഖലാ സമ്മേളനങ്ങൾ നടത്തി. തെക്കൻ മേഖല സമ്മേളനം ഒല്ലൂർ ഫൊറോന പള്ളിയങ്കണത്തിൽ 15-09-2019 ഞായറാഴ്ച 2 മണിക്ക് തുടങ്ങി. ഡയരക്ടറച്ചനായിരുന്നു ഉദ്ഘാടകൻ. അന്നുതന്നെ 4 മണിക്ക് മദ്ധ്യമേഖല സമ്മേളനം ലൂർദ്ദ് കത്തീഡ്രൽ ഹാളിൽ അരങ്ങേറി. ഡയരക്ടറച്ചനാണ് ഉദ്ഘാടനം ചെയ്തത്. വടക്കൻ മേഖല സമ്മേളനം 22-09-2019ന് ചേലക്കര ഫൊറോന പള്ളിഹാളിൽ അരങ്ങേറി. ഫാ. തോമസ് വടക്കൂട്ട് ഉദ്ഘാടനം ചെയ്തു. 29-09-2019 ഞായറാഴ്ച പടിഞ്ഞാറൻ മേഖല സമ്മേളനത്തിന് ചെമ്മണ്ണൂർ പള്ളി വേദിയായി.

2. **22-ാം വാർഷികം കൊണ്ടാടി**

നമ്മുടെ വാർഷികാഘോഷം ഒക്ടോബർ 2 ന് രാവിലെ 9.45 ന് പതാക ഉയർത്തിക്കൊണ്ട് വാ. മാറ്റ് ടാൽബോത്ത് നഗറിൽ-തൃശ്ശൂർ പുത്തൻപള്ളി ബേസ്മെന്റ് ഹാളിൽ-സമാരംഭിച്ചു. ബഹു. എം.പി. ടി.എൻ. പ്രതാപൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് ശ്രീ. എം.കെ. ബാബു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കെ.സി.

ബി.സി. മദ്യവിരുദ്ധസമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഫാ. ജോൺ അരീക്കൻ അനുഗ്രഹപ്രഭാഷണം നടത്തി. മദ്യ നിരോധനസമിതി സംസ്ഥാന പ്രസിഡണ്ട് ബഹു. ഫാ. വർഗീസ് മുഴുത്തേറ്റ് ആയിരുന്നു മുഖ്യ പ്രഭാഷകൻ. മോൺ. ജോസ് വള്ളൂരാൻ, റവ. സി. റോസ്‌ലിൻ എഫ്.സി.സി., ശ്രീ. ജോസ് ചെമ്പിശ്ശേരി തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു.

**3. സംസ്ഥാന കമ്മറ്റി താമരശ്ശേരിയിൽ**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാന കമ്മറ്റിയിൽ 27-09-2019 വെള്ളിയാഴ്ച താമരശ്ശേരി ബിഷപ്പ്സ് ഹൗസിൽ അരങ്ങേറി. സംസ്ഥാന ചെയർമാൻ മാർ റെമെജിയുസ് ഇഞ്ചനാനിയലിന്റെ മഹനീയ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ തൃശ്ശൂർ അതിരൂപതയെ പ്രതിനിധീകരിച്ച് ഡയരക്ടറച്ചനും ശ്രീ ജോസ് ചെമ്പിശ്ശേരിയും സംബന്ധിച്ചു.

**4. സംസ്ഥാന സമ്മേളനം തൃശ്ശൂരിൽ**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ അടുത്ത സംസ്ഥാന സമ്മേളനം 2020 ഫെബ്രുവരി 7, 8 തിയ്യതികളിൽ തൃശ്ശൂരിൽ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം സാഭിമാനം അറിയിക്കട്ടെ. വാർഷിക പരിപാടിയുടെ വിശദാംശങ്ങൾ തയ്യാറായി വരുന്നു. വിവിധ കമ്മറ്റികൾക്ക് രൂപം നൽകി എത്രയും വേഗം പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. വിജയകരമായ നടത്തിപ്പിന് സംഘടനാംഗങ്ങളെല്ലാം പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യുക.

**5. 22-ാം വാർഷിക സ്മരണിക**


മദ്യവിരുദ്ധ സമിതിയുടെ 2019ലെ സ്മരണിക പ്രസിദ്ധീകരിക്കുന്നതിന് ശ്രീ ഹിറ്റ്ലസ് ചാക്കുണ്ണി എഡിറ്ററായി ഒരു കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. രചനകൾ (ലേഖനം, കവിത, കഥ) സമർപ്പിക്കാൻ താല്പര്യമുള്ള സംഘടനാംഗങ്ങൾ നവംബർ 10ന് മുമ്പ് ഓഫീസിൽ ഏൽപ്പിക്കുക.

**6. പുറനാട്ടുകരയിൽ പുതിയ യൂണിറ്റ്**

പുറനാട്ടുകര ഇടവക ദൈവാലയത്തിൽ മദ്യവിരുദ്ധ സമിതിയുടെ പുതിയ യൂണിറ്റ് നിലവിൽ വന്നു. 06-10-2019 ഞായറാഴ്ച ഡയരക്ടറച്ചൻ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകുകയുണ്ടായി. ബോധവൽക്കരണ ക്ലാസ്സെടുക്കാനും പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കാനും നേതൃത്വം വഹിച്ചത് സി.പി. ഡേവീസാണ്.

**ഹിറ്റ്ലസ് ചാക്കുണ്ണി**
പി.ആർ.ഒ

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ



# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശൂർ കമ്മീസിയത്തിന്റെ 698–ാമതും തൃശൂർ കൂരിയായുടെ 749–ാമതും സമ്മേളനം 2019 സെപ്റ്റംബർ 1 ഞായറാഴ്ച പാസ്റ്ററൽ സെന്ററിലുള്ള മാർ ജോസഫ് കുണ്ടുകുളം മെമ്മോറിയൽ ഹാളിൽ വെച്ച് പ്രസിഡന്റ് ബ്ര. കെ.പി. ജോയിയുടെ അദ്ധ്യക്ഷതയിലും ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ജോൺ മൂലൻ അച്ചന്റെ സാന്നി ദ്ധ്യത്തിലും കൂടുകയുണ്ടായി. വൈസ് പ്രസിഡന്റ് സി. എൽസി ജോണി പ്രാരംഭ പ്രാർത്ഥനയും ജപമാലയും നടത്തി.

**ഉദ്യോഗസ്ഥ സെമിനാർ**

കമ്മീസിയത്തിന് കീഴിലുള്ള എല്ലാ പ്രസീദിയങ്ങളിലേയും കൂരിയ കളിലേയും അടുത്ത മൂന്നു വർഷത്തേയ്ക്കുള്ള പുതിയ ഭാരവാഹികൾ ആഗസ്റ്റ് മാസം തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. പുതിയ ഭാരവാഹി കൾക്ക് ലീജിയൻ ഓഫ് മേരി സംഘടനയുടെ പ്രവർത്തനത്തെകുറിച്ച് പഠിക്കുന്നതിനും ഭാരവാഹികളുടെ ചുമതലയെക്കുറിച്ചും മറ്റും മനസ്സി ലാക്കുന്നതിനായി ഒരുക്കിയ അർദ്ധദിന ഉദ്യോഗസ്ഥ സെമിനാർ മാർ ജോസഫ് കുണ്ടുകുളം മെമ്മോറിയൽ ഹാളിൽ വെച്ച് ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ജോൺ മൂലൻ ഉദ്ഘാടനം ചെയ്തു. കമ്മീസിയം പ്രസിഡണ്ട് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ബ്ര. ജേക്കബ് പാല യൂർ – മുല്ലശ്ശേരി, പി.എ ജോഷി – കണ്ടശ്ശാങ്കടവ്, കെ.പി. ജോയ് – ഒല്ലൂർ, പി.സി. കുരിയപ്പൻ – പറവട്ടാനി എന്നിവർ ക്ലാസ്സ് നയിച്ചു.

200 ഓളം മരിയ സൈനീകർ പങ്കെടുത്ത സമ്മേളനത്തിൽ ലീജി യൻ ഓഫ് മേരി സംഘടനയുടെ 100–ാം വാർഷീകം 2021 ൽ ആഘോ ഷിക്കുന്നതിനെകുറിച്ച് സെക്രട്ടറി ഓർമ്മിപ്പിച്ചു. ഒക്ടോബർ മാസം കമ്മീ സിയം സമ്മേളനത്തിൽ വെച്ച് കമ്മീസിയം ഭാരവാഹികളെ തിരഞ്ഞെ ടുക്കേണ്ടതിന് നോമിനേഷൻ കമ്മറ്റിയെ നിയമിച്ചു. ട്രഷറർ ബ്ര. ജിമ്മി റാഫേൽ നന്ദി പറഞ്ഞു.

| **ഫാ. ജോൺ മൂലൻ** | **കെ.പി. ജോയ്** | **പി.സി. കുരിയപ്പൻ** |
|---|---|---|
| ആദ്ധ്യാത്മിക നിയന്താവ് | പ്രസിഡണ്ട് | സെക്രട്ടറി |



# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

1. **സബ്സോൺ (ഫൊറോന) തല നേതൃപുന:ക്രമീകരണം**

   കൊട്ടേക്കാട് – സെപ്റ്റംബർ 28 ശനിയാഴ്ച രാവിലെ 9.30 മുതൽ 12.30 വരെ വിയ്യൂർ ഇടവക ദൈവാലയത്തിൽ നേതൃത്വപുന:ക്രമീകരണം നടന്നു.

   പറപ്പൂർ – സെപ്തംബർ 28 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ എടക്കളത്തൂർ ഇടവകദൈവാലയത്തിൽ വച്ച് നേതൃത്വ പുന:ക്രമീകരണം നടന്നു.

   പാലയൂർ – സെപ്തംബർ 29 ഞായർ ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ പാലയൂർ തളിയക്കുളം കപ്പേളയിൽ വച്ച് നേതൃത്വ പുന:ക്രമീകരണം നടത്തി.

   ചേലക്കര – ഒക്ടോബർ 4 വെള്ളിയാഴ്ച 2 മുതൽ 5 വരെ ചേലക്കര ഫൊറോന ദൈവാലയത്തിൽ വച്ച് നേതൃത്വ പുന:ക്രമീകരണം നടന്നു.

   വടക്കാഞ്ചേരി – ഒക്ടോബർ 5 ശനിയാഴ്ച 9.30 മുതൽ 12.30 വരെ തിരുത്തിപറമ്പ് ഇടവകദൈവാലയത്തിൽ നടന്നു.

   എരുമപ്പെട്ടി – ഒക്ടോബർ 5 ശനിയാഴ്ച 2 മുതൽ 5 വരെ എരുമപ്പെട്ടി ഫൊറോന ദൈവാലയത്തിൽ വച്ച് നടന്നു.

   ഒല്ലൂർ – ഒക്ടോബർ 6 ഞായർ ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ മരത്താക്കര ഇടവകദൈവാലയത്തിൽ വച്ച് നടന്നു.

   ഫാ.സജീവ് ഇമ്മട്ടി, കോ–ഓർഡിനേറ്റർ സാബു എം.വർഗ്ഗീസ്, സോണൽ ടീം എന്നിവർ നേതൃത്വ പുന:ക്രമീകരണത്തിന് നേതൃത്വം നല്കി.

2. **വചനപ്രഘോഷകർക്കുവേണ്ടിയുള്ള പരിശീലനങ്ങൾ**

   2019 നവംബർ 17 ഞായർ വൈകീട്ട് 5.00 മുതൽ നവംബർ 20 ബുധൻ വൈകീട്ട് 4 വരെ

   2019 ഡിസംബർ 8 ഞായർ വൈകീട്ട് 5.00 മുതൽ ഡിസംബർ 11 വൈകീട്ട് 4 വരെ

3. **വചനപഠനപരിശീലനം (ആദ്യമായി പങ്കെടുക്കുന്നവർക്ക് വേണ്ടി)**
നവംബർ 20 ബുധൻ വൈകീട്ട് 5.00 മുതൽ നവംബർ 23 വൈകീട്ട് 4 വരെ

4. **സ്പിരിച്ച്വൽ ഷെയറിംഗ് നടത്തുന്നവർക്കുവേണ്ടി**
ഡിസംബർ 11 ബുധൻ വൈകീട്ട് 5.00 മുതൽ ഡിസംബർ 14 ശനിയാഴ്ച 4 വരെ.

5. **സബ്സോൺ/ മിനിസ്ട്രി സർവീസ് ടീം അംഗങ്ങൾക്കുവേണ്ടിയുള്ള പരിശീലനങ്ങൾ**
നവംബർ 8 വെള്ളി വൈകീട്ട് 5.00 മുതൽ നവംബർ 9 ശനി 4 മണി വരെ
(കൊട്ടേക്കാട്, പറപ്പൂർ, പാലയൂർ, ചേലക്കര, വടക്കാഞ്ചേരി, എരുമപ്പെട്ടി)
നവംബർ 15 വെള്ളി വൈകീട്ട് 5.00 മുതൽ നവംബർ 16 ശനി 4 മണിവരെ
(വേലൂർ, ബസിലിക്ക, പുതുക്കാട്, ലൂർദ്ദ്, പുത്തൂർ,കണ്ടശ്ശാംകടവ്, പഴുവിൽ)

6. **സോണൽ സർവ്വീസ് ടീം നേതൃത്വ പുനഃക്രമീകരണം**
ഡിസംബർ 7 രാവിലെ 9.30 മുതൽ വൈകീട്ട് 4 വരെ ആബാ റിന്യൂവൽ സെന്ററിൽ നടത്തുന്നു. കേരളത്തിലെ നവീകരണ മുന്നേറ്റത്തിന്റെ സർവീസ് ടീം നേതൃത്വം നൽകും.

**ഫാ. സജീവ് ഇമ്മട്ടി**
**ഡയറക്ടർ**




1. **പരസ്പര സഹായ സാമൂഹ്യ സുരക്ഷ പദ്ധതി:**
ഇൻഷുറൻസ് മേഖലയിൽ സി.എൽ.എ. യുടേയും തുടർന്ന് കെ. എൽ.എം ന്റെ നേതൃത്വത്തിലും, കാര്യക്ഷമമായി നടന്നുകൊണ്ടി

രുന്ന പ്രവർത്തനമാണ് മൈക്രോ മെഡിക്ളെയിം പദ്ധതികൾ. കെ. എൽ.എം. ന്റെ നേതൃത്വത്തിൽ തന്നെ പാവപ്പെട്ട തൊഴിലാളികൾക്ക് ഒരു സഹായ പദ്ധതിയായി ആരംഭിച്ചതാണ് കെ.എൽ.എം.പി.എസ്. എസ്.എസ്.പി. ഒരു കുടുംബത്തിന് ചികിത്സക്ക് പരമാവധി 30000 രൂപവരെ സഹായമായി നല്കുന്ന പദ്ധതിയിൽ ഒരു വർഷത്തേക്ക് അംഗത്വം എടുക്കാവുന്നതും 1100 രൂപ സംഭാവന നല്കാവുന്നതുമാണ്. ഇങ്ങനെ സമാഹരിച്ച സംഖ്യ കൊണ്ട് ഇക്കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ആകെ 81 ലക്ഷം രൂപ ചികിൽസ സഹായമായും 2 ലക്ഷം രൂപ വിദ്യാഭ്യാസ സ്കോളർഷിപ്പായും നല്കുകയുണ്ടായി. ഈ പദ്ധതിയുടെ നിബന്ധനകളെയും ആനുകൂല്യങ്ങളേയും സംബന്ധിച്ചുള്ള രേഖ ഇതിനോടൊപ്പം വെയ്ക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട രണ്ടു കാര്യങ്ങൾകൂടി അറിയിക്കുവാൻ താല്പര്യപ്പെടുന്നു.

a) ഈ പദ്ധതിയിൽ അംഗത്വം നല്കുവാൻ കെ.എൽ.എം. ഇടവക യൂണിറ്റുകളെയാണ് ഏല്പിച്ചിരിക്കുന്നത്. എന്നാൽ അത്തരം വളണ്ടിയർ പ്രവർത്തനങ്ങൾ ഏറ്റെടുക്കാത്ത യൂണിറ്റുകൾ ഉള്ള ഇടവകകളിലും യൂണിറ്റ് പ്രവർത്തനങ്ങൾ ഇതുവരെയും ആരംഭിക്കാത്ത ഇടവകകളിലും പി.എസ്.എസ്.എസ്.പി.യുടെ ഫസിലിറ്റേറ്റർമാരായി ചിലരെ നിയോഗിച്ചിട്ടുണ്ട്. അവർക്ക് ബാഡ്ജും നല്കിയിട്ടുണ്ട്. യൂണിറ്റുകൾക്ക് പുറമെ ബാഡ്ജ് ഉള്ള ആളുകളെയാണ് അതിരൂപത ഓഫിസിൽ നിന്നും ഔദ്യോഗികമായി ഈ പദ്ധതിയിൽ അംഗങ്ങളെ ചേർക്കുവാൻ അനുവാദം നല്കിയിരിക്കുന്നത്

b) ഈ പദ്ധതിയിൽ യൂണിറ്റുകളുടെ നേതൃത്വത്തിൽ കൂടുതൽ അംഗങ്ങളെ ചേർക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 50 പുതിയ അംഗങ്ങൾ ഉൾപ്പെടെ 125 പേരെ ഈ വർഷം മെയ് മുതൽ ഡിസംബർ 1 വരെ അംഗങ്ങൾ ആയി ചേർക്കുന്ന യൂണിറ്റുകൾക്ക് 5000 രൂപയും മെമന്റോയും, 75 പുതിയ അംഗങ്ങൾ ഉൾപ്പെടെ 200 പേരെ ഈ വർഷം മെയ് 1 മുതൽ ഡിസംബർ 1 വരെ ചേർക്കുന്ന യൂണിറ്റുകൾക്ക് 10000 രൂപയും മെമന്റോയും വാർഷിക സമ്മേളനത്തിൽ വച്ച് നല്കുന്നതാണ്.

**2. ഡയമണ്ട് ജൂബിലി പരിപാടികൾ:**

തൃശ്ശൂർ അതിരൂപതയിൽ 1959 നവംബറിൽ ആരംഭിച്ചതാണ് കാത്തലിക് ലേബർ അസോസിയേഷൻ. അതിന്റെ തുടർച്ചയാണ് കേരള ലേബർ മൂവ്മെന്റ്. സി.എൽ.എ.യുടെ സുവർണ ജൂബിലി വർഷത്തിലാണ് തൃശ്ശൂരിൽ ഈ പേരുമാറ്റം നടത്തുന്നത്. ഈ പ്രസ്ഥാനം തൃശ്ശുരിൽ രൂപമെടുത്തതിന്റെ 60 വർഷങ്ങൾ പൂർത്തിയാകുന്ന ഈ

അവസരത്തിൽ തൊഴിലാളികളായ അത്മായരുടെ സംഘടനയായ കെ.എൽ.എം. ന്റെ പ്രവർത്തനങ്ങളിലൂടെ വളരെയേറെ പേർക്ക് പ്രയോജനങ്ങൾ ലഭ്യമാക്കുവാൻ ഈ അവസരം ഉപയോഗപ്പെടുത്തണം എന്ന ലക്ഷ്യത്തോടെയാണ് പരിപാടികൾ ആസൂത്രണം ചെയ്യുന്നത്. എല്ലാ പരിപാടികളിലും ഏവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

a) കെ.എൽ.എം. അംഗങ്ങളായ തൊഴിലാളികൾക്കായി നടത്തുന്ന കലാകായിക മത്സരങ്ങൾ: അതിരൂപത തലത്തിലുള്ള മത്സരങ്ങൾ പ്രധാനമായി മേഖലകളിൽ (ഫൊറോന) നടത്തുന്ന മത്സരങ്ങളിൽ ഒന്നാം സ്ഥാനം ലഭിച്ചിരിക്കുന്ന യൂണിറ്റുകൾ തമ്മിലായിരിക്കും. മേഖലകളിൽ നവംബർ 17നോ അല്ലെങ്കിൽ അതിനുമുമ്പായോ മത്സരങ്ങൾ സംഘടിപ്പിച്ച് ഒന്നാം സ്ഥാനം ലഭിക്കുന്ന യൂണിറ്റുകളുടെ പേരുകൾ നവംബർ 20നോ അതിനുമുമ്പായോ അതിരൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്. അതിരൂപതതലത്തിൽ കായികമത്സരങ്ങൾ നവംബർ 24, ഞായറാഴ്ച അരണാട്ടുകര കാൽവരി കപ്പൂച്ചിൻ ആശ്രമത്തിൽ വച്ചും കലാസാഹിത്യ മത്സരങ്ങൾ ഡിസംബർ 1, ഞായറാഴ്ച തൃശൂർ പാസ്റ്ററൽ സെന്ററിൽ വച്ചും നടത്തുന്നതാണ്. മത്സര ഇനങ്ങളെയും നിബന്ധനകളേയും സംബന്ധിച്ച് വിശദാംശങ്ങൾ നല്കുന്നതായിരിക്കും.

b) സി.എൽ.എ./കെ.എൽ.എം. പൂർവ്വനേതാക്കളുടെ സംഗമം: 1959 ൽ കാത്തലിക് ലേബർ അസോസിയേഷനെ ഔദ്യോഗികമായി അംഗീകരിച്ചതു മുതൽ ഇന്നു വരെ സി.എൽ.എ/കെ.എൽ.എം. എന്ന സംഘടനയുടെ അതിരൂപത ഭാരവാഹികളും അതിരൂപതതലത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അംഗങ്ങളും ആയിരുന്നവരുടെ ഒരു സംഗമം 2019 ഡിസംബർ 14 ശനിയാഴ്ച രാവിലെ 10 മണിക്ക് തൃശൂർ ഡി.ബി.സി.എൽ.സി.യിൽ സംഘടിപ്പിക്കുന്നു. ഇപ്രകാരം അതിരൂപത നേതൃത്വത്തിൽ ഉണ്ടായിരുന്നവർ നിങ്ങളുടെ ഇടവകയിൽ ഉണ്ടെങ്കിൽ അവരുടെ അഡ്രസ്സ് ഓഫീസിൽ അറിയിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

c) സമാപന ആഘോഷങ്ങൾ: ഡിസംബർ 15 ന് ഉച്ചക്ക് 2 മണിക്കുള്ള ഘോഷയാത്രയോടെ ഡയമണ്ട് ജൂബിലി ആഘോഷങ്ങൾ ആരംഭിക്കുകയും പൊതുസമ്മേളനത്തോടെ സമാപിക്കുകയും ചെയ്യും. പരിപാടികൾ പൂത്തൂർ ഇടവക പള്ളിയിൽ ആണ് സംഘടിപ്പിക്കുന്നത്. ഡയമണ്ട് ജൂബിലിയോടനുബന്ധിച്ച് നടത്തിയ മത്സരങ്ങളുടെ വിജയികൾക്കും, മികച്ച പ്രവർത്തകൻ, പ്രവർത്തക, പുരുഷ യൂണിറ്റ്,

വനിത യൂണിറ്റ്, മേഖല എന്നിങ്ങനെയുള്ള അവാർഡുകൾക്കും പി.എസ്.എസ്.എസ്.പി. നല്കുന്ന അവാർഡുകൾക്കും സമ്മാനങ്ങൾക്കും അർഹരായവർക്കും അവ വിതരണം ചെയ്യുന്നത് ഈ വേദി യിലായിരിക്കും. മികച്ച പ്രവർത്തകൻ, പ്രവർത്തക, പുരുഷ യൂണിറ്റ്, വനിത യൂണിറ്റ്, മേഖല എന്നീ രീതിയിൽ തിര ഞ്ഞെടുക്കപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ ഓഫീസിൽ നിന്നും ലഭി ക്കുന്നതാണ്. വിശദമായ കാര്യങ്ങൾ പീന്നിട് അറിയിക്കുന്നതാണ്.

d) വാർഷിക ജനറൽ ബോഡി: കേരള ലേബർ മൂവ്മെന്റിന്റെ ഡയമണ്ട് ജൂബിലി ആഘോഷങ്ങൾ പുത്തൂർ പള്ളിയിൽ വച്ചു നടക്കുന്നതിനാൽ 2019 ലെ വാർഷിക ജനറൽ ബോഡിയും അവിടെതന്നെ സംഘടിപ്പിക്കുന്നു. യൂണിറ്റുകളിൽ നിന്നും ഡയറക്ടർ, പ്രസിഡന്റ്, ജനറൽ സെക്രട്ടറി, അതിരൂപത കൗൺസിലർമാർഎന്നിവരും, മേഖല (ഫൊറോന) ഭാരവാഹികളും ഡിസംബർ 15 ഞായറാഴ്ച രാവിലെ 10.30 ന് ആരംഭിക്കുന്ന വാർഷിക ജനറൽ ബോഡി യോഗത്തിൽ പങ്കെടുക്കേണ്ടതാണ്

3. **കെ.എൽ.എം. ഡയമണ്ട് ജൂബിലി മരണാനന്തര സഹായ പദ്ധതി**: കേരള സഭയിലെ ഔദ്യോഗിക തൊഴിലാളി സംഘടനയായി അംഗീകരിക്കപ്പെടുന്ന കേരള ലേബർ മൂവ്മെന്റ് തൃശ്ശൂർ അതിരൂപതയിൽ സ്ഥാപിച്ചതിന്റെ ഡയമണ്ട് ജൂബിലിയായി ആഘോഷിക്കുന്ന വർഷത്തിലെ ഒരു പദ്ധതിയായയാണ് കെ.എൽ.എം. ഡയമണ്ടണ്ട് ജൂബിലി മരണാനന്തര സഹായ പദ്ധതി ആരംഭിക്കുന്നത്. തൃശൂർ അതിരൂപതയിലെ ഒരു വ്യക്തി കെ.എൽ.എം അംഗമായിരിക്കുന്ന കാലത്ത് ഒരു കുടുംബം അയാളെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന സാഹചര്യത്തിൽ മരണപ്പെടുകയാണ് എങ്കിൽ അയാളുടെ കുടുംബത്തിന് മരണാന്തര സഹായമായി ഒരു ലക്ഷത്തിൽ കുറയാത്ത ഒരു സംഖ്യ ലഭ്യമാക്കുന്ന ഒരു സഹായ പദ്ധതിയായിട്ടാണ് ഇത് ആരംഭിക്കുന്നത്. കെ.എൽ.എം ന്റെ വിവിധ ഘടകങ്ങളിൽ ആലോചിച്ച് എല്ലാ അംഗങ്ങളുടേയും പങ്കാളിത്തത്തോടെ ഈ പദ്ധതി നടപ്പിലാക്കണം എന്നാണ് ഇവിടെ ഉദ്ദേശിക്കുന്നത്. അംഗങ്ങളായവർക്ക് കൂടുതൽ സൗകര്യപ്രദവും സ്വീകാര്യവുമായ രീതിയിൽ ആരംഭിക്കുന്ന ഈ പദ്ധതി കെ.എൽ.എം ന്റെ അതിരൂപത സമിതിയിൽ അഫിലിയേഷൻ എടുത്തിട്ടുള്ള ഇടവക യൂണിറ്റുകളുടെ പ്രവർത്തനത്തിന് പ്രചോദനം നല്കുമെന്നും പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് 28/07/2019 ഞായറാഴ്ച വടൂക്കര ലിറ്റിൽ ഫ്ളവർ പള്ളിഹാളിൽ വച്ച് സംഘടിപ്പിച്ച

കെ.എൽ.എം. അതിരൂപത ജനറൽ ബോഡി യോഗം ചർച്ച ചെയ്തു പാസാക്കിയ നിബന്ധനകൾ കൃത്യമായി പാലിക്കേണ്ടതാണ്.

**ഫാ. ജോർജ് നിരപ്പുകാലായിൽ**
ഡയറക്ടർ

**ജോസ് മാടാനി**
പ്രസിഡന്റ്

**ഫാ. നവീൻ മുരിങ്ങാത്തേരി**
അസി. ഡയറക്ടർ



# കാത്തലിക് നേഴ്സസ് ഗിൽഡ്

2019 ആഗസ്റ്റ് 11–ന് തൃശ്ശൂർ അതിരൂപത കാത്തലിക് നേഴ്സസ് ഗിൽഡിന്റെ 60 പേർ പങ്കെടുത്ത ജനറൽ ബോഡി മീറ്റിങ്ങ് ജൂബിലി മിഷൻ ആശുപത്രിയിൽ വെച്ച് തൃശ്ശൂർ അതിരൂപത ജനറാളും, CNGAT ചെയർമാനുമായ റവ. ഫാ. ജോസ് വല്ലൂരാന്റെ മുഖ്യ അദ്ധ്യക്ഷതയിൽ നടന്നു. സ്നേഹത്തോടെയുള്ള പെരുമാറ്റം – രോഗിശുശ്രൂഷാ മേഖലയിൽ ആവശ്യമായ ഒരു ഭാവമാകണം എന്നും ഇതിലൂടെ സൗഖ്യത്തിന്റെ അനുഭവം രോഗികൾക്ക് ലഭിക്കുന്നുവെന്ന് തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ അച്ചൻ ഊന്നി പറഞ്ഞു. പ്രസിഡണ്ട് സി. ദെപ്പാസിയുടെ സ്വാഗതപ്രസംഗത്തോടെ ആരംഭിച്ച മീറ്റിങ്ങിൽ, സെക്രട്ടറി സി. റൊസീന റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് യോഗത്തിന്റെ പ്രധാന അജണ്ടയായ ഇലക്ഷന്റെ നടപടിക്രമങ്ങളെക്കുറിച്ച് ഡയറക്ടർ ഫാ. ജിമ്മി എടക്കളത്തൂർ സംസാരിക്കുകയും ചെയ്തു. പുതിയ ട്രസ്റ്റ് അനുസരിച്ച് ഓരോ ആശുപത്രിയിൽ നിന്നും തിരഞ്ഞെടുത്ത പ്രതിനിധികൾ അടങ്ങിയ 15 അംഗങ്ങളുടെ തിരഞ്ഞെടുപ്പ് പൂർത്തിയാക്കിയ ശേഷം പ്രസിഡണ്ടായി റവ.സി. ലിസറ്റ് CMC, വൈസ് പ്രസിഡണ്ട് ഷൈനി ജോഷി, ട്രഷറർ റവ. സി. മെറിൻ CHF, സെക്രട്ടറി സി. റൊസിന ഡേവിഡ് FCC, ജോയിന്റ് സെക്രട്ടറി ഷെൻസി സാംസൻ എന്നിവരെ യോഗം തിരഞ്ഞെടുത്തു. സി. ജോതിഷ് CSC, സി. ലയ CSC, സി. ഗ്രേസ്മരിയ FCC, സി. ഡോണ CSC, സി. ജിഷ CSC, ജോളി പി. വി., സ്റ്റാഫ് ലിജി ഡേവിസ്, ഹെലൻമേരി

എന്നിവരാണ് മറ്റു പ്രതിനിധികൾ. തുടർന്ന് പുതുതായി തിരഞ്ഞെടുത്ത പ്രതിനിധികളെ സ്വാഗതം ചെയ്യുകയും, 6 വർഷത്തോളം CNGAT നയിച്ച പ്രസിഡണ്ട് സി. ദെപ്പാസി അടങ്ങുന്ന എക്സിക്യൂട്ടിവ് ഭാരവാഹികൾക്ക് നന്ദിപറയുകയും ചെയ്തുകൊണ്ട് സ്നേഹ വിരുന്നോടെ യോഗം സമാപിച്ചു.

**സി. റൊസീന ഡേവിഡ്**
സെക്രട്ടറി

**ഫാ. ജിമ്മി എടക്കളത്തൂർ**
ഡയറക്ടർ



## അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ്

**1. പുതിയ ഇടവക പി.ആർ.ഒ. തെരഞ്ഞെടുപ്പ്**

ഇടവക പ്രതിനിധിയോഗത്തിന്റെ കാലവധി തന്നെയാണ് ഇടവക പി.ആർ.ഒ.മാരുടെ കലാവധി. ഈ വർഷം പ്രതിനിധിയോഗം/പള്ളി കമ്മിറ്റി രൂപീകൃതമാകുന്ന ഇടവകകളിൽ പുതിയ പി.ആർ.ഒ.മാരെ തെരഞ്ഞെടുക്കേണ്ടതാണ്. പഴയ പി.ആർ.ഒ. വീണ്ടും തെരഞ്ഞെടുക്കാവുന്നതാണ്. പള്ളി പ്രതിനിധിയോഗത്തിൽ നിന്നും ഒരാളെ ഇടവക പി.ആർ.ഒ. ആയി തെരഞ്ഞെടുക്കുന്നതാണ് ഉചിതം. പ്രതിനിധിയോഗ അംഗങ്ങളുടെ ലിസ്റ്റ് അതിരൂപത കാര്യലയത്തിൽ സമർപ്പിക്കുമ്പോൾ പുതിയ ഇടവക പി.ആർ.ഒ.മാരുടെ പേരും വിവരങ്ങളും നല്കേണ്ടതാണ്.

**ജോർജ്ജ് ചിറമ്മൽ**
പ്രസിഡന്റ്

**ഫാ. നൈസൻ ഏലന്താനത്ത്**
ഡയറക്ടർ




AD LIMINA VISIT, ROME - OCT 2019

**നവംബർ 18ന് മെത്രാഭിഷേകത്തിന്റെ**
**രണ്ടാം വാർഷികം ആഘോഷിക്കുന്ന അഭിവന്ദ്യ**
**മാർ ടോണി നീലങ്കാവിൽ പിതാവിന്**
**തൃശ്ശൂർ അതിരൂപതയുടെ**
**പ്രാർത്ഥനാശംസകൾ**

Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.10.2019
**November- 2019**



AD LIMINA VISIT, ROME - OCT 2019

**നവംബർ 30ന് നാമഹേതുക തിരുന്നാൾ**
**ആഘോഷിക്കുന്ന അഭിവന്ദ്യ**
**മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്**
**തൃശ്ശൂർ അതിരൂപത മക്കളുടെ**
*പ്രാർത്ഥനാശംസകൾ*

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor